# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2023 മാർച്ച് 20-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച  സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത  പ്രകാരമുള്ള ബില്ലും

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സെലക്ട് കമ്മിറ്റിയുടെ ഘടന | : | v |
| സെലക്ട് കമ്മിറ്റി റിപ്പോർട്ട് | : | vii |
| വിയോജനക്കുറിപ്പ് | : | xciv |
| സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | : | 1 |

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

## ഘടന

ചെയർപേഴ്സൺ :

1. ശ്രീമതി വീണാ ജോർജ്ജ്,
   ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി.

അംഗങ്ങൾ :

2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. കെ. ബി. ഗണേഷ് കുമാർ
5. ഡോ. എൻ. ജയരാജ്
6. ശ്രീ. കെ. പി. എ. മജീദ്
7. ശ്രീ. മാത്യു ടി. തോമസ്
8. ശ്രീ. എ. സി. മൊയ്തീൻ
9. ശ്രീ. മോൻസ് ജോസഫ്
10. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
11. ഡോ. സുജിത് വിജയൻപിള്ള
12. ശ്രീ. പി. എസ്. സുപാൽ
13. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
14. ശ്രീ. ഇ. കെ. വിജയൻ
15. ശ്രീ. പി. സി. വിഷ്ണുനാഥ് .

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ദീപക് എസ്. വി. അണ്ടർ സെക്രട്ടറി .

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ

## (സെലക്ട് കമ്മിറ്റി റിപ്പോർട്ട്)

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ, കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 77-ാം നമ്പർ ബില്ലായി 2021 ഒക്ടോബർ 4-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. പ്രസ്തുത ബിൽ 2021 ഒക്ടോബർ 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സമിതിയുടെ പ്രഥമയോഗം 2021 ഡിസംബർ 15-ാം തീയതി ചേരുകയും പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യ രംഗത്തെ വിവിധ സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുവാനും അതിനായി യോഗങ്ങൾ ചേരാനും തീരുമാനിക്കുകയും ചെയ്തു. 2022 ജനുവരി 6, ജൂൺ 13, സെപ്റ്റംബർ 24, 30, നവംബർ 4 എന്നീ തീയതികളിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിലായി സെലക്ട് കമ്മിറ്റി ആറ് യോഗങ്ങൾ ചേർന്നു. തുടർന്ന് 2023 ജനുവരി 19-ാം തീയതിയിലെ യോഗത്തിൽ പൊതുജനാരോഗ്യരംഗത്തെ വിദഗ്ധരുമായി സമിതി ചർച്ച ചെയ്യുകയും ബില്ലിൽ ആവശ്യമായ ഭേദഗതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

3. ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സമിതി മുൻപാകെ ലഭിച്ചതും വിവിധ യോഗങ്ങളിൽ ഉയർന്നുവന്നതുമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 2023 ഫെബ്രുവരി 13-ാം തീയതിയിലെ സമിതിയോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും 2023 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ കരട് റിപ്പോർട്ട് വകുപ്പ് തിരിച്ച് പരിഗണിയ്ക്കുകയും ഭേദഗതികൾ വരുത്തുകയും ചെയ്തു.

4. 2023 മാർച്ച് 13-ാം തീയതി ചേർന്ന യോഗത്തിൽ 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>സമിതി നിർദ്ദേശിച്ച ഭേദഗതികൾ ചുവടെ ചേർക്കുന്നു:</u>

<u>ദീർഘ ശീർഷകം</u>

1. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾക്ക് പകരം കാലാനുസൃതമായ മാറ്റങ്ങളും ആവശ്യകതകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ"

പീഠിക

2. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക.

"പൊതുജനാരോഗ്യസംരക്ഷണത്തിന് ഏകാരോഗ്യം എന്ന സമീപനം സ്വീകരിക്കേണ്ടതിനാലും;

രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കപ്പുറം ആരോഗ്യം പ്രദാനം ചെയ്യുന്ന സാമൂഹിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും രോഗങ്ങൾക്ക് കാരണമാകുന്ന അവസ്ഥകളെ ദുർബ്ബലപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യേണ്ടതിനാലും;

കാലാവസ്ഥാവ്യതിയാനം, മനുഷ്യ-മൃഗ സമ്പർക്കം മുതലായവയുടെ ഭാഗമായി കടന്നുവരാവുന്ന പുതിയ വൈറസുകളെയും രോഗാണുക്കളെയും പകർച്ചവ്യാധികളെയും മഹാമാരികളെയും പ്രതിരോധിക്കേണ്ടത് ആവശ്യമാകയാലും വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളെ തടയേണ്ടതും നിയന്ത്രിക്കേണ്ടതും അനിവാര്യമാകയാലും;

സംസ്ഥാനത്തുടനീളം നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ ജനസാന്ദ്രത ഉയർന്നതായിരിക്കുന്നതിനാലും വയോജനങ്ങളും, ഭിന്നശേഷിക്കാരും ഉൾപ്പെടെയുള്ളവരുടെ ആരോഗ്യസംരക്ഷണത്തിന് കേരളം പ്രത്യേക പരിഗണന നൽകുന്നതിനാലും;

കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന, തിരുവിതാംകൂർ-കൊച്ചി മേഖലയിൽ ബാധകമായ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI), മലബാർ മേഖലയിൽ ബാധകമായ 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് (1939-ലെ III) എന്നിവയ്ക്ക് പകരം സംസ്ഥാനമാകെ ബാധകമാകുന്ന ഒരു നിയമം കൊണ്ടുവരുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —"

ഖണ്ഡം 1

3. ഖണ്ഡം 1(1)-ൽ "2021-ലെ" എന്നതിനുപകരം "2023-ലെ" എന്ന് ചേർക്കുക.

4. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 18-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും 65-ാം വകുപ്പും ഉടൻ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന വകുപ്പുകൾ 2023 ജനുവരി 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്. "

ഖണ്ഡം 2

5. ഖണ്ഡം 2-ന്റെ ആരംഭത്തിൽ "ഈ ആക്റ്റിൽ," എന്നതിന് മുൻപായി "(1)"എന്ന് ചേർക്കുക.

6. ഖണ്ഡം 2(1)(എ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(എ) "ബയോ മെഡിക്കൽ മാലിന്യം" എന്നാൽ വ്യക്തിയുടെയോ വ്യക്തികളുടെയോ രോഗനിർണ്ണയം, ശസ്ത്രക്രിയകൾ, മറ്റ് ചികിത്സകൾ, കുത്തിവയ്പ്പുകൾ എന്നിവയ്ക്കിടയിലോ ആരോഗ്യമേഖലയിലെ ഗവേഷണങ്ങൾക്കിടയിൽ ആശുപത്രികൾ, ആരോഗ്യ ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലോ ഉണ്ടാകുന്നതായ രോഗാണു സാന്നിധ്യവും അതിലൂടെ അണുബാധ സാധ്യതയുമുള്ള ഖര-ദ്രവ മാലിന്യങ്ങൾ എന്നർത്ഥമാകുന്നു; "

7. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി)-ൽ "ഔട്ട്ഹൗസ്," എന്നതിന് ശേഷം "അപ്പാർട്ട്മെന്റ്, " എന്ന് ചേർക്കുക.

8. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) "പകർച്ചവ്യാധി" എന്നാൽ അണുബാധമൂലം മനുഷ്യന് അല്ലെങ്കിൽ മൃഗങ്ങൾക്ക് ലക്ഷണങ്ങളോടുകൂടിയോ അല്ലാതെയോ ഉണ്ടാകുന്നതും മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്കോ മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേയ്ക്കോ മനുഷ്യരിലേയ്ക്കോ പകരുന്നതോ രോഗനിർണ്ണയ സംവിധാനങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതുമായ ഒരു രോഗം എന്നർത്ഥമാകുന്നു;

വിശദീകരണം : ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി "മൃഗങ്ങൾ" എന്നതിൽ പക്ഷികളും ഉൾപ്പെടുന്നതാണ്."

9. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"സാമൂഹിക ഒത്തുകൂടൽ" എന്നാൽ കുടുംബപരമോ വിദ്യാഭ്യാസപരമോ സാമൂഹികമോ രാഷ്ട്രീയമോ ആത്മീയമോ ഗോത്രപരമോ മതപരമോ ആയ കാര്യങ്ങൾക്കായോ, മത്സരങ്ങൾ, പ്രദർശനങ്ങൾ, വിനോദങ്ങൾ അല്ലെങ്കിൽ സമാനമായ കാര്യങ്ങൾക്കായോ സമ്മേളിക്കുന്ന ആളുകളുടെ കൂട്ടം എന്നർത്ഥമാകുന്നു;"

10. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ഡി)-യ്ക്ക് ശേഷം "(ഇ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇ) " ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ ജില്ലാ തലത്തിൽ ഈ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള, ജില്ലാ പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ, ഈ നിയമത്തിന്റെ നടത്തിപ്പിനുവേണ്ടി നിയോഗിക്കപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;"

11. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എഫ് )-ൽ "തരത്തിലുള്ള" എന്നതിനുശേഷമുള്ള "ഓവു" എന്നത് ഒഴിവാക്കുക.

12. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ഐ)-ൽ

"വർദ്ധനവ് അല്ലെങ്കിൽ ഒരു ജനതയുടെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള മറ്റ് അവസ്ഥ" എന്നതിന് പകരം " വർദ്ധനവിലൂടെ ഉണ്ടാകുന്ന പൊതുജനാരോഗ്യ പ്രാധാന്യമുള്ള അവസ്ഥ" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ജെ)-ൽ

13. " മനുഷ്യൻ അല്ലെങ്കിൽ മൃഗം ഹേതുവായി ഉൽപ്പാദിപ്പിക്കപ്പെടാത്ത," എന്നത് ഒഴിവാക്കുക.

14. " സഹായത്തോടെ" എന്നതിനു ശേഷം വരുന്ന " യാന്ത്രികമായി" എന്ന വാക്ക് ഒഴിവാക്കുക.

15. " പരിസരങ്ങളും " എന്നത് " പരിസരവും " എന്ന് മാറ്റുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(കെ)-ൽ

16. "ചാണകം," എന്നത് ഒഴിവാക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എൽ) താഴെപ്പറയും പ്രകാരം മാറ്റുക:

17. "(എൽ) "ഭക്ഷണം" അല്ലെങ്കിൽ "ഭക്ഷണപദാർത്ഥം" എന്നതിൽ വ്യക്തികൾ കഴിക്കുന്നതിനോ കുടിക്കുന്നതിനോ (ആഹാരമായോ പാനീയമായോ) ചവയ്ക്കുന്നതിനോ ഉപയോഗിക്കുന്ന, പാചകം ചെയ്തതോ, ഭാഗികമായി പാചകം ചെയ്തതോ പാചകം ചെയ്യാത്തതോ സംസ്കരിച്ചതോ ഭാഗികമായി സംസ്കരിച്ചതോ സംസ്കരിക്കാത്തതോ ആയ ധാന്യങ്ങളും പഴങ്ങളും, പച്ചക്കറികളും, പൂക്കളും, ഇലകളും, പാലും, മത്സ്യവും മാംസവും ഉൾപ്പെടെയുള്ള എല്ലാ പദാർത്ഥങ്ങളും, ഇവയുടെ ഉൽപ്പന്നങ്ങളും, പായ്ക്ക് ചെയ്ത കുടിവെള്ളമുൾപ്പെടെയുള്ള പാനീയങ്ങളും കൂടാതെ നിറത്തിനായോ സ്വാദ് കൂട്ടുന്നതിനായോ അത്തരം പദാർത്ഥങ്ങളിലും പാനീയങ്ങളിലും ചേർക്കുന്ന എല്ലാ ചേരുവകളും ഉൾപ്പെടുന്നതുമാകുന്നു;"

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എം)-ൽ

18. "നിർമ്മാണം" എന്നതിന് മുൻപായി "ഭക്ഷണ പദാർത്ഥങ്ങളുടെ" എന്ന് ചേർക്കുക.

19. "വിതരണം" എന്നതിന് മുൻപായി "ഭക്ഷ്യ" എന്ന് ചേർക്കുക.

20. "പാക്കേജിംഗ്" എന്നതിന് പകരം "പാക്കിംഗ്" എന്ന് ചേർക്കുക.

21. "സ്റ്റോറിംഗ്" എന്നതിന് പകരം "സംഭരണം" എന്ന് ചേർക്കുക.

22. “പ്രവർത്തനങ്ങൾ” എന്നതിനു പകരം “പ്രവർത്തനം” എന്ന് ചേർക്കുക.

23. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ഒ) താഴെപ്പറയും പ്രകാരം മാറ്റുക:

“(ഒ) "ആരോഗ്യ സംരക്ഷണ സ്ഥാപനം" എന്നാൽ പൊതു ഉടമസ്ഥതയിലുള്ളതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയതും രോഗപരിശോധന, ചികിത്സ, നഴ്സിംഗ് , സാന്ത്വനം അടക്കമുള്ള പരിചരണങ്ങൾ, മറ്റ് ചികിത്സാ പരിചരണ പ്രക്രിയകൾ എന്നിവ വഴി ആരോഗ്യദായക, രോഗപ്രതിരോധ, രോഗചികിത്സ, രോഗനിർണയ, നഴ്സിംഗ് , പുനരധിവാസ, സാന്ത്വന, ആരോഗ്യപുനഃസ്ഥാപന, ഗവേഷണ പ്രവർത്തനങ്ങളടക്കമുള്ള വിവിധ ആരോഗ്യസേവന പ്രവർത്തനങ്ങളോ, പ്രജനന ആരോഗ്യ സേവനങ്ങളോ, അടിയന്തര ചികിത്സാ സേവനങ്ങളോ, ഇവയുടെ വിവിധ സംയുക്തങ്ങളോ പൊതുജനങ്ങൾക്ക് നൽകുന്നതുമായ സ്ഥാപനങ്ങൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, പ്രസവാശുപത്രികൾ, മറ്റ് ചികിത്സാ കേന്ദ്രങ്ങൾ എന്നിവ മുഴുവനായോ, അവയുടെ ഒരു ഭാഗമോ എന്നർത്ഥമാകുന്നു;”

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(പി)-ൽ

24. "ജീവനം" എന്നതിന് പകരം "സേവനം" എന്ന് ചേർക്കുക.

25. "വ്യക്തി" എന്നതിന് പകരം "വ്യക്തികൾ" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ആർ)-ൽ

26. "ആരോഗ്യ അപകടം" എന്നത് "ആരോഗ്യ ഭീഷണി" എന്നാക്കുക.

27. "അസുഖത്തിന്" എന്നത് "രോഗത്തിന്" എന്നാക്കുക.

28. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എസ്) താഴെപ്പറയും പ്രകാരം മാറ്റുക:

“(എസ്) "ഹെൽത്ത് ഇൻസ്പെക്ടർ" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനത്തിന്റെ അല്ലെങ്കിൽ സർക്കാർ മെഡിക്കൽ കോളേജിന്റെ ഹെൽത്ത് ഇൻസ്പെക്ടർ എന്നോ ഏതെങ്കിലുമൊരു പ്രദേശത്തേയ്ക്ക് സ്ഥിരമായോ താൽക്കാലികമായോ നിയമിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഓഫീസർ എന്നോ അർത്ഥമാകുന്നു;"

29. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(റ്റി) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

30. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(റ്റി) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(റ്റി) "ശുചിത്വ സൗകര്യങ്ങൾ" എന്നാൽ ഒരു മുറിയിലോ മുറികളിലോ കെട്ടിടത്തിലോ, വിവിധ ലിംഗക്കാർക്ക് പ്രത്യേകമായി സ്വകാര്യതയോടെയും, വൃത്തിയായും, അണുവിമുക്തമായും രോഗപകർച്ചയ്ക്ക് സാധ്യതയില്ലാത്ത രീതിയിലും തയ്യാറാക്കിയതും ആവശ്യമായ എണ്ണത്തിലുള്ളതുമായ മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ എന്നർത്ഥമാകുന്നു;"

31. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(വി) താഴെപ്പറയും പ്രകാരം മാറ്റുക:

"(വി) "ഐസൊലേഷൻ" എന്നാൽ വ്യക്തികളിലേയ്ക്കും സമൂഹത്തിലേയ്ക്കും രോഗം പകരുന്നത് തടയുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പകർച്ചവ്യാധിയുള്ളതോ പകർച്ചവ്യാധി ഉള്ളതായി സംശയിക്കപ്പെടുന്നതോ ആയ വ്യക്തിയെയോ വ്യക്തികളെയോ നിശ്ചിത കാലയളവിലേയ്ക്ക് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ നിന്ന് വിലക്കുക എന്നർത്ഥമാകുന്നു;"

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ഡബ്ല്യു)-ൽ

32. "ശൗചാലയം" എന്നതിന് പകരം "ശുചിമുറി" എന്ന് ചേർക്കുക.

33. "ഏതെങ്കിലും തരത്തിലുള്ള" എന്നത് ഒഴിവാക്കുക.

34. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എക്സ്)-ൽ

"പൊതുജനാരോഗ്യ അധികാരി" എന്നത് "പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് മാറ്റുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(വൈ)-ൽ

35. "ലോക്കൽ അതോറിറ്റി അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

36."ആക്റ്റ്" എന്നത് "ആക്റ്റിലെ" എന്നാക്കുക.

37."രൂപീകരിച്ച" എന്നതിനുശേഷം വരുന്ന "പഞ്ചായത്ത്" എന്നത് "പഞ്ചായത്തോ" എന്ന് മാറ്റുക.

38. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(വൈ)-ന് ശേഷം (ഇസഡ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ഇസഡ്) "പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ പ്രാദേശിക തലത്തിൽ ഈ നിയമപ്രകാരം നിയമിച്ചിട്ടുള്ള, പ്രാദേശിക പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ ഈ നിയമത്തിന്റെ നടത്തിപ്പിന് ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;"

39. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ എ) "ലോഡ്ജിംഗ് ഹൗസ്" എന്നാൽ പ്രതിഫലം വാങ്ങി, ഭക്ഷണത്തോടെയോ അല്ലാതെയോ, വ്യക്തികൾക്ക് താമസസൗകര്യം ഒരുക്കുന്നതായ ഹോട്ടൽ, ബോർഡിംഗ് ഹൗസ്, സത്രം, ധർമ്മശാല, റിസോർട്ട്, ഹോം സ്റ്റേ, സർവ്വീസ് അപ്പാർട്ട്മെന്റ്, വിശ്രമ മന്ദിരം മുതലായ സ്ഥലങ്ങൾ എന്ന് അർത്ഥമാകുന്നു;

40. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ ബി) " മാർക്കറ്റ്" എന്നാൽ ധാന്യങ്ങളോ പഴങ്ങളോ പച്ചക്കറികളോ മാംസമോ മത്സ്യമോ വേഗത്തിൽ ചീത്തയാകുന്ന മറ്റ് ഭക്ഷ്യവസ്തുക്കളോ വിൽക്കുന്നതിനോ വാങ്ങുന്നതിനോ അഥവാ കന്നുകാലികളെയോ കോഴികളെയോ അല്ലെങ്കിൽ കാർഷികമോ വ്യാവസായികമോ ആയ ഏതെങ്കിലും ഉൽപ്പന്നമോ ഏതെങ്കിലും അസംസ്കൃത ഉൽപ്പന്നമോ നിർമ്മിതോൽപ്പന്നമോ അല്ലെങ്കിൽ ജീവിതസൗകര്യത്തിന് ആവശ്യമായ ഏതെങ്കിലും വസ്തുക്കളോ ചരക്കോ വിൽക്കുന്നതിനോ വാങ്ങുന്നതിനോ വേണ്ടി വ്യക്തികൾ ഒത്തുകൂടുന്നതിനായി മാറ്റിവച്ചിട്ടുള്ളതോ അഥവാ സാധാരണയായോ നിയത കാലികമായോ അതിലേയ്ക്ക് ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നു. എന്നാൽ ഒരൊറ്റ കടയോ ആറെണ്ണത്തിൽ കവിയാത്ത ഒരു കൂട്ടം കടകളോ ഒരു മാർക്കറ്റായി കരുതപ്പെടുവാൻ പാടില്ലാത്തതാകുന്നു;"

41. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ സി) "വൈദ്യചികിത്സ" എന്നാൽ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ്, 2021 പ്രകാരം അംഗീകൃതമായ ഏതെങ്കിലും ചികിത്സാ രീതി ഉപയോഗിച്ച് ചിട്ടയായ രോഗനിർണ്ണയം നടത്തി രോഗശമനത്തിനോ ഒരു രോഗിയുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനോ വേണ്ടിയുള്ള ചികിത്സ എന്ന് അർത്ഥമാകുന്നു;"

42. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1) (എ ഡി) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

43. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ ഡി) " അതിഥി തൊഴിലാളി" എന്നാൽ സംസ്ഥാനത്തിന് പുറത്തുനിന്ന് ഉപജീവന ആവശ്യത്തിനായി വിവിധതരം ജോലികൾ ചെയ്യുന്നതിന് സംസ്ഥാനത്തിൽ വന്ന് താമസിച്ച് വരുന്നവർ എന്ന് അർത്ഥമാകുന്നു;"

44. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ഇ)-ൽ "33"എന്നതിന് പകരം "28" എന്ന് ചേർക്കുക.

45. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ജി) താഴെപ്പറയും പ്രകാരം മാറ്റുക.

"ശല്യം" എന്നാൽ കാഴ്ച, മണം, കേൾവി എന്നിവയ്ക്ക് തടസമോ പരിക്കോ അപായമോ ഉപദ്രവമോ ഉണ്ടാക്കുന്നതോ വിശ്രമത്തിനോ ഉറക്കത്തിനോ തടസം സൃഷ്ടിക്കുന്നതോ ജീവന് ആപത്തുണ്ടാക്കുന്നതോ ആരോഗ്യത്തിന് ഹാനികരമാകുന്നതോ അല്ലെങ്കിൽ കാരണമാകാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും പ്രവൃത്തി, വിട്ടുനിൽക്കൽ, സ്ഥലം അല്ലെങ്കിൽ വസ്തു എന്നർത്ഥമാകുന്നു;

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എച്ച്)-ൽ

46. "കൈവശക്കാരൻ" എന്നതിന് പകരം "കൈവശക്കാരി" എന്ന് ചേർക്കുക.

47. "ബാധ്യസ്ഥനോ ആയ ഏതൊരാളും" എന്നതിന് പകരം "ബാധ്യസ്ഥയോ ആയ ഏതൊരു വ്യക്തിയും" എന്ന് ചേർക്കുക.

48. 2(1)(എച്ച്)(ഇ)-ൽ "ഏതൊരാളും" എന്നതിന് പകരം "ഏതൊരു വ്യക്തിയും" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ജെ)-ൽ

49 . "ഉടമസ്ഥൻ" എന്നതിനു പകരം "ഉടമസ്ഥ" എന്ന് ചേർക്കുക.

50. "വസ്തുവുമായി" എന്നതിനു ശേഷം "അല്ലെങ്കിൽ കെട്ടിടവുമായി" എന്ന് ചേർക്കുക.

51. "തൽക്കാലത്തേയ്ക്ക്," എന്നത് ഒഴിവാക്കുക.

52. "മറ്റൊരാളുടെ" എന്നതിനുപകരം "മറ്റൊരു വ്യക്തിയുടെ" എന്ന് ചേർക്കുക.

53. "എസ്റ്റേറ്റിന്റെ" എന്നതിന് മുൻപ് "മറ്റൊരു" എന്ന് ചേർക്കുക.

54. "രക്ഷകർത്താവ്" എന്നതിനുപകരം "രക്ഷാകർത്താവ്" എന്ന് ചേർക്കുക.

55. "ആൾ" എന്നതിനുപകരം "വ്യക്തി" എന്ന് ചേർക്കുക.

56. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എൽ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ എൽ) "സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ" എന്നാൽ ഏതെങ്കിലും സ്വകാര്യ വ്യക്തി, ട്രസ്റ്റ്, കോർപ്പറേഷൻ അല്ലെങ്കിൽ സർക്കാരിതര സംഘടനയുടെ ഉടമസ്ഥതയിലുള്ളതും അവിടെ പൊതുജനങ്ങൾക്ക് കിടത്തി ചികിത്സാ സൗകര്യങ്ങളോടുകൂടിയോ അല്ലാതെയോ പരിശോധന, രോഗനിർണ്ണയം, പ്രതിരോധ നടപടികൾ, ഭേദപ്പെടുത്താനുള്ള വൈദ്യചികിത്സാ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇവയിൽ കിടത്തി ചികിത്സയുള്ളതോ ഇല്ലാത്തതോ ആയ മെഡിക്കൽ ക്ലിനിക്കുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, പ്രസവ ശുശ്രൂഷാ കേന്ദ്രങ്ങൾ, ആശുപത്രികൾ, വയോജന മന്ദിരം, പകൽ പരിപാലന കേന്ദ്രം, കായ ചികിത്സാ സ്ഥാപനം, ഇൻവിട്രോ ഫെർട്ടിലിറ്റി ക്ലിനിക്ക്, ജനിതക ലബോറട്ടറികൾ, കൗൺസിലിംഗ് കേന്ദ്രങ്ങൾ, മെഡിക്കൽ ലബോറട്ടറി, ഡയഗ്നോസ്റ്റിക് സെന്റർ, റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് സെന്ററുകൾ, സ്കാനിംഗ് സെന്റർ, ഫിസിയോ തെറാപ്പി സെന്റർ, ഡിസ്പെൻസറികൾ, മാനസികാരോഗ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

<u>വിശദീകരണം</u>:—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംഘങ്ങളുടെയോ സഹകരണ സംഘങ്ങളുടെയോ ഉടമസ്ഥതയിലുള്ളതോ അല്ലെങ്കിൽ അവർ നടത്തുന്നതോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളായി കരുതപ്പെടുന്നതാണ്."

57. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എം) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ എം) "പൊതു കെട്ടിടം" എന്നതിൽ പൊതുവിദ്യാലയങ്ങൾ, കോളേജുകൾ, ആശുപത്രികൾ, തൊഴിൽ സ്ഥലം, ആരാധനാലയങ്ങൾ, പബ്ലിക് തിയേറ്ററുകൾ, സിനിമാ ഹാളുകൾ, ലൈബ്രറികൾ, ലക്ചർ ഹാളുകൾ, കൺസേർട്ട് ഹാളുകൾ, എക്സിബിഷൻ ഹാളുകൾ, സമ്മേളന സ്ഥലങ്ങൾ, ഹോട്ടലുകൾ, ഭക്ഷണശാലകൾ, ലോഡ്ജിംഗ് ഹൗസുകൾ, അഭയകേന്ദ്രങ്ങൾ തുടങ്ങി പൊതുജനങ്ങൾ പൊതു ആവശ്യങ്ങൾക്കായി അപ്രകാരം ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻവേണ്ടി നിർമ്മിച്ചിട്ടുള്ളതോ ആയ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നതും അതിൽ താമസിക്കുന്നതിനുള്ള പാർപ്പിടം ഉൾപ്പെടാത്തതുമാകുന്നു;"

58. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എൻ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എഎൻ) "പൊതുജനാരോഗ്യം" എന്നാൽ സമൂഹത്തിന്റെ പൊതുവായുള്ള ആരോഗ്യാവസ്ഥ എന്നർത്ഥമാകുന്നു. ഇതിൽ ആരോഗ്യത്തിന്റെ സാമൂഹ്യ ഉറവിടങ്ങളിൽ ഊന്നിയുള്ള ആരോഗ്യ ഉദ്ദീപന പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, കാലേകൂട്ടിയുള്ള രോഗ നിർണ്ണയം, ചികിത്സ, പുനരധിവാസം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആരോഗ്യകരമായ സഹവർത്തിത്വം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;"

59. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1) (എ ഒ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(എ ഒ) "പൊതുജനാരോഗ്യ സമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം നിലവിൽ വരുന്ന, അതത് സംഗതി പോലെ, സംസ്ഥാന പൊതുജനാരോഗ്യ സമിതി, ജില്ലാ പൊതുജനാരോഗ്യ സമിതി, പ്രാദേശിക പൊതുജനാരോഗ്യ സമിതി എന്നർത്ഥമാകുന്നു;"

60. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ പി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ പി) "പൊതുജനാരോഗ്യ അടിയന്തരാവസ്ഥ" എന്നാൽ പെട്ടെന്ന് ഒരു രോഗ ഭീഷണിയോ ആരോഗ്യ അവസ്ഥയോമൂലം പൊതുജനാരോഗ്യ സംബന്ധമായി ഗുരുതരമായി കണക്കാക്കപ്പെടുന്ന രോഗമോ മരണമോ ഉണ്ടാവുകയോ, ഭ്രൂണ വളർച്ചയെ ഉൾപ്പെടെ ബാധിക്കുന്ന തരത്തിൽ വളരെയധികം പേരിൽ ഗുരുതരമായ ആരോഗ്യാവസ്ഥ ഉണ്ടാവുകയോ, ഗുരുതരമായ അപായങ്ങൾക്ക് ഇടയാകുന്ന ജൈവ വിഷത്തിന്റെയോ, മറ്റു വിഷവസ്തുക്കളുടെയോ രോഗാണുക്കളുടെയോ വിപുലമായ വ്യാപനമുണ്ടാവുകയോ, പുതിയതോ നേരത്തേയുണ്ടായിരുന്നതോ നിയന്ത്രിച്ചിരുന്നതോ, നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്നതോ ആയ രോഗാണു അല്ലെങ്കിൽ ജൈവവിഷം മൂലം ധാരാളം പേരിൽ ഗണ്യമായ ഹാനി ഉണ്ടാവുകയോ, വൻ അപകടങ്ങൾ ഉൾപ്പെടെയുള്ള ഏതു ദുരന്തവുമുണ്ടാവുകയോ ചെയ്യുന്ന ഏതൊരു അവസ്ഥയും എന്നർത്ഥമാകുന്നു;"

61. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ആർ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ ആർ) "ക്വാറന്റൈൻ" എന്നാൽ വ്യക്തികളിലേക്കും സമൂഹത്തിലേക്കും രോഗപ്പകർച്ച തടയുന്നതിനായി രോഗബാധ സംശയിക്കുന്നതോ രോഗബാധിതരുമായി സമ്പർക്കമുള്ളതോ രോഗബാധയുള്ള പ്രദേശത്തുനിന്നു വന്നതോ ആയ വ്യക്തിയെയോ വ്യക്തികളെയോ ഒരു നിശ്ചിത കാലയളവിലേക്ക് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ നിന്നും മാറ്റി നിർത്തുക എന്നർത്ഥമാകുന്നു;"

62. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ എസ്) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ എസ്) "രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്റ്റീഷണർ" അല്ലെങ്കിൽ " മെഡിക്കൽ പ്രാക്റ്റീഷണർ" എന്നാൽ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന് (2021-ലെ 36-ാം ആക്റ്റ്) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;"

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ യു)-ൽ

63. "എല്ലാത്തരം" എന്നത് ഒഴിവാക്കുക.

64. "പുറന്തള്ളുന്ന" എന്നതിനുശേഷം "എല്ലാത്തരം" എന്ന് ചേർക്കുക.

65. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ വി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ വി) "ഷോപ്പിംഗ് മാൾ" എന്നാൽ ഒന്നോ, പരസ്പരബന്ധിതമായ ഒന്നിലധികമോ കെട്ടിടങ്ങളിലായി സ്ഥിതിചെയ്യുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളുടെ ഒരു സമുച്ചയം എന്ന് അർത്ഥമാകുന്നു."

66. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ഡബ്ല്യു) -ക്ക് ശേഷം (എ എക്സ്),(എ വൈ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(എ എക്സ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എ വൈ) "സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ സംസ്ഥാന തലത്തിൽ ഈ നിയമപ്രകാരം നിയമിച്ചിട്ടുള്ള, സംസ്ഥാന പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ ഈ നിയമത്തിന്റെ നടത്തിപ്പിന് ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;"

67. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(എ ഇസഡ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(എ ഇസഡ്) "വാക്സിനേഷൻ" എന്നാൽ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനത്തെ ഉത്തേജിപ്പിക്കുകയും അതുവഴി രോഗം വരാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നതിലേയ്ക്കായി നിർവീര്യമാക്കിയതോ ശക്തി ക്ഷയിപ്പിച്ചതോ ആയ സൂക്ഷ്മ ജീവികളെയോ അവയുടെ കോശഭാഗങ്ങളെയോ അവയുടെ ജനിതക പദാർത്ഥങ്ങളെയോ അണുജീവിയുടെ ഘടനയുമായി സാമ്യമുള്ള മറ്റേതെങ്കിലും ജൈവമോ അജൈവമോ ആയ സൂക്ഷ്മ പദാർത്ഥങ്ങളെയോ മനുഷ്യരുടെ ശരീരത്തിലേയ്ക്ക് കുത്തിവയ്പ്പിലൂടെയോ അല്ലാതെയോ കടത്തിവിടുന്ന പ്രക്രിയ എന്നർത്ഥമാകുന്നു;

68. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി എ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ബി എ) "വെക്ടർ" എന്നാൽ രോഗാണുക്കളെ ശരീരത്തിൽ വഹിക്കുകയും, കടിക്കുക, സമ്പർക്കപ്പെടുക, ഭക്ഷണ പാനീയങ്ങളെ മലീമസമാക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മനുഷ്യനോ മൃഗങ്ങൾക്കോ രോഗങ്ങൾക്ക് ഹേതുവാകുകയും ചെയ്യുന്ന പ്രാണികളും മറ്റ് ഷഡ്പദങ്ങളും എന്നർത്ഥമാകുന്നു;"

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി ബി)-ൽ

69. "പ്രകൃത്യായുള്ളതോ" എന്നതിനു പകരം "പ്രകൃത്യാലുള്ളതോ" എന്ന് ചേർക്കുക.

70. "വാട്ടർ പാർക്ക്" എന്നതിനു ശേഷം "എന്നിവ" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി സി)-ൽ

71. "വാട്ടർ പാർക്ക്" എന്നത് "വാട്ടർ തീം പാർക്ക് "എന്നാക്കുക

72. " (വാട്ടർ പ്ലേഗ്രൗണ്ട്) " എന്നതിലെ ബ്രാക്കറ്റ് ഒഴിവാക്കുക.

73."വിനോദ കളികൾ" എന്നതിനു പകരം "വിനോദങ്ങൾ" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി ഡി)-ൽ

74. "അഞ്ചിൽ കുറയാത്ത ആളുകൾ" എന്നതിനു പകരം "വ്യക്തിയോ വ്യക്തികളോ" എന്ന് ചേർക്കുക.

75. "വ്യാപാര," എന്നതിനു ശേഷം "സേവന" എന്ന് ചേർക്കുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 2(1)(ബി ഇ)-ൽ

76. "വേണ്ടിയും," എന്നതിനു പകരം "വേണ്ടിയോ" എന്ന് ചേർക്കുക.

77. "അഞ്ചിൽ കുറയാത്ത ആളുകൾ ചെയ്യുന്ന" എന്നതിനു പകരം "വ്യക്തിയോ വ്യക്തികളോ" എന്ന് ചേർക്കുക.

78. ഖണ്ഡം 2(1)-ന് ശേഷം 2(2) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(2) ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടുന്നയിടങ്ങളിലൊഴികെ സ്ത്രീലിംഗത്തിൽ പ്രയോഗിച്ചിരിക്കുന്നവയിൽ എല്ലാ ലിംഗക്കാരും ഉൾപ്പെടുന്നതാകുന്നു."

അദ്ധ്യായം 2

79. അദ്ധ്യായം 2-ലെ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"പൊതുജനാരോഗ്യ സമിതികൾ, പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ : ചുമതലകളും അധികാരങ്ങളും"

80. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക :

" 3. സംസ്ഥാന, ജില്ലാ, പ്രാദേശിക, പൊതുജനാരോഗ്യ സമിതികളും, പബ്ലിക്ക് ഹെൽത്ത് ഓഫിസർമാരും.– (1)ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിൽ വരുന്നതാണ്, അതായത്,—

(i) സംസ്ഥാന തലത്തിൽ ഒരു സംസ്ഥാന പൊതുജനാരോഗ്യ സമിതിയും സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(ii) ജില്ലാ തലത്തിൽ ജില്ലാ പൊതുജനാരോഗ്യ സമിതിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(iii) പ്രാദേശിക തലത്തിൽ പ്രാദേശിക പൊതുജനാരോഗ്യ സമിതിയും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(2) ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി,

(i) പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ യഥാക്രമം സംസ്ഥാന,ജില്ലാ,പ്രാദേശിക പൊതുജനാരോഗ്യ സമിതികൾ പരിപാടികൾ രൂപപ്പെടുത്തേണ്ടതാണ്.

(ii) ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിയ്ക്കുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന കർമ്മ പരിപാടികൾ അതാത് തലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട് എന്നുള്ളത് സമിതികൾ വിശകലനം ചെയ്യേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

(iii) പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് പബ്ലിക് ഹെൽത്ത് ഓഫീസർമാർ കുറഞ്ഞത് മൂന്നു മാസത്തിലൊരിയ്ക്കലെങ്കിലും സമിതി മുമ്പാകെ വയ്ക്കേണ്ടതും അതതു തലങ്ങളിലെ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ സമിതി അവലോകനം ചെയ്യേണ്ടതുമാണ്."

81. ഖണ്ഡം 4 താഴെപ്പറയും പ്രകാരം മാറ്റുക :

"4. സംസ്ഥാന പൊതുജനാരോഗ്യ സമിതിയും, സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1) സംസ്ഥാന പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

| | |
|---|---|
| (i) ആരോഗ്യവകുപ്പ് മന്ത്രി | : അദ്ധ്യക്ഷ |
| (ii) സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ് | : ഉപാദ്ധ്യക്ഷ |
| (iii) ഡയറക്ടർ, ആരോഗ്യ വകുപ്പ് | : മെമ്പർ സെക്രട്ടറി |
| (iv) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | : അംഗം |
| (v) ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം | : ” |
| (vi) ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് | : അംഗം |
| (vii) ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് | : ” |
| (viii) കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ് | : ” |
| (ix) ഡയറക്ടർ, കൃഷിവികസനവും കർഷകക്ഷേമവും വകുപ്പ് | : ” |
| (x) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് | : ” |
| (xi) ഡയറക്ടർ, ഫിഷറീസ് വകുപ്പ് | : ” |
| (xii) ഡയറക്ടർ, ക്ഷീരവികസന വകുപ്പ് | : ” |

(2) ആരോഗ്യ വകുപ്പ് ഡയറക്ടർ തന്റെ ഔദ്യോഗിക പദവിയാൽ സമിതിയുടെ മെമ്പർ സെക്രട്ടറിയും സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും ആയിരിക്കുന്നതാണ്.

(3) സംസ്ഥാന പൊതുജനാരോഗ്യ സമിതിക്കു വേണ്ടി സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലെ അക്കാദമിക-ഗവേഷണ-സാങ്കേതിക സഹായ സ്ഥാപനങ്ങളും വിദഗ്ദ്ധരും പൊതുജനാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്."

82. ഖണ്ഡം 5 താഴെപ്പറയും പ്രകാരം മാറ്റുക.

"5. ജില്ലാ പൊതുജനാരോഗ്യ സമിതിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1) ജില്ലാ പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

| | |
|---|---|
| (i) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | : അദ്ധ്യക്ഷ |
| (ii) ജില്ലാ കളക്ടർ | : ഉപാദ്ധ്യക്ഷ |
| (iii) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | : മെമ്പർ സെക്രട്ടറി |
| (iv) ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ | : അംഗം |
| (v) ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ) | : " |
| (vi) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | : " |
| (vii) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | : അംഗം |
| (viii) അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ് | : " |
| (ix) പ്രിൻസിപ്പൽ കൃഷി ഓഫീസർ | : " |
| (x) ജില്ലാ മൃഗസംരക്ഷണ ഓഫീസർ | : " |
| (xi) ജില്ലാ ഓഫീസർ, ഫിഷറീസ് വകുപ്പ് | : " |
| (xii) ജില്ലാ ഓഫീസർ, ക്ഷീരവികസന വകുപ്പ് | : " |

(2) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തന്റെ ഔദ്യോഗിക പദവിയാൽ സമിതിയുടെ മെമ്പർ സെക്രട്ടറിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും ആയിരിക്കുന്നതാണ്.

83. ഖണ്ഡം 6 താഴെപ്പറയും പ്രകാരം മാറ്റുക :

"6. പ്രാദേശിക പൊതുജനാരോഗ്യ സമിതിയും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1) ഗ്രാമപഞ്ചായത്ത് തലത്തിലെ പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

(i) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് : അദ്ധ്യക്ഷ

(ii) ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർ : മെമ്പർ സെക്രട്ടറി

(iv) മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ) : അംഗം

(v) മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) : ”

(vi) പഞ്ചായത്ത് സെക്രട്ടറി : ”

(vii) മൃഗസംരക്ഷണ ഓഫീസർ : ”

(viii) സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസർ : ”

(ix) കൃഷി ഓഫീസർ

(2) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നഗരപ്രദേശങ്ങളിൽ കൈമാറപ്പെട്ടുകിട്ടിയ ആരോഗ്യവകുപ്പിന്റെ കീഴിലെ ഓരോ സ്ഥാപനവും കേന്ദ്രീകരിച്ച് പൊതുജനാരോഗ്യ സമിതി രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട കോർപ്പറേഷൻ മേയർ അല്ലെങ്കിൽ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷയും കൈമാറപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ മേധാവി മെമ്പർ സെക്രട്ടറിയും ആയിരിക്കുന്നതാണ്. കൈമാറപ്പെട്ട അത്തരം സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടാത്ത നഗരപ്രദേശങ്ങളിലെ സമിതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചുമതലപ്പെടുത്തുന്ന ഒരു ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്. മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലെ പ്രാദേശിക പൊതുജനാരോഗ്യ സമിതിയിലെ മറ്റംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കുന്നതാണ്. അതായത്,

(i) മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി

(ii) മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ)

(iii) മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)

(iv) മൃഗസംരക്ഷണ ഓഫീസർ

(v) സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസർ

(vi) കൃഷി ഓഫീസർ

(3) പ്രാദേശിക പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ ചുമതല കൂടി വഹിക്കേണ്ടതാണ്.”

<u>ഖണ്ഡം 7</u>

84. ഖണ്ഡം 7-ന്റെ മാർജിനൽ ശീർഷകം "<u>പബ്ലിക് ഹെൽത്ത് ഓഫീസറുടെ കടമകളും ചുമതലകളും</u>" എന്നാക്കുക.

85. ഖണ്ഡം 7(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ സംസ്ഥാന, ജില്ലാ, പ്രാദേശിക തലത്തിൽ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം യഥാക്രമം സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ആയിരിക്കുന്നതാണ്."

ഖണ്ഡം 7(2)-ൽ

86. "എന്ത് നിർദ്ദേശങ്ങളും" എന്നതിന് പകരം "ഏത് നിർദ്ദേശവും "എന്ന് ചേർക്കുക.

87. "പൊതുജനാരോഗ്യ അധികാരിയ്ക്കു" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്ക് " എന്ന് ചേർക്കുക.

88. ഖണ്ഡം 7(3), 7(4) എന്നിവ ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

89. ഖണ്ഡം 7(5)പുനരക്കം ചെയ്ത് 7(3)ആയി താഴെപ്പറയും പ്രകാരം മാറ്റുക:

"(3)സംസ്ഥാന സർക്കാരിന്റെയും, തദ്ദേശ സർക്കാരുകളുടെയും ആരോഗ്യ മേഖലയിലെ വാർഷിക പദ്ധതികൾ രൂപീകരിക്കുമ്പോൾ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന, ജില്ല, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ നൽകേണ്ടതാണ്. തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്തിന്റെ വാർഷിക ആരോഗ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത്തരം നിർദ്ദേശങ്ങൾ നൽകേണ്ടത്."

90. ഖണ്ഡം 7(6) പുനരക്കം ചെയ്ത് 7(4)ആയി താഴെപ്പറയും പ്രകാരം മാറ്റുക

"(4) പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും, സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ സർക്കാരിനും എല്ലാ മാസവും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്."

91. ഖണ്ഡം 7(7) പുനരക്കം ചെയ്ത് 7(5) ആയി താഴെപ്പറയും പ്രകാരം മാറ്റുക:

"(5) പൊതുജനാരോഗ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വെക്ടർ ഡെൻസിറ്റി പരിശോധന, രോഗ നിരീക്ഷണ പരിപാടികൾ, വിനിർദ്ദേശിക്കപ്പെട്ട രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ്, ക്ലിനിക്കൽ ഓഡിറ്റ്, ഡെത്ത് ഓഡിറ്റ് എന്നിവയ്ക്കുള്ള രീതിശാസ്ത്രം, മാനദണ്ഡങ്ങൾ, പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ എന്നിവ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ തയ്യാറാക്കേണ്ടതും, ആയത് നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്."

92. ഖണ്ഡം 7(8), 7(9) എന്നിവ സംയോജിപ്പിച്ച് താഴെപ്പറയും പ്രകാരം മാറ്റുകയും (6) ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

"(6) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പൊതുജനാരോഗ്യ വിഷയങ്ങളിൽ സംസ്ഥാനത്തെ പൊതു, സ്വകാര്യ ആരോഗ്യ പരിപാലന സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. പ്രസ്തുത വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ സജ്ജീകരിക്കേണ്ടതും, അത്തരം വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യത്തെക്കുറിച്ചുള്ള നയപരമായ കാര്യങ്ങളിൽ സർക്കാരിന് ശിപാർശ നൽകുകയും പൊതുജനാരോഗ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങളുടെ സുരക്ഷയും, സ്വകാര്യതയും ബന്ധപ്പെട്ട എല്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരും സമിതികളും ഉറപ്പുവരുത്തേണ്ടതാണ്."

93. ഖണ്ഡം 7(10) നീക്കം ചെയ്യുകയും 7(11) താഴെപ്പറയും പ്രകാരം മാറ്റി 7(7) ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

"(7) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് വകുപ്പ് സെക്രട്ടറി മുഖാന്തരം സംസ്ഥാനത്തോ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ജില്ലാ കളക്ടർ മുഖാന്തരം ജില്ലയിലോ പ്രാദേശിക തലത്തിലോ പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്. സർക്കാർ അനുമതിക്ക് വിധേയമായി ജില്ലാ, പ്രാദേശിക തലത്തിൽ ജില്ലാ കളക്ടർക്ക് പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതുമാണ്."

94. ഖണ്ഡം 7(12), 7(13) എന്നിവ ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

95. ഖണ്ഡം 7(14) പുനരക്കം ചെയ്ത് 7(8) ആയി താഴെപ്പറയും പ്രകാരം മാറ്റുക:

"(8) ഈ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള രോഗങ്ങളുടെയോ ദേശീയ ആരോഗ്യ പരിപാടികളിൽ ഉൾപ്പെട്ട രോഗങ്ങളുടെയോ ചികിത്സയോ പ്രതിരോധമോ സംബന്ധിച്ച് പൊതു പ്രോട്ടോക്കോളിന്റെ ആവശ്യകത ബോധ്യപ്പെട്ടാൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ, സർക്കാർ നിശ്ചയിക്കുന്ന വിദഗ്ദ്ധരുടെ സഹായത്തോടെ ശിപാർശ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശിക്കുന്ന പ്രസ്തുത പ്രോട്ടോക്കോൾ എല്ലാ സർക്കാർ, സ്വകാര്യ ആരോഗ്യ പരിപാലന ദാതാക്കളും ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും പിന്തുടരേണ്ടതാണ്."

96. ഖണ്ഡം 7(15) പുനരക്കം ചെയ്ത് 7(9) ആയി താഴെപ്പറയും പ്രകാരം മാറ്റുക.

"സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ രോഗനിരീക്ഷണം, പകർച്ചവ്യാധികളുടെ തടയലും നിയന്ത്രണവും, ജീവിതശൈലി രോഗങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും രോഗങ്ങൾ, ആരോഗ്യ ഭീഷണികൾ എന്നിവയ്ക്കായി പൊതുജനങ്ങൾ പാലിക്കേണ്ട ആരോഗ്യ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പൊതുജനാരോഗ്യ സമിതിയ്ക്ക് നൽകേണ്ടതാണ്."

## ഖണ്ഡം 8

97. ഖണ്ഡം 8-ന്റെ മാർജിനൽ ശീർഷകം "പബ്ലിക് ഹെൽത്ത് ഓഫീസറെ സഹായിക്കൽ" എന്നാക്കുക.

98. ഖണ്ഡം 8(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ഈ ആക്റ്റിന്റെ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറെ സഹായിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറും മറ്റ് ജീവനക്കാരും ഉണ്ടായിരിക്കേണ്ടതാണ്."

99. ഖണ്ഡം 8(2), 8(3) എന്നിവ താഴെപ്പറയും പ്രകാരം മാറ്റുക:

"(2) പ്രാദേശിക, ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർക്ക് ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥയെ ഈ ആക്റ്റിൻ കീഴിലുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്. അതായത്, —

(i) പരിശോധനകൾ നടത്തുക;

(ii) നോട്ടീസ് നൽകുക;

(iii) നിയമനടപടികൾ സ്വീകരിക്കുക;

(iv)പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിക്കുന്ന മറ്റ് നടപടികൾ സ്വീകരിക്കുക.

കൂടാതെ,

(3) (2)-ാം ഉപവകുപ്പിൻ പ്രകാരം നൽകുന്ന ഇത്തരം നിർദ്ദേശങ്ങൾ പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി നിർണ്ണയിക്കപ്പെടുന്ന പ്രകാരം നിർവ്വഹിക്കുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥ ബാധ്യസ്ഥയായിരിക്കുന്നതാണ്."

<u>ഖണ്ഡം 9</u>

100. മാർജിനൽ ശീർഷകത്തിൽ "താൽക്കാലിക" എന്നതിന് പകരം "താൽക്കാലികമായി അധിക പബ്ലിക്" എന്ന് ചേർക്കുക.

101. ഖണ്ഡം 9 താഴെപ്പറയും പ്രകാരം മാറ്റുക:

"താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നിശ്ചിത കാലയളവിലേയ്ക്ക് ഒന്നോ അതിലധികമോ മെഡിക്കൽ ഓഫീസർമാരെ അധിക പബ്ലിക് ഹെൽത്ത് ഓഫീസർമാരായി താത്ക്കാലികമായി നിയമിക്കുന്നതിന് സംസ്ഥാന, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അതായത്,—

(i) വിജ്ഞാപനം ചെയ്യപ്പെട്ട പകർച്ചവ്യാധി ഉണ്ടാവുകയോ അവ പൊട്ടിപ്പുറപ്പെടുന്നതിനുള്ള ഭീഷണി ഉണ്ടാവുകയോ ചെയ്യുമ്പോൾ;

(ii) സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയോ, ആയതിനുള്ള ഭീഷണി നിലനിൽക്കുകയോ ചെയ്യുമ്പോൾ;

(iii) ദുരന്തങ്ങളോ അസാധാരണമായ മരണങ്ങളോ ഉണ്ടാകുമ്പോൾ;

(iv) ഒരു പ്രദേശത്ത് വലിയതോതിൽ ആളുകൾ ഒത്തുകൂടുന്ന സാഹചര്യത്തിൽ;

(v) പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനോ, അതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നതിനോ, പ്രസ്തുത കാരണങ്ങൾ തടയുന്നതിനോ;

(vi) ഇത്തരം അധിക പബ്ലിക് ഹെൽത്ത് ഓഫീസർമാരെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ കരുതുന്ന മറ്റ് അടിയന്തര സാഹചര്യങ്ങളിൽ."

ഖണ്ഡം 10

102. ഖണ്ഡം 10-ന്റെ മാർജിനൽ ശീർഷകം " സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ" എന്നാക്കുക.

103. ഖണ്ഡം 10 "സംസ്ഥാന പൊതുജനാധികാരിക്ക്,—" എന്നതിനു പകരം താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുക.

"പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് പ്രാദേശിക തലത്തിലുള്ള എല്ലാ അധികാരങ്ങളും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സംസ്ഥാന വ്യാപകമായി ഉണ്ടായിരിക്കുന്നതാണ്. ജില്ലാ, പ്രാദേശിക തലങ്ങളിൽ സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ടോ, ജില്ലാ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാരിലൂടെയോ ഈ അധികാരം വിനിയോഗിക്കാവുന്നതാണ്. കൂടാതെ,"

104. ഖണ്ഡം 10(എ)-ൽ "പൊതുജനാരോഗ്യ" എന്ന വാക്ക് ഒഴിവാക്കുക.

105. ഖണ്ഡം 10(ബി)-ൽ "മേളകളുടെയും ഉൽസവങ്ങളുടെയും നടത്തിപ്പിനായി" എന്നത് ഒഴിവാക്കുക.

106. ഖണ്ഡം 10 (സി)-ൽ "അപകടങ്ങൾ" എന്നതിനു പകരം "ഭീഷണികൾ" എന്ന് ചേർക്കുക.

ഖണ്ഡം 11

107. ഖണ്ഡം 11-ന്റെ മാർജിനൽ ശീർഷകത്തിൽ "പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

108. ഖണ്ഡം 11-ൽ "ജില്ലാ പൊതുജനാരോഗ്യ അധികാരിക്ക്.—" എന്നതിന് പകരം " നിർണ്ണയിക്കപ്പെടാവുന്ന അത്തരം വ്യവസ്ഥകൾക്ക് വിധേയമായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് പ്രാദേശിക തലത്തിലുള്ള എല്ലാ അധികാരങ്ങളും ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ജില്ലാ വ്യാപകമായി ഉണ്ടായിരിക്കുന്നതാണ്. ജില്ലാ, പ്രാദേശിക തലങ്ങളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ടോ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാരിലൂടെയോ ഈ അധികാരം വിനിയോഗിക്കാവുന്നതാണ്. കൂടാതെ, " എന്ന് ചേർക്കുക.

109. ഖണ്ഡം 11(ബി)-ൽ "അന്വേഷണം" എന്നതിനു പകരം " പരിശോധനകൾ" എന്ന് ചേർക്കുക.

110. ഖണ്ഡം 11 (സി)-ൽ "അപകടങ്ങൾ" എന്നതിനു പകരം "ഭീഷണികൾ" എന്ന് ചേർക്കുക.

111. ഖണ്ഡം 11(ഡി)-ൽ "പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നത് ഒഴിവാക്കുക.

112. ഖണ്ഡം 11(ഡി)-ൽ "പുറപ്പെടുവിക്കുന്നതിനും" എന്നതിനു പകരം " പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകുന്നതിനും" എന്ന് ചേർക്കുക.

ഖണ്ഡം 12

113. ഖണ്ഡം 12-ന്റെ മാർജിനൽ ശീർഷകത്തിൽ "പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിനു പകരം " പബ്ലിക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

114. ഖണ്ഡം 12(1) താഴെപ്പറയും പ്രകാരം മാറ്റുക.

"പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ തന്റെ അധികാരപരിധിയിലുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ പൊതുജനാരോഗ്യ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് " .

ഖണ്ഡം 12(2)-ൽ

115. " പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിനു പകരം " പബ്ലിക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

116. ആരംഭത്തിൽ വരുന്ന "രേഖാമൂലം," എന്നത് ഒഴിവാക്കുക.

117. " ആളിനോടോ" എന്നതിനു പകരം "വ്യക്തിയോടോ" എന്ന് ചേർക്കുക.

118." പ്രവർത്തികൾ" എന്നതിനു പകരം "പ്രവൃത്തി" എന്ന് ചേർക്കുക.

119. "നിർത്തിവയ്ക്കുവാനോ" എന്നതിനു പകരം "നിർത്തിവയ്ക്കുന്നതിനോ" എന്ന് ചേർക്കുക.

120. " പ്രോത്സാഹിപ്പിക്കുന്നതിന് അധികാരി" എന്നതിനു പകരം "ഉറപ്പാക്കുന്നതിന് " എന്ന് ചേർക്കുക.

121. " അവസ്ഥയും" എന്നതിനു പകരം "അവസ്ഥയ്ക്കും" എന്ന് ചേർക്കുക.

122. " മാറ്റം വരുത്തുന്നതിനോ" എന്നതിനു ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

123. " അയാൾ" എന്നതിനു പകരം "ആ വ്യക്തി " എന്ന് ചേർക്കുക.

124. " പരാജയപ്പെടുകയാണെങ്കിൽ," എന്നതിനു ശേഷം "പബ്ലിക് ഹെൽത്ത് ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും," എന്ന് ചേർക്കുക.

125. " പ്രവർത്തികൾ നടത്തേണ്ടതും" എന്നതിനു പകരം "പ്രവൃത്തി നടത്തുകയോ നിർത്തിവയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതും " എന്ന് ചേർക്കുക.

126. " ആളിൽ" എന്നതിനു പകരം "വ്യക്തിയിൽ " എന്ന് ചേർക്കുക.

127. " സ്ഥാപനത്തിലേയയ്ക്കുള്ള" എന്നതിനു പകരം " സ്ഥാപനത്തിലേയ്ക്കുള്ള " എന്ന് ചേർക്കുക.

128. " തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കേണ്ടതാണ്" എന്നതിനു പകരം "നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഈടാക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

<u>ഖണ്ഡം 12(3)-ൽ</u>

129. " പ്രാദേശിക പൊതുജനാരോഗ്യ അധികാരി" എന്ന വാക്ക് ഒഴിവാക്കുക.

130. " ആക്റ്റിൻ കീഴിൽ" എന്നത് " ആക്റ്റിൻ കീഴിലെ" എന്നാക്കുക.

131. " പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിനു പകരം " പബ്ലിക് ഹെൽത്ത് ഓഫീസർ, തനിയ്ക്ക്" എന്നു ചേർക്കുക.

132. " അത്തരം" എന്നത് ഒഴിവാക്കുക.

133. " ചെയ്യേണ്ടതും," എന്നതിന് പകരം " ചെയ്യേണ്ടതാണ്." എന്നാക്കുക.

134. *12(3)(i)-ൽ* " പാലിക്കുന്നതിൽ" എന്നതിന് ശേഷം " ആരെങ്കിലും" എന്ന് ചേർക്കുക.

135. *12*(3)(ii)-ൽ " രാജിയാക്കാവുന്നതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായ"എന്നത് ഒഴിവാക്കുക.

136. 1*2(3)(ii)-ൽ* "ചട്ടങ്ങളുടെയോ " എന്നതിന് ശേഷം " രാജിയാക്കാവുന്നതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായ"എന്ന് ചേർക്കുക.

137. 12(3)(iii) ഒഴിവാക്കുക.

<u>ഖണ്ഡം 12(4)-ൽ</u>

138. "പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് ഓഫീസർ ഈ ആക്റ്റിലോ അതിനു കീഴിലോ" എന്നതിന് പകരം " പബ്ലിക് ഹെൽത്ത് ഓഫീസർ ഈ ആക്റ്റിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ" എന്ന് ചേർക്കുക.

139. "പൊതുജനാരോഗ്യ അധികാരിയെന്ന" എന്നതിന് പകരം " പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന" എന്ന് ചേർക്കുക.

140. "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

141. ഖണ്ഡം 12(5) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 12(5)-ൽ

142. "പൊതുജനാരോഗ്യ അധികാരിയായി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഓഫീസർ" എന്നതിന് പകരം " പബ്ലിക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

143. "അദ്ദേഹത്താൽ" എന്നതിന് പകരം " അവരാൽ" എന്ന് ചേർക്കുക.

144. "ഒരു ഓഫീസർക്ക്,– " എന്നതിന് പകരം " ഒരു ഉദ്യോഗസ്ഥയ്ക്ക് വ്യക്തികളുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭംഗം വരാത്ത രീതിയിൽ,– " എന്ന് ചേർക്കുക.

145. ഖണ്ഡം 12(5)(എ)-ൽ " ഏതെങ്കിലും " എന്നതിന് പകരം "ഏത്" എന്ന് ചേർക്കുക.

146. ഖണ്ഡം 12(5)(സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) ഭക്ഷണപദാർത്ഥങ്ങളും, കുടിവെള്ളമുൾപ്പെടെയുള്ള പാനീയങ്ങളും തയ്യാറാക്കുന്നതോ നിർമ്മിക്കുന്നതോ സംഭരിക്കുന്നതോ വിൽക്കുന്നതോ വിളമ്പുന്നതോ വിതരണം ചെയ്യുന്നതോ ആയ ഏതു സ്ഥലത്തും;"

147. ഖണ്ഡം 12(5)(ഡി)-ൽ "രോഗാണു വാഹകരുടെയോ" എന്നതിനു മുൻപ് " മലിനമായ സാഹചര്യങ്ങളോ," എന്ന് ചേർക്കുക.

148. ഖണ്ഡം 12(5)(ഡി)-ൽ "നിലനിൽക്കുന്ന" എന്നതിനു മുൻപായി വരുന്ന "സാഹചര്യങ്ങൾ" എന്നതിന് പകരം "സാഹചര്യങ്ങളോ" എന്ന് ചേർക്കുക.

149. ഖണ്ഡം 12(5)(ഇ) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഇ) പൊതുജനാരോഗ്യ സംരക്ഷണത്തിന് ആവശ്യമെന്ന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെടുന്ന ഏത് സ്ഥലത്തും;"

150. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 12(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അവരാൽ രേഖാമൂലം അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥയ്ക്ക് മലിനമായതോ ചീഞ്ഞതോ കേടുവന്നതോ ആണെന്ന് സംശയിക്കാവുന്ന ഭക്ഷണമോ പാനീയങ്ങളോ കണ്ടെത്തിയാൽ, ഇക്കാര്യത്തിൽ നടപടിയെടുക്കാൻ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(i) ഭക്ഷണം പാചകം ചെയ്യുന്നതും, സൂക്ഷിക്കുന്നതും, വിതരണം ചെയ്യുന്നതുമായ സാഹചര്യങ്ങളിൽ പ്രത്യേകിച്ച് മലിനമായ സാഹചര്യം, അനുവദനീയമല്ലാത്ത രാസവസ്തുക്കളുടെ സാന്നിദ്ധ്യം, ഭക്ഷണം കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ വൃത്തിഹീനത തുടങ്ങിയ സാഹചര്യങ്ങളിൽ നിന്ന് രോഗങ്ങൾ പടരാനോ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവാനോ സാധ്യതയുണ്ടെന്ന് ബോധ്യപ്പെട്ടാലോ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ലൈസൻസ് മുതലായ സാക്ഷ്യപത്രങ്ങളുടെ അഭാവത്താലോ ആ സ്ഥാപനം അടച്ചുപൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്;

(ii) ഭക്ഷണത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥയുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥ സാമ്പിൾ ശേഖരിക്കുന്ന സമയംവരെ അവ തൽസ്ഥിതിയിൽ സൂക്ഷിക്കാനുള്ള നടപടികൾ നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കാനും, അവ നശിപ്പി ക്കാനുള്ള സ്ഥാപന ഉടമയുടെയോ മറ്റുള്ളവരുടെയോ ശ്രമങ്ങളെ തടയാനും അധികാരം ഉണ്ടായിരിക്കുന്നതാണ് ;

(iii) സാമ്പിൾ ശേഖരിക്കാൻ സാധ്യതയില്ലാതിരിക്കുകയോ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതുവരെ പ്രസ്തുത ഭക്ഷണം വിൽക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധ്യമാകാതെവരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ, പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയേണ്ടത് ആവശ്യമായി വന്നാൽ പഴകിയതോ, കേട്ടുവന്നതോ ആണെന്ന് സംശയിക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾ നശിപ്പിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ചട്ടപ്രകാരം നിർണ്ണയിക്കുന്ന മഹസർ തയ്യാറാക്കേണ്ടതും പൊതു സ്വീകാര്യതയുള്ള രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തി, അവരുടെ സാന്നിദ്ധ്യത്തിന്റെ തെളിവ് രേഖാമൂലം ഉറപ്പുവരുത്തേണ്ടതുമാണ്."

151. പുനരക്ഷരം ചെയ്ത പ്രകാരമുള്ള ഖണ്ഡം 12(7) താഴെപ്പറയും പ്രകാരം മാറ്റുക.

"(7) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥയ്ക്ക്, പൗരന്മാരുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭംഗം വരാത്ത രീതിയിൽ,—".

152. ഖണ്ഡം 12(7)(എ)-ൽ "അയാൾക്ക്" എന്നതിന് പകരം "അവർക്ക്" എന്ന് ചേർക്കുക.

153. "അറിയിപ്പില്ലാതെ" എന്നതിന് പകരം " അറിയിപ്പില്ലാതെയും" എന്ന് ചേർക്കുക.

154. "പരിശോധിക്കാവുന്നതാണ്" എന്നതിന് പകരം " പരിശോധിക്കാവുന്നതും;" എന്ന് ചേർക്കുക.

155. പുനരക്ഷരം ചെയ്ത പ്രകാരമുള്ള 12(7)(സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) ഏതെങ്കിലും സ്ഥലത്തുനിന്നോ പരിസരത്തുനിന്നോ രോഗാണു സാന്നിദ്ധ്യം ഉണ്ടെന്ന് തോന്നുന്നപക്ഷം ഭക്ഷണത്തിന്റെയോ വെള്ളത്തിന്റെയോ ഏതെങ്കിലും പദാർത്ഥത്തിന്റെയോ സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കാവുന്നതാണ് "

156. ഖണ്ഡം 12(8)-ൽ

"പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ട " എന്നതിനു പകരം " പബ്ലിക്" എന്ന് ചേർക്കുക.

157. "ന്യായമായ സമയത്തിനുള്ളിൽ, എന്നാൽ " എന്നതിനു പകരം "പരമാവധി" എന്ന് ചേർക്കുക.

158. " അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥനും " എന്നതിനു പകരം "ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്കും ബന്ധപ്പെട്ട" എന്ന് ചേർക്കുക.

159. "നൽകുകയും," എന്നതിനു പകരം " നൽകേണ്ടതാണ്." എന്ന് ചേർക്കുക.

160. "എന്തെങ്കിലും നടപടി എടുക്കേണ്ടതുണ്ടെങ്കിൽ പ്രാദേശിക ഭക്ഷ്യസുരക്ഷാ ഓഫീസറെ അറിയിക്കുകയും ചെയ്യേണ്ടതാണ് " എന്നത് ഒഴിവാക്കുക.

ഖണ്ഡം 12(9)-ൽ

161. "പൊതുജനാരോഗ്യ അധികാരിയായി നിയോഗിച്ച " എന്നതിനു പകരം " പബ്ലിക് " എന്ന് ചേർക്കുക.

162. "അദ്ദേഹം " എന്നതിനു പകരം " അവർ" എന്ന് ചേർക്കുക.

163. "ഉദ്യോഗസ്ഥന് " എന്നതിനു പകരം " ഉദ്യോഗസ്ഥയ്ക്ക്" എന്ന് ചേർക്കുക.

164. 12(10)(എ)-ൽ "ആളിനോ ആളുകൾക്കെതിരെയോ" എന്നതിനു പകരം " വ്യക്തിക്കോ വ്യക്തികൾക്കോ എതിരെ" എന്ന് ചേർക്കുക.

165. 12(10)(സി)-ൽ "2-ാം വകുപ്പിലെ (ഇസഡ് ഇ) ഇനം പ്രകാരം" എന്നതിനു പകരം " 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ" എന്ന് ചേർക്കുക.

## ഖണ്ഡം 13

166. ഖണ്ഡം 13-ന്റെ മാർജിനൽ ശീർഷകം "പൊതുസേവകരുടെ സഹകരണം ഉറപ്പാക്കൽ" എന്നാക്കുക.

ഖണ്ഡം 13(1)-ൽ

167. "പൊതുജനാരോഗ്യ അധികാരി" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന നിലയിൽ" എന്ന് ചേർക്കുക.

168. " പബ്ലിക് സർവ്വന്റ്സും" എന്നതിനു പകരം "പൊതു സേവകരും" എന്ന് ചേർക്കുക.

169. "ഉദ്യോഗസ്ഥന്റെ" എന്നതിനു പകരം " ഉദ്യോഗസ്ഥയുടെ" എന്ന് ചേർക്കുക.

170. "ഏതെങ്കിലും" എന്നതിനു പകരം "ഏത്" എന്ന് ചേർക്കുക.

171. "നിരാകരണമോ നിസ്സഹകരണമോ" എന്നതിനു പകരം "നിരാകരണവും നിസ്സഹരണവും" എന്ന് ചേർക്കുക.

172. "ആയി" എന്നത് ഒഴിവാക്കുക.

173. "അധികാരിയ്ക്കു" എന്നതിനു പകരം " അധികാരി" എന്ന് ചേർക്കുക.

174. "ശിക്ഷാനടപടികൾ " എന്നതിനു ശേഷം വരുന്ന ഭാഗം "കൈകൊള്ളുന്നതിലേയ്ക്കായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ബന്ധപ്പെട്ട ഉദ്യോഗസ്ഥയുടെ മേലധികാരിക്കും, ജില്ലാ പൊതുജനാരോഗ്യ സമിതിക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ് " എന്ന് മാറ്റുക.

ഖണ്ഡം 13(2)-ൽ

175. "പൊതുജനാരോഗ്യ അധികാരി" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

176. "പോലിസിനോട്" എന്ന വാക്ക് ഒഴിവാക്കുക.

177. "അയാളുടെ സഹായം" എന്ന വാക്കുകൾ ഒഴിവാക്കുക.

178. "പൊതുജനാരോഗ്യ അധികാരിയെ" എന്നതിനു പകരം " പബ്ലിക് ഹെൽത്ത് ഓഫീസറെ " എന്ന് ചേർക്കുക.

179. "ഓരോ പോലീകാരന്റെയും" എന്നതിനു പകരം " ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെ" എന്ന് ചേർക്കുക.

<u>ഖണ്ഡം 14</u>

180. ഖണ്ഡം 14-ന്റെ മാർജിനൽ ശീർഷകം " തദ്ദേശസ്വയംഭരണ സ്ഥാപനം പിന്തുണ നൽകണമെന്ന് " എന്നാക്കുക.

ഖണ്ഡം 14(1)

181. ഖണ്ഡം 14(1)-ൽ " (1)" എന്നത് ഒഴിവാക്കുക.

182. "അതിന്റെ" എന്നതിനു പകരം " പ്രാദേശിക പബ്ലിക്" എന്ന് ചേർക്കുക.

183. "അയാളുടെ" എന്നത് ഒഴിവാക്കുക.

184. “ആവശ്യമായ” എന്നതിനു ശേഷം വരുന്ന ഭാഗം “സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും അതിനുവേണ്ട പിന്തുണ നൽകേണ്ടതുമാണ്” എന്ന് തിരുത്തുക.

185. ഖണ്ഡം 14(2) ഒഴിവാക്കുക.

186. ഖണ്ഡം 15 നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

<u>അദ്ധ്യായം 3</u>

അദ്ധ്യായം 3-ന്റെ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക

187. “മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ.”

<u>ഖണ്ഡം 15</u>

188. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 15 താഴെപ്പറയും പ്രകാരം മാറ്റുക.

"15. <u>മനുഷ്യ ഉപയോഗത്തിനുള്ള ജലം</u>.—" “(1) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സുരക്ഷിത കുടിവെള്ളത്തിനായുള്ള മാനദണ്ഡങ്ങളും, 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകളും പ്രകാരമായിരിക്കണം കുടിവെള്ളത്തിന്റെ ഗുണനിലവാരം കണക്കാക്കേണ്ടത്. ഇപ്രകാരമുള്ള ഗുണനിലവാരം ഉറപ്പാക്കേണ്ടത് കുടിവെള്ളം വിതരണം ചെയ്യുന്നവരുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്.

(2) മനുഷ്യ ഉപയോഗത്തിനുള്ള കുടിവെള്ളത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് തങ്ങളുടെ അധികാരപരിധിക്കുള്ളിൽ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്,—

(എ) ജലജന്യരോഗങ്ങൾ സംശയിക്കുന്ന സാഹചര്യങ്ങളിലും, നിശ്ചിത ഇടവേളകളിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനും പരിശോധിക്കണമെന്ന് നിർദ്ദേശിക്കാനും;

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാരം അപര്യാപ്തമാണെന്ന് കണ്ടെത്തിയാൽ വിതരണക്കാരിയോട് വിശദീകരണം ചോദിക്കാനും പരിഹാര നടപടികൾ നിർദ്ദേശിക്കാനും വിതരണം തടയാനും, ആവശ്യമെങ്കിൽ പിഴ അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കാനും.:

എന്നാൽ ഈ വകുപ്പ് പ്രകാരം കുടിവെള്ളത്തിന്റെ വിതരണം തടയുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ഉടൻതന്നെ തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(3) കുടിക്കാനോ കുളിക്കാനോ വിനോദത്തിനുൾപ്പെടെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്ന പുഴ, തടാകം, കായൽ, അരുവി, നീരുറവ, കിണർ, ടാങ്ക്, റിസർവോയർ, കുളം, ടാങ്കർ ലോറികളിലെ വെള്ളം അല്ലെങ്കിൽ മറ്റ് ജലവിതരണ

സ്രോതസ്സുകളുടെയോ പദ്ധതികളുടെയോ വെള്ളം, ആയതിന്റെ ഉടമസ്ഥയ്ക്കോ അല്ലെങ്കിൽ ആയതിന്റെ നിയന്ത്രണമോ ചുമതലയോ ഉള്ള വ്യക്തിയ്ക്കോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് എപ്പോൾ വേണമെങ്കിലും രേഖാമൂലം നോട്ടീസ് നൽകാവുന്നതും നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ,

(എ) പൊതുജനാരോഗ്യത്തിന് ഹാനികരമാകാത്ത അത്തരത്തിലുള്ള രീതിയിൽ ജലവിതരണസ്രോതസ്സുകൾ നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യാനും;

(ബി) ചെളി, മാലിന്യങ്ങൾ, എന്നിവ ഒഴിവാക്കി അത്തരം ജലവിതരണ സ്രോതസ്സുകളെ സംരക്ഷിയ്ക്കാനും;

(സി) ഡ്രെയിനേജ് വഴിയുള്ള മലിനീകരണത്തിൽ നിന്ന് അത്തരം ജലവിതരണ സ്രോതസ്സുകളെയും ജലവിതരണ സംവിധാനങ്ങളെയും സംരക്ഷിയ്ക്കാനും;

(ഡി) പൊതുജനങ്ങളുടെ ആരോഗ്യവും സുരക്ഷിതത്വവും മുൻനിർത്തി ജലവിതരണ സ്രോതസ്സുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികളും സംരക്ഷണവും ഉറപ്പുവരുത്താനും;

(ഇ) കുടിവെള്ള ആവശ്യങ്ങൾക്കോ മറ്റ് മനുഷ്യഉപയോഗങ്ങൾക്കോ യോഗ്യമല്ലായെങ്കിലോ, പൊതുജനാരോഗ്യത്തിന് ഹാനികരമാണെന്നുണ്ടെങ്കിലോ പ്രസ്തുത ജലസ്രോതസ്സിൽ നിന്നുള്ള വെള്ളത്തിന്റെ ഉപയോഗം നിർത്തിവെയ്ക്കാനും ഉപയോഗിയ്ക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടയാനും;

(എഫ്) പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമോ, ദുസ്സഹമോ ആയ രീതിയിൽ ഉള്ള വെള്ളമോ, മലിനജലമോ ഒഴുക്കിക്കളയുന്നതിനോ, മറ്റ് രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനോ,

നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പ് പ്രകാരം ഒരു നിർദ്ദേശം നല്കുന്ന സംഗതികളിൽ പ്രസ്തുത വിവരം തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(4) മുകളിൽ പറഞ്ഞിരിയ്ക്കുന്നതുപോലെ ഉടമസ്ഥയോ നിയന്ത്രണമുള്ള വ്യക്തിയോ (3)-ാം ഉപവകുപ്പ് പ്രകാരം നൽകിയ നോട്ടീസ് , അതിൽ വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ അവഗണിക്കുകയോ ചെയ്യുകയാണെങ്കിൽ, ഏതെങ്കിലും വ്യക്തിയുടേയോ അല്ലെങ്കിൽ വ്യക്തികളുടേയോ ആരോഗ്യം സംരക്ഷിയ്ക്കുന്നതിന് അടിയന്തരനടപടി ആവശ്യമായി വന്നാൽ, അത്തരം നോട്ടീസിൽ പറഞ്ഞിരിയ്ക്കുന്ന ജോലികൾ

പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അടിയന്തരമായി നിർവ്വഹിക്കുകയും അപ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഉണ്ടായ എല്ലാ ചെലവുകളും ഉടമസ്ഥ അല്ലെങ്കിൽ അത്തരം ജലവിതരണ സ്രോതസ്സിന്റെ നിയന്ത്രണമുള്ള വ്യക്തി നിർണ്ണയിക്കപ്പെടുന്ന പ്രകാരം അടയ്ക്കേണ്ടതുമാണ്. '

(5) പൊതുവായി അല്ലെങ്കിൽ പ്രത്യേകമായി നിർണ്ണയിച്ചിട്ടുള്ളതൊഴികെ യാതൊരാളും,—

(എ) ഓവുചാലിനെ ബാധിക്കുന്നതോ അതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളുടെ സ്വതന്ത്രമായ ഒഴുക്കിനെ തടസപ്പെടുത്തുന്ന നിർമ്മാണങ്ങളോ, മറ്റെന്തെങ്കിലുമോ അല്ലെങ്കിൽ അത്തരം വസ്തുക്കളുടെ ട്രീറ്റ്മെന്റിനെയും നീക്കം ചെയ്യലിനെയും ബാധിക്കുന്ന വസ്തുവോ; അല്ലെങ്കിൽ,

(ബി) അതുമാത്രമായോ അല്ലെങ്കിൽ ഓടയ്ക്കുള്ളിലെ മറ്റ് പദാർത്ഥങ്ങളുമായി സംയോജിക്കുമ്പോഴോ പകടകരമാകുന്നതോ ശല്ല്യത്തിന് കാരണമാകുകയോ അല്ലെങ്കിൽ ആരോഗ്യത്തിന് ഹാനി വരുത്തുകയോ ചെയ്യുന്ന ദ്രാവകമോ നീരാവിയോ;

(സി) ഏതെങ്കിലും സ്ഫോടക വസ്തുവോ;

പൊതുഓടയിലേയ്ക്കോ അല്ലെങ്കിൽ പൊതു ഓടയുമായി ബന്ധിപ്പിക്കുന്ന ഓടയിലേയ്ക്കോ സ്ഥാപിക്കുകയോ എറിയുകയോ എറിയാനുള്ള അനുമതി കൊടുക്കുകയോ ഒഴിക്കുകയോ മറിക്കുകയോ തട്ടിവിടുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(6) പൊതുവായി അല്ലെങ്കിൽ നിർണ്ണയിച്ചിട്ടുള്ളതൊഴികെ യാതൊരാളും,—

(എ) ഏതെങ്കിലും ജലഗമന മാർഗ്ഗത്തിലോ അല്ലെങ്കിൽ അതിന്റെ സമീപത്തോ,—

(i) ആരോഗ്യത്തിന് ഹാനികരമാകുന്ന ഏതെങ്കിലും വസ്തു, മാലിന്യം, വിസർജ്യം, ശുചിമുറി മാലിന്യം; അല്ലെങ്കിൽ

(ii) ഉൽപ്പാദനത്തിൽ നിന്നോ ഉൽപ്പാദന പ്രക്രിയയിൽ നിന്നോ ഉണ്ടാകുന്ന വിഷമുള്ളതോ മാരകമായതോ മലിനമാക്കുന്നതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ദ്രാവകമോ ഖര വസ്തുക്കളോ;

ഇടുകയോ ഇടാൻ കാരണമാകുകയോ അല്ലെങ്കിൽ വീഴ്ത്താൻ കാരണമാകുകയോ ഒഴുക്കുകയോ പുറന്തള്ളുകയോ കൊണ്ടുപോകുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഇടാൻ, വീഴ്ത്താൻ, ഒഴുക്കാൻ, കൊണ്ടുപോകാൻ അനുവദിക്കുകയോ ചെയ്യുവാനോ, അല്ലെങ്കിൽ

(ബി) ജലജലഗമനമാർഗ്ഗത്തിലേയ്ക്ക് എന്തെങ്കിലും നിക്ഷേപിക്കുകയോ നിക്ഷേപിക്കാൻ കാരണമാവുകയോ, പുറന്തള്ളുകയോ വീഴാൻ കാരണമാകുകയോ വീഴ്ത്തുകയോ, ഒഴുക്കുകയോ,

അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെ മറ്റ് സമാന പ്രവൃത്തികളുമായി വ്യക്തിപരമായി അല്ലെങ്കിൽ സംയോജിപ്പിച്ച്, ജലഗമനമാർഗ്ഗത്തിന്റെ ശരിയായ ഒഴുക്കിനെ തടസ്സപ്പെടുത്തുകയോ, അതിലെ വെള്ളം മലിനമാക്കുകയോ, ഏതെങ്കിലും ഫാക്ടറിയിൽ നിന്നോ, നിർമ്മാണ പ്രക്രിയയിൽ നിന്നോ ക്വാറിയിൽ നിന്നോ ഉള്ള ഖര-ദ്രവ മാലിന്യങ്ങൾ ഏതെങ്കിലും ചപ്പുചവറുകൾ, ചാരങ്ങൾ, മറ്റ് മാലിന്യങ്ങൾ, വ്യാപാര മാലിന്യങ്ങൾ, മലിനമായ ഖര വസ്തുക്കൾ എന്നിവ ഉൾപ്പെടെ നിക്ഷേപിക്കുകയോ; അല്ലെങ്കിൽ

(സി) പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ ജലഗമന മാർഗ്ഗത്തിലോ അതിന്റെ സമീപത്തോ ഏതെങ്കിലും ശല്ല്യം ഉണ്ടാക്കുവാനോ;

പാടുള്ളതല്ല.

(7) (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതായിരിക്കുന്നതാണ്.

(8) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിനു മേൽ മൂന്ന് വർഷം വരെയാകാവുന്ന തടവിനോ ഇരുപത്തയ്യായിരം രൂപയിൽ കുറയാതെയും രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്."

## ഖണ്ഡം 16

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 16-ന്റെ

189. മാർജിനൽ ശീർഷകം " ജലവിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാന / ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ" എന്ന് മാറ്റുക.

190. 16(1)-ൽ "പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിനുപകരം "പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് " എന്ന് ചേർക്കുക.

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 16(2)

191. 16(2)-ൽ " പൊതുജനാരോഗ്യ അധികാരി" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് ചേർക്കുക.

192. 16(2)-ൽ "ഉദ്യോഗസ്ഥനും" എന്നതിനുപകരം " ഉദ്യോഗസ്ഥയ്ക്കും" എന്ന് ചേർക്കുക.

193. 16(2)-ൽ "കൈവശക്കാരനോ" എന്നതിനുപകരം " കൈവശക്കാരിക്കോ" എന്ന് ചേർക്കുക.

194. 16(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " പൊതുജനാരോഗ്യ അധികാരി" എന്നതിനുപകരം " പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് ചേർക്കുക.

195. 16(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " ആളുകൾക്കോ" എന്നതിനുപകരം " വ്യക്തികൾക്കോ" എന്ന് ചേർക്കുക.

196. ഖണ്ഡം 16(3) നീക്കം ചെയ്യുക.

<u>ഖണ്ഡം 17</u>

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 17-ന്റെ

197. മാർജിനൽ ശീർഷകത്തിൽ "പൊതുജനാരോഗ്യ അധികാരിയുടെയോ ജില്ലാ പൊതുജനാരോഗ്യോ അധികാരിയുടെയോ" എന്നതിനുപകരം", ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

198. "പ്രദേശിക" എന്നതിനുപകരം "പ്രാദേശിക" എന്ന് ചേർക്കുക.

199. "പൊതുജനാരോഗ്യ അധികാരിക്കോ ജില്ലാ പൊതുജനാരോഗ്യ അധികാരിക്കോ" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്കോ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസരേക്കോ" എന്ന് ചേർക്കുക.

200. "ബോധ്യപ്പെടുകയാണെങ്കിൽ," എന്നതിനു ശേഷം "അവർക്ക്" എന്ന് ചേർക്കുക.

201. "പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസറിന്" എന്ന് ചേർക്കുക.

<u>അദ്ധ്യായം 4</u>

202. അദ്ധ്യായം 4-ന്റെ ശീർഷകം "ശുചിത്വ സൗകര്യങ്ങൾ" എന്ന് മാറ്റുക.

<u>ഖണ്ഡം 18</u>

203. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 18 താഴെപ്പറയും പ്രകാരം മാറ്റുക.

" 18. <u>പൊതു ശുചിമുറി സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം.—</u> (1) പൊതു സ്ഥലങ്ങളിലും പൊതു ഇടങ്ങളിലും ശുചിമുറി സൗകര്യങ്ങളുടെ മാനദണ്ഡങ്ങൾ സംസ്ഥാന പൊതുജനാരോഗ്യ സമിതി ചർച്ച ചെയ്ത് രൂപീകരിക്കേണ്ടതും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്. അങ്ങനെയുള്ള

നിർദ്ദേശങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13-ാം ആക്റ്റ്) കീഴിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20-ാം ആക്റ്റ്) കീഴിലും ഉണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായിരിയ്ക്കേണ്ടതാണ്.

(2) പൊതുജനങ്ങളുടെ ഉപയോഗത്തിന് ആവശ്യമായത്രയും എണ്ണത്തിലും, ശരിയായ നിലവാരത്തിലും ശുചിമുറി സൗകര്യങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സർക്കാരുകൾ ഒരുക്കേണ്ടതാണ്. നാമമാത്രമായ പണം ഈടാക്കിയോ, അല്ലാതെയോ പൊതുജനാരോഗ്യത്തിന് ഹാനിയോ, ശല്യമോ ഉണ്ടാകാത്ത വിധം ഇവ വൃത്തിയായി പരിപാലിക്കേണ്ടതാണ്.

(3) വ്യക്തിഗത താമസത്തിനുള്ളതൊഴികെ മനുഷ്യവാസത്തിനോ ഉപയോഗത്തിനോ ഉദ്ദേശിച്ചിട്ടുള്ള ഏത് കെട്ടിടത്തിലും നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആവശ്യത്തിന് ശുചിമുറി സൗകര്യങ്ങൾ കെട്ടിട ഉടമസ്ഥയോ നടത്തിപ്പുകാരിയോ ഒരുക്കേണ്ടതാണ്. ഇത്തരം സൗകര്യങ്ങൾ അപര്യാപ്തമാണെങ്കിൽ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് രേഖാമൂലം നോട്ടീസ് നൽകി നോട്ടീസിൽ ആവശ്യപ്പെട്ട സൗകര്യങ്ങൾ ഒരുക്കണമെന്ന് നിർദേശിക്കാവുന്നതും നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(4) ജോലി സ്ഥലങ്ങൾ, ബിസിനസ്സ് സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുൾപ്പെടെ എല്ലാ പൊതുസ്ഥലങ്ങളിലും സ്ത്രീകൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്ററുകൾ എന്നിവർ ഉൾപ്പെടെയുള്ളവർക്ക് സൗഹൃദപരമായ ശുചിമുറി സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(5) എല്ലാ ശുചിമുറികളും,—

(എ) ഉപയോഗിക്കുന്ന ആളുകളുടെ ആരോഗ്യവും സ്വകാര്യതയും പരിരക്ഷിക്കുന്ന രീതിയിൽ നിർമ്മിക്കേണ്ടതും;

(ബി) രോഗപകർച്ച ഒഴിവാക്കുന്ന രീതിയിൽ വൃത്തിയായി പരിപാലിക്കേണ്ടതും;

(സി) ആയത് പ്രദേശത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ട്

ശാസ്ത്രീയമായ സംസ്ക്കരണ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കേണ്ടതും;

(ഡി) പരിസരത്ത് മലിനജലം കെട്ടിക്കിടക്കാതെയും, ശരിയായ രീതിയിലും അറ്റകുറ്റപ്പണികൾ നടത്തിയും, സമീപവാസികൾക്ക് ശല്യമാകാത്ത രീതിയിലും പരിപാലിക്കേണ്ടതും; ആകുന്നു.

(6) ഒരു ശുചിമുറി പൊതുസഭ്യതയ്ക്ക് എതിരോ, ശല്യമോ ആകത്തക്ക വിധത്തിൽ സ്ഥാപിക്കുകയോ, നിർമ്മിക്കുകയോ ചെയ്തിട്ടുള്ളതാണെങ്കിലോ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്നെങ്കിലോ (5)-ാം ഉപവകുപ്പിലെ നിബന്ധനകൾ പാലിക്കുന്നില്ലെങ്കിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് രേഖാമൂലമുള്ള നോട്ടീസിനാൽ, നിർദ്ദേശിച്ച സമയത്തിനുള്ളിൽ, അത് നീക്കംചെയ്യുവാനോ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുവാനോ ഉടമസ്ഥയോട് അല്ലെങ്കിൽ നടത്തിപ്പുകാരിയോട് ആവശ്യപ്പെടാവുന്നതാണ്."

(7) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത കെട്ടിട ഉടമസ്ഥ അല്ലെങ്കിൽ നടത്തിപ്പുകാരി ആറു മാസം വരെയുള്ള തടവിനോ പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴയ്ക്കോ, രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്."

ഖണ്ഡം 19

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 19

204. മാർജിനൽ ശീർഷകം "ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്തൽ" എന്ന് മാറ്റുക.

205. 19 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) വ്യക്തിഗത താമസസ്ഥലങ്ങൾ ഒഴികെയുള്ളതും നിർണ്ണയിക്കുന്ന പ്രകാരമുള്ള എണ്ണം വ്യക്തികൾ താമസിക്കുന്നതോ ജോലി ചെയ്യുന്നതോ ആയ എല്ലാ സ്ഥാപനങ്ങളിലും പബ്ലിക്ക് ഹെൽത്ത് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥയോ നിശ്ചിത സമയങ്ങളിൽ പരിശോധിച്ച് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും എന്തെങ്കിലും അപാകതകൾ കണ്ടെത്തുന്നപക്ഷം ആയത് പരിഹരിക്കണമെന്ന് നിർദ്ദേശിച്ച് സ്ഥാപന ഉടമസ്ഥയ്ക്കോ അല്ലെങ്കിൽ നടത്തിപ്പുകാരിക്കോ നോട്ടീസ് നൽകേണ്ടതും ആയത് സ്ഥാപന ഉടമസ്ഥയോ അല്ലെങ്കിൽ നടത്തിപ്പുകാരിയോ നടപ്പിൽ വരുത്തേണ്ടതുമാണ് ."

206. പുനരക്കം ചെയ്ത ഖണ്ഡം 19 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഒന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപന ഉടമസ്ഥ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്."

ഖണ്ഡം 20

207. പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

" 20. തെരുവുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങളും ചവറുകളും മറ്റും നിക്ഷേപിക്കുന്നത് നിരോധിക്കൽ.—(1) യാതൊരാളും തെരുവുകളിലോ പൊതുസ്ഥലങ്ങളിലോ മാലിന്യങ്ങളോ ചവറുകളോ അതുപോലെയുള്ളവയോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(2) തെരുവിലോ പൊതു, സ്വകാര്യ ഇടങ്ങളിലോ, നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന സാഹചര്യങ്ങളിൽ, പൊതുജനാരോഗ്യ താൽപര്യം മുൻനിർത്തി മാലിന്യം നീക്കം ചെയ്യുന്നതിനും, തുടർ നടപടിക്കുമുള്ള ശിപാർശ പബ്ലിക് ഹെൽത്ത് ഓഫീസർ തദ്ദേശ സർക്കാരിന് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്യുന്ന ഏതൊരാളും മൂന്നുവർഷം വരെയാകാവുന്ന തടവിനോ പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴയ്ക്കോ, അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്."

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 21 നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

## അദ്ധ്യായം 5

208. അദ്ധ്യായം 5-ലെ ശീർഷകത്തിൽ "ഇല്ലാതാക്കൽ" എന്നതിനു പകരം "ഒഴിവാക്കൽ" എന്ന് ചേർക്കുക

## ഖണ്ഡം 21

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 21 -ൽ

209. പുനരക്കം ചെയ്ത ഖണ്ഡം 21-ന്റെ മാർജിനൽ ശീർഷകത്തിൽ "ചില" എന്ന വാക്ക് ഒഴിവാക്കുക.

210. ഖണ്ഡം 21-ൽ "ശല്ല്യം" എന്നതിന് പകരം "ശല്യം" എന്ന് ചേർക്കുക.

211. ഖണ്ഡം 21(i) "ഏതെങ്കിലും പരിസരം ആരോഗ്യത്തിന് ഹാനികരമായ വിധത്തിലാക്കുക " എന്ന് മാറ്റുക.

212. ഖണ്ഡം 21(ii)-താഴെപ്പറയും പ്രകാരം മാറ്റുക.

"(ii) ഏതെങ്കിലും നദി, കായൽ, കുളം, തടാകം, തോട്, അരുവി, നീർത്തൊട്ടി, ഓവുചാൽ തുടങ്ങിയ ജലസ്രോതസ്സുകൾ മലിനമായതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ അവസ്ഥയിൽ ആക്കുക;"

213. ഖണ്ഡം 21 (iii) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(iii) ചാരക്കുഴി, ചാണകക്കുഴി, കമ്പോസ്റ്റ് കുഴി, സെപ്റ്റിക് ടാങ്ക്, ബയോഗ്യാസ് പ്ലാന്റ്, മാലിന്യ ശേഖരണ സംവിധാനങ്ങൾ മുതലായവ വേണ്ടത്ര പരിപാലനവും സുരക്ഷയുമില്ലാതെ മലിനമായതോ, ആരോഗ്യത്തിന് ഹാനികരമായതോ ആയ അവസ്ഥയിൽ ആക്കുക;"

214. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (iv)-ൽ "മൃഗത്തെ " എന്നതിന് ശേഷം "ഒറ്റയ്ക്കോ കൂട്ടമായോ" എന്ന് ചേർക്കുക.

215. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (vi) താഴെപ്പറയും പ്രകാരം മാറ്റുക.

"(vi) വേണ്ടത്ര വായുസഞ്ചാര മാർഗ്ഗങ്ങൾ നൽകാതെയും വിഷമയമായ മാലിന്യങ്ങളിൽ നിന്നും സംരക്ഷണമൊരുക്കാതെയും ജോലി സമയത്ത് തിക്കുംതിരക്കും ഉണ്ടാകുന്ന വിധത്തിലും ആരോഗ്യത്തിന് ഹാനികരമാകുന്ന അവസ്ഥയിൽ ഏതെങ്കിലും ഫാക്ടറി, വർക്ക് ഷോപ്പ്, ജോലി സ്ഥലം, കടകൾ, ഭക്ഷണശാലകൾ മുതലായവ പ്രവർത്തിപ്പിക്കുക;"

216. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (vii) താഴെപ്പറയും പ്രകാരം മാറ്റുക.

"(vii) തീ കൂട്ടുന്ന സ്ഥലം, ചൂള മുതലായവയിൽ നിന്നുണ്ടാകുന്ന പുക ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനിടവരുത്തുക;"

217. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (viii) താഴെപ്പറയും പ്രകാരം മാറ്റുക.

"(viii) പുക പുറന്തള്ളുന്ന ചിമ്മിനികൾ ആരോഗ്യത്തിന് ഹാനികരമായ അളവിലോ രീതിയിലോ ഉയരത്തിലോ നിലനിർത്തുക;"

218. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (ix) താഴെപ്പറയും പ്രകാരം മാറ്റുക.

"(ix) ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ശബ്ദം, ഒച്ച, പ്രകമ്പനം, പൊടി, ചാരം, അസഹ്യഗന്ധം, വിഷവസ്തു അല്ലെങ്കിൽ അറപ്പുളവാക്കുന്ന കാഴ്ച എന്നിവ ഉണ്ടാക്കുക;"

219. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (x) താഴെപ്പറയും പ്രകാരം മാറ്റുക.

"(x) എക്സ്റേ യൂണിറ്റ്, ക്ലിനിക്കൽ ലബോറട്ടറി, സ്കാൻ സെന്റർ അല്ലെങ്കിൽ ആശുപത്രി എന്നിവ ആരോഗ്യത്തിന് ഹാനികരമായ അവസ്ഥയിൽ ശരിയായ മുൻകരുതൽ നടപടികളില്ലാതെ നിലനിർത്തുക;"

220. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xi) താഴെപ്പറയും പ്രകാരം മാറ്റുക.

"(xi) ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഏതെങ്കിലും ഹോട്ടൽ അല്ലെങ്കിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനം, അറവുശാല, ഇറച്ചിക്കട,

കോഴിക്കട, മിൽക്ക് സ്റ്റാൾ, മാർക്കറ്റ്, ഐസ് ഫാക്ടറി, ലോഡ്ജുകൾ, അതിന് സമാനമായ താമസത്തിനുള്ള സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ നടത്തുകയോ നിലനിർത്തുകയോ ചെയ്യുക;"

221. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xii) -ൽ "ഏതെങ്കിലും" എന്നത് ഒഴിവാക്കുക.

222. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xiii) -ൽ

"ഇട്ടിരിക്കുക" എന്നതിനു പകരം "നിലനിർത്തുക" എന്ന് ചേർക്കുക.

"എന്നിവ" എന്ന വാക്ക് ഒഴിവാക്കുക.

"അത്തരത്തിലുള്ള" എന്ന വാക്ക് ഒഴിവാക്കുക

223. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xiv) താഴെപ്പറയും പ്രകാരം മാറ്റുക.

"(xiv) കൊതുകുകളുടെ പ്രജനനത്തിന് സഹായകരമായ രീതിയിൽ വെള്ളം കെട്ടിനിൽക്കാൻ ഇടയാക്കുകയോ കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലശേഖരങ്ങളോ, വെള്ളക്കെട്ടുകളോ സൃഷ്ടിക്കുകയോ, നിർമ്മാർജ്ജനം ചെയ്യാതിരിക്കുകയോ ചെയ്യുക;"

224. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xv) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(xv) ഈച്ചകൾ, മണലീച്ചകൾ, പാറ്റകൾ, ചെള്ളുകൾ, ഒച്ചുകൾ മുതലായവ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ പെരുകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയോ, അവ നിർമ്മാർജ്ജനം ചെയ്യാതിരിക്കുകയോ ചെയ്യുക;"

225. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xvi)-ൽ

"ഏതെങ്കിലും പന്നിക്കൂട് "എന്നതിനു പകരം "പന്നിഫാം" എന്ന് ചേർക്കുക.

"എന്നിവ " എന്നതിനു പകരം "മുതലായവ" എന്ന് ചേർക്കുക.

" ഇടുക " എന്നതിനു പകരം "നിലനിർത്തുക" എന്ന് ചേർക്കുക.

226. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xvii) താഴെപ്പറയും പ്രകാരം മാറ്റുക.

"(xvii) തെരുവുനായ്ക്കൾ, മൂഷിക വർഗ്ഗത്തിൽപ്പെട്ട ജീവികൾ മുതലായവയ്ക്ക് താവളമാകുന്ന രീതിയിൽ ഏതെങ്കിലും സംഭരണശാലയോ അതിന്റെ പരിസരമോ മാലിന്യക്കൂമ്പാരമോ അല്ലെങ്കിൽ അതുപോലുള്ളവയോ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ നിലനിർത്തുക;"

ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xviii) -ൽ.

227. "മാലിന്യങ്ങൾ" എന്നതിനു ശേഷം വരുന്ന ഭാഗം "വാഹനത്തിലോ മറ്റു രീതിയിലോ കൊണ്ടുപോകുക;" എന്ന് മാറ്റുക.

228. ഖണ്ഡം 21-ലെ പുനരക്കം ചെയ്ത ഇനം (xviii)-ന് ശേഷം (xix), (xx) -ആയി താഴെപ്പറയുന്നവ ചേർക്കുക.

"(xix) പൊതുജനാരോഗ്യ പ്രവർത്തനങ്ങളെയോ ലക്ഷ്യങ്ങളെയോ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും തരത്തിൽ അസത്യമോ വ്യാജമോ ആയ പ്രചരണം നടത്തുക; കൂടാതെ "

"(xx) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേയ്ക്കായി നിർണ്ണയിക്കപ്പെടുന്ന മറ്റ് സംഗതികൾ;"

ഖണ്ഡം 22

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 22 -ൽ

229. "പ്രാദേശത്ത്" എന്നതിന് പകരം "പ്രദേശത്ത്" എന്ന് ചേർക്കുക.

230. മാർജിനൽ ശീർഷകത്തിൽ "ശല്ല്യം" എന്നതിന് പകരം "ശല്യം"എന്ന് ചേർക്കുക.

231 "ഏതൊരാൾക്കും" എന്ന് വരുന്നിടത്തെല്ലാം "ഏതൊരു വ്യക്തിക്കും" എന്ന് ചേർക്കുക.

232. "അതേക്കുറിച്ച്" എന്നതിന് ശേഷം വരുന്ന ഭാഗം "പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കോ പ്രാദേശിക പൊതുജനാരോഗ്യ സമിതിക്കോ രേഖാമൂലം പരാതി നൽകാവുന്നതാണ്." എന്ന് മാറ്റുക.

ഖണ്ഡം 23

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 23 -ൽ

233. മാർജിനൽ ശീർഷകത്തിൽ "പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസറുടെ" എന്നും "ശല്ല്യം" " എന്നതിന് പകരം "ശല്യം" എന്നും ചേർക്കുക.

ഖണ്ഡം 23(1)

234. "ഒരു വിവരത്തിന്റെയോ അല്ലെങ്കിൽ 25-ാം വകുപ്പ്" എന്നതിന് പകരം "22-ാം വകുപ്പ്" എന്ന് ചേർക്കുക.

235. "പരാതിയുടെ" എന്നതിന് പകരം "വിവരത്തിന്റെ" എന്ന് ചേർക്കുക.

236. "പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

237. "അധികാരിയ്ക്ക്" എന്നതിന് പകരം "ഓഫീസർക്ക്" എന്ന് ചേർക്കുക.

238. "അയാൾക്ക്" എന്നതിന് പകരം "ആ വ്യക്തിക്ക്" എന്ന് ചേർക്കുക.

239. "അയാളെ" എന്നതിന് പകരം "വ്യക്തിയെ" എന്ന് ചേർക്കുക.

240. "ശല്ല്യം" എന്നതിന് പകരം "ശല്യം" എന്ന് ചേർക്കുക.

241. "ഉടമയോടോ" എന്നതിന് പകരം "ഉടമയസ്ഥയോടോ" എന്ന് ചേർക്കുക.

242. "സ്വീകരിക്കുന്നതിനായോ" എന്നതിന് പകരം "സ്വീകരിക്കുവാനോ" എന്ന് ചേർക്കുക.

243. "കൈവശക്കാരനോടോ" എന്നതിന് പകരം "കൈവശക്കാരിയോടോ" എന്ന് ചേർക്കുക.

244. "അത്" എന്നതിന് മുൻപ് "നോട്ടീസ് മുഖേന നിശ്ചിത കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

245. "ആവശ്യമായ" എന്നത് ഒഴിവാക്കുക.

<u>ഖണ്ഡം 23(1)(എ)</u>

246. "എടുപ്പിന്റെ" എന്നതിന് പകരം "കെട്ടിടത്തിന്റെ" എന്നും "പരിസരത്തിന്റെ" എന്നതിന് പകരം "അതിന്റെ" എന്നും ചേർക്കുക.

247. "ശല്ല്യം" എന്നതിന് പകരം "ശല്യം" എന്ന് ചേർക്കുക.

248. "ഉടമയ്ക്ക്" എന്നതിന് പകരം "ഉടമസ്ഥയ്ക്ക്" എന്ന് ചേർക്കുക.

249. "കൂടാതെ" എന്നത് ഒഴിവാക്കുക.

250. ഖണ്ഡം 23(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) ശല്യം ഉണ്ടായത് അല്ലെങ്കിൽ അത് തുടരുന്നത്, ഉടമസ്ഥയുടെയോ കൈവശക്കാരിയുടെയോ, പ്രവൃത്തിയോ വീഴ്ചയോ കൊണ്ടല്ലായെങ്കിൽ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക്, ശല്യം ആവർത്തിക്കുന്നത് തടയുന്നതിന് വേണ്ടിയോ ഇല്ലാതെയാക്കുന്നതിന് വേണ്ടിയോ ആവശ്യമുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതിന് തദ്ദേശ സർക്കാരിനോട് രേഖാമൂലം_ശിപാർശ ചെയ്യേണ്ടതും; കൂടാതെ,"

251. പുനരക്കം ചെയ്ത 23(1)(ബി)-യുടെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

252. പുനരക്കം ചെയ്ത 23(1)(ബി)-ക്ക് ശേഷം (സി) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(സി) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ആർക്കാണോ അത്തരം നോട്ടീസ് നൽകിയത്, ആ വ്യക്തിയുടെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ, കേസിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രാദേശിക പൊതുജനാരോഗ്യ സമിതിക്ക് അത്തരം നോട്ടീസിൽ നിർദ്ദേശിച്ച കാലയളവ് നീട്ടി നൽകാവുന്നതുമാണ്."

253. ഖണ്ഡം 23(2) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

254. പുനരക്കം ചെയ്ത പ്രകാരമുള്ള 23(2), 23(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ശല്യം ഒഴിവാക്കുന്ന ആവശ്യത്തിലേക്കായുള്ള പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് കൈപ്പറ്റി എന്നത് കൊണ്ടോ, ശല്യം ഒഴിവാക്കാനുള്ള പ്രവൃത്തികൾ നടത്തിയതുകൊണ്ടോ മാത്രം ഒരു കൈവശക്കാരിയ്ക്ക് പ്രസ്തുത സ്ഥലത്തിന്മേൽ യാതൊരു നിയമപരമായ അവകാശമോ ഉടമസ്ഥാവകാശമോ മറ്റ് അവകാശങ്ങളോ ലഭ്യമാകുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നോട്ടീസ് ലഭിച്ച ഏതെങ്കിലും വ്യക്തി, ഉടമസ്ഥ, അല്ലെങ്കിൽ കൈവശക്കാരി നോട്ടീസിൽ നൽകിയ അല്ലെങ്കിൽ ദീർഘിപ്പിച്ച് നൽകിയ സമയത്തിനുള്ളിൽ ആയതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ, 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും. ശല്യം ഇല്ലാതാക്കുന്നതിനും അതിന്റെ ആവർത്തനം തടയുന്നതിനും ആവശ്യമാണെന്ന് കരുതുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ്. "

പുനരക്കം ചെയ്ത പ്രകാരമുള്ള 23(4)-ൽ

255. "പൊതുജനാരോഗ്യ അധികാരി" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് ചേർക്കുക.

256. "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്" എന്നതിന് പകരം "പ്രാദേശിക പൊതുജനാരോഗ്യ സമിതിയ്ക്ക്" എന്ന് ചേർക്കുക.

ഖണ്ഡം 24

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 24 -ൽ

257. മാർജിനൽ ശീർഷകത്തിൽ "ശല്ല്യത്താൽ" എന്നതിന് പകരം "ശല്യത്താൽ" എന്നു ചേർക്കുക.

258. മാർജിനൽ ശീർഷകത്തിൽ "ആൾതാമസത്തിനു" എന്നതിന് പകരം "ആൾത്താമസത്തിന്" എന്നും "വീട്" എന്നതിന് പകരം "വീടോ കെട്ടിടമോ" എന്നും ചേർക്കുക.

259. "പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

260. "വാസസ്ഥലമായി" എന്നതിന് പകരം "താമസത്തിനുള്ള പാർപ്പിടമായി" എന്ന് ചേർക്കുക.

261. "അയാൾ" എന്നത് ഒഴിവാക്കുക.

ഖണ്ഡം 25

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 25 -ൽ

262. മാർജിനൽ ശീർഷകത്തിൽ "ശല്ല്യം" എന്നതിന് പകരം "ശല്യം" എന്ന് ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 25(1)-ൽ

263. ഉപഖണ്ഡത്തിന്റെ ക്രമനമ്പർ "(1)" എന്നത് ഒഴിവാക്കുക.

264. "വരുത്തുമ്പോഴോ, " എന്നതിന് ശേഷം "പൊതുസ്ഥലങ്ങൾ ഉൾപ്പെടെ" എന്ന് ചേർക്കുക.

265. "(ഏതെങ്കിലും തെരുവ് ഉൾപ്പെടെ)" എന്നത് ഒഴിവാക്കുക.

266. "സാധനങ്ങൾ" എന്നതിന് മുൻപുള്ള "ഏതെങ്കിലും" ഒഴിവാക്കുക.

267. "സാധനങ്ങൾ," എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് കൈകാര്യം ചെയ്യാവുന്നതാണ് ." എന്ന് ചേർക്കുകയും ശേഷിക്കുന്ന ഭാഗം വിട്ടുകളയേണ്ടതുമാണ് .

268. പുനരക്കം ചെയ്ത ഖണ്ഡം 25(2), 25(3), 25(4) എന്നിവ നീക്കം ചെയ്യേണ്ടതാണ്.

ഖണ്ഡം 26(പഴയ 29)

269. പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 26 നീക്കം ചെയ്യുക.

ഖണ്ഡം 26(പഴയ 30)

270. പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 26 നീക്കം ചെയ്യുക.

ഖണ്ഡം 26(പഴയ 31)

271. പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 26 താഴെപ്പറയും പ്രകാരം മാറ്റുക.

"(26) പ്രാദേശിക മേഖലയ്ക്ക് പുറത്ത് പ്രവൃത്തിയോ വീഴ്ചയോ മൂലമുണ്ടാകുന്ന ശല്യം.— ഏതെങ്കിലും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് തന്റെ പ്രാദേശിക മേഖലയെയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ ബാധിക്കുന്ന ഒരു ശല്യം അത്തരം പ്രാദേശിക മേഖലയ്ക്ക് പുറത്ത് ചെയ്യുതോ സംഭവിക്കുന്നതോ ആയ ഏതൊരു പ്രവൃത്തിയോ വീഴ്ചയോ കൊണ്ട് പൂർണ്ണമായോ ഭാഗികമായോ ഉണ്ടായതാണെന്ന കാണുന്നപക്ഷം അക്കാര്യം ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹം ആ ശല്യം ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. പ്രാദേശിക മേഖലകൾ രണ്ട് ജില്ലകളിൽ ഉൾപ്പെടുന്നതാണെങ്കിൽ ശല്യം ഉണ്ടായ പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറിലൂടെ അക്കാര്യം സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹം വേണ്ട നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്."

അദ്ധ്യായം - 6

272. അദ്ധ്യായം 6-ന്റെ ശീർഷകത്തിൽ "ശൈശവ-കൗമാര" എന്നതിന്ന പകരം "ശൈശവ, കൗമാര" എന്ന് ചേർക്കുക.

ഖണ്ഡം 27

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 27-ൽ

മാർജിനൽ ശീർഷകത്തിൽ

273. " പ്രാദേശിക പൊതുജനാരോഗ്യ അധികാരി" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് ചേർക്കുക.

274. "അവസ്ഥ" എന്നതിനു ശേഷം "മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ" എന്ന് ചേർക്കുക.

275. “ (RMNCAH)” എന്നത് ഒഴിവാക്കുക.

<u>ഖണ്ഡം 27(1)</u>

276. “ ഓരോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും” എന്നതിനുപകരം “ സംസ്ഥാന, ജില്ലാ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ” എന്ന് ചേർക്കുക.

277. “ആരോഗ്യവും” എന്നതിനുപകരം “ആരോഗ്യം” എന്ന് ചേർക്കുക.

278. “RMNCAH” എന്നത് ഒഴിവാക്കുക.

279. “അത്തരം നടപടികൾ” എന്നതിനുപകരം “പരിപാടികൾ” എന്ന് ചേർക്കുക.

280. ഖണ്ഡം 27(2) താഴെപ്പറയും പ്രകാരം മാറ്റുക:

“(1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിലേക്ക് സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കും ആവശ്യമായ പിന്തുണ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും തദ്ദേശ സർക്കാരുകളും നൽകേണ്ടതാണ്.”

<u>ഖണ്ഡം 27(3)</u>

281. “വിജ്ഞാപനം ചെയ്യുന്ന” എന്നതിനുപകരം “ നിർദ്ദേശിക്കുന്ന” എന്ന് ചേർക്കുക.

282. “RMNCAH” എന്നത് ഒഴിവാക്കുക.

283. "പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിനു പകരം “ പബ്ലിക് ഹെൽത്ത് ഓഫീസറുടെ” എന്ന് ചേർക്കുക.

284. 30(4) താഴെപ്പറയും പ്രകാരം മാറ്റുക:

"(4) മാതൃ-ശിശു ആരോഗ്യവും ക്ഷേമവും പ്രോൽസാഹിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനോ തടയുന്നതിനോ മാറ്റം വരുത്തുന്നതിനോ ഏതെങ്കിലും വ്യക്തിയോടോ സ്ഥാപനത്തോടോ രേഖാമൂലമോ അല്ലാതെയോ നിർദ്ദേശിക്കാൻ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ആ വ്യക്തിയോ സ്ഥാപനമോ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ഇക്കാര്യം ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറെയും തുടർന്ന് ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ

സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറെയും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ സർക്കാരിനെയും അറിയിക്കേണ്ടതും ആയതിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

അദ്ധ്യായം - 7

285. അദ്ധ്യായം 7-ന്റെ ശീർഷകത്തിൽ "പകർച്ച വ്യാധികളുടെയും" എന്നതിനുപകരം "പകർച്ചവ്യാധികളുടെയും" എന്ന് ചേർക്കുക.

ഖണ്ഡം 28

286. പുനരക്കം ചെയ്ത ഖണ്ഡം 28 താഴെപ്പറയും പ്രകാരം മാറ്റുക.

"28. പകർച്ചവ്യാധികളും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളും.—(1) ഈ ആക്റ്റിലെ 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം പകർച്ചവ്യാധി എന്നതിന്റെ നിർവചനത്തിൽപ്പെടുന്ന എല്ലാ രോഗങ്ങളെയും ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി പകർച്ചവ്യാധി എന്ന് കണക്കാക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെ ആവശ്യത്തിനായി, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്,—

(i) ക്ഷയം;

(ii) ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ളതോ ഭാവിയിൽ കൂട്ടിച്ചേർക്കുന്നതോ ആയ രോഗങ്ങൾ (മലേറിയ, മന്ത്, ജപ്പാൻ ജ്വരം, ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, കാലാ അസർ മുതലായവ);

(iii) സിക്ക;

(iv) ടൈഫസ് വിഭാഗത്തിൽപ്പെടുന്ന എല്ലാ പനികളും (സ്ക്രബ് ടൈഫസ്, എപ്പിഡമിക് ടൈഫസ് തുടങ്ങിയവ);

(v) ആന്ത്രാക്സ്;

(vi) പക്ഷിപ്പനി ഉൾപ്പെടെ ഇൻഫ്ലുവൻസ-എ വിഭാഗത്തിലുള്ള പനികൾ;

(vii) മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന എല്ലാ പനികളും;

(viii) യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതോ, ഭാവിയിൽ കൂട്ടിച്ചേർക്കുന്നതോ ആയ രോഗങ്ങൾ (പോളിയോ, ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ്, മീസിൽസ്, ഹെപ്പറ്റൈറ്റിസ്-ബി, ഹീമോഫിലസ് ഇൻഫ്ലുവൻസ-ബി മൂലമുള്ള ന്യൂമോണിയ അല്ലെങ്കിൽ മെനിഞ്ചൈറ്റിസ്, ന്യൂമോക്കോക്കസ് മൂലമുള്ള രോഗങ്ങൾ, റുബല്ല മുതലായവ);

(ix) അക്യൂട്ട് ഫ്ലാസിഡ് പരാലിസിസ്;

(x) മങ്കിപോക്സ്;

(xi) പേ വിഷബാധ (റാബീസ്);

(xii) നിപ;

(xiii) സാർസ്, മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം, കോവിഡ്-19 തുടങ്ങിയ കൊറോണ വൈറസ് അണുബാധകൾ;

(xiv) എലിപ്പനി;

(xv) പ്ലേഗ്;

(xvi) കുഷ്ഠം;

(xvii) ആന്റിബയോട്ടിക് അതിജീവന ഭീഷണിയുടെ പശ്ചാത്തലത്തിൽ റിപ്പോർട്ടിംഗ് ആവശ്യമാണെന്ന് സർക്കാർ നിശ്ചയിക്കുന്ന അണുബാധകൾ;

(xviii) കാലാകാലങ്ങളിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ വിജ്ഞാപനത്തിലൂടെ സംസ്ഥാനത്തൊട്ടാകെയോ, സംസ്ഥാനത്തിന്റെ ഒരു പ്രദേശത്തോ വിജ്ഞാപനപ്പെടുത്തേണ്ടതായി പ്രഖ്യാപിക്കുന്ന രോഗങ്ങൾ."

(3)സർക്കാരിന്, വിവരങ്ങൾ ശേഖരിക്കേണ്ടതോ ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതോ ആയ എതെങ്കിലും പകരുന്നതോ അല്ലാത്തതോ ആയ രോഗത്തെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

(4) വിജ്ഞാപനപ്പെടുത്തേണ്ട ഏതെങ്കിലും പകർച്ചവ്യാധി ഏതെങ്കിലും വ്യക്തികളുടെയോ, സർക്കാർ ആശുപത്രിയുടെയോ, സ്വകാര്യ ആശുപത്രിയുടെയോ, ക്ലിനിക്കിന്റെയോ അല്ലെങ്കിൽ ലബോറട്ടറിയുടെയോ, ഗവേഷണ സ്ഥാപനങ്ങളുടെയോ ശ്രദ്ധയിൽപ്പെടുകയോ, അറിയപ്പെടുകയോ ചെയ്താൽ, വ്യക്തിയോ സ്ഥാപനമോ ഉടൻതന്നെ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരമുള്ള വിവരം ലഭിക്കുമ്പോൾ, അത്തരം രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനും അത് ഉന്മൂലനം ചെയ്യുന്നതിനുമായി പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ ഉടൻതന്നെ ഇടപെടേണ്ടതാണ്."

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തിയോ സ്ഥാപനമോ, 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

നിലവിലെ ഖണ്ഡം 29 നീക്കം ചെയ്യുകയും പകരം താഴെപ്പറയുന്നത് ഖണ്ഡം 29 ആയി ചേർക്കുകയും ചെയ്യുക.

ഖണ്ഡം 29

287. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 29 ആയി താഴെപ്പറയുന്നത് ചേർക്കുക.

"29. അതിഥിത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും പകർച്ചവ്യാധി പ്രതിരോധവും.—പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ആരോഗ്യ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും തദ്ദേശ സർക്കാരുകളുടെയും സഹകരണത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

(i) അതിഥിത്തൊഴിലാളികളുടെ ആരോഗ്യ പരിശോധനകൾ കൃത്യമായ ഇടവേളകളിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

(ii) അത്തരം പരിശോധനകളിൽ, സംസ്ഥാനത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതിന് ആരോഗ്യ പരിപാടികൾ നിലവിലുള്ള പകർച്ചവ്യാധികളോ രോഗങ്ങളോ കണ്ടെത്തിയാൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറെ രേഖാമൂലം അറിയ്ക്കേണ്ടതാണ്.

(iii) അതിഥിത്തൊഴിലാളികളുടെ താമസയിടങ്ങളിൽ ആർക്കെങ്കിലും ഏതെങ്കിലും

പകർച്ചവ്യാധി പിടിപെടുകയോ വ്യാപനം ഉണ്ടാവുകയോ ചെയ്താൽ അങ്ങനെയുള്ളവർക്ക് ചികിത്സ ലഭ്യമാകുന്നു എന്നുറപ്പാക്കുകയും അതത് സ്ഥലങ്ങളിൽ പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്."

ഖണ്ഡം 30

പുനരക്കം ചെയ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡം 30- ൽ

288. പുനരക്കം ചെയ്ത ഖണ്ഡം 30(1)-ൽ " പൊതുജനാരോഗ്യ അധികാരി" എന്നതിനുപകരം " പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന് ചേർക്കുക.

289. പുനരക്കം ചെയ്ത ഖണ്ഡം 30(1)-ൽ "വന്നാൽ," എന്നതിനു ശേഷം " തദ്ദേശസർക്കാരുകളുടെ സഹായത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ആതായത്,– " എന്ന് ചേർക്കുക.

290. പുനരക്കം ചെയ്ത ഖണ്ഡം 30(1)(എ) "അനുഭവിക്കുന്ന ആളുകളെ" എന്നതിനുപകരം " ഉള്ള വ്യക്തികളെ" എന്ന് ചേർക്കുക.

291. പുനരക്കം ചെയ്ത ഖണ്ഡം 30(1)(എ) “സ്വീകരിക്കുന്നതിനും ചികിത്സയ്ക്കുമായി” എന്നതിനുപകരം “ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും” എന്ന് ചേർക്കുക.

292. പുനരക്കം ചെയ്ത ഖണ്ഡം 30(1)(എ) “വാർദ്ധുകൾ” എന്നതിനുപകരം “ വാർദ്ധുകളും” എന്ന് ചേർക്കുക.

293. പുനരക്കം ചെയ്ത ഖണ്ഡം 30(1)(എ) “നൽകുകയോ നൽകാൻ കാരണമാക്കുകയോ ചെയ്യേണ്ടതും” എന്നതിനുപകരം “ സജ്ജീകരിക്കേണ്ടതും” എന്ന് ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 30(1)(ബി)-ൽ

294. “സഹായികളോടെയും അനിയോജ്യമായ” എന്നത് ഒഴിവാക്കുക.

295. “ചെയ്യേണ്ടതും” എന്നതിനുപകരം “ ചെയ്യേണ്ടതും” എന്ന് ചേർക്കുക.

296. പുനരക്കം ചെയ്ത ഖണ്ഡം 30(1)(സി)-ൽ

“ആയ” എന്നതിനു ശേഷം വരുന്ന ഭാഗം “വ്യക്തികൾക്ക് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും” എന്ന് ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 30(1)(ഡി)-ൽ

297. ആരംഭം മുതൽ “സൗജന്യമായോ,” എന്നുവരെയുള്ള ഭാഗം ഒഴിവാക്കുക.

298. “എന്നിവ” എന്നതിനു ശേഷമുള്ള ഭാഗം ഒഴിവാക്കുകയും പകരം “ഉചിതമായ രീതിയിൽ അണുവിമുക്തമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.” എന്ന് ചേർക്കുകയും ചെയ്യുക.

299. പുനരക്കം ചെയ്ത ഖണ്ഡം 30(2)-ൽ

“ആരോഗ്യപരിപാലന” എന്നതിനുപകരം “ ആരോഗ്യസംരക്ഷണ” എന്ന് ചേർക്കുക.

300. പുനരക്കം ചെയ്ത ഖണ്ഡം 30(2)(ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ളതോ ഉള്ളതായി സംശയിക്കപ്പെടുകയോ ചെയ്യുന്നവർക്കുള്ള രോഗനിർണ്ണയം, നൽകുന്ന സേവനങ്ങൾ, എന്നിവയുടെ വിശദാംശങ്ങൾ;"

301. പുനരക്കം ചെയ്ത ഖണ്ഡം 30(2)(സി)-ൽ

“ആൾക്കാർക്ക്” എന്നതിനുപകരം “വ്യക്തികൾക്ക്” എന്നു ചേർക്കുകയും “ വൈദ്യ” എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

302. പുനരക്കം ചെയ്ത ഖണ്ഡം 30(2)-ന്റെ അവസാന ഭാഗത്ത് " പൊതുജനാരോഗ്യ അധികാരിക്കും" എന്ന് വരുന്നിടത്തെല്ലാം പകരം " പബ്ലിക് ഹെൽത്ത് ഓഫീസർക്കും" എന്നു ചേർക്കുക.

ഖണ്ഡം 31

303. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 31-ൽ

ഖണ്ഡം 31(1) താഴെപ്പറയും പ്രകാരം മാറ്റുക

"(1) ഏതു ചികിത്സാ സമ്പ്രദായത്തിലേയും ഓരോ മെഡിക്കൽ പ്രാക്ടീഷണറും, തന്റെ പ്രാക്ടീസ് വേളയിൽ ഏതെങ്കിലും സ്വകാര്യമോ, പൊതുവോ ആയ താമസസ്ഥലത്ത് പകർച്ചവ്യാധിയോ, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ നിലവിലുള്ളതായി അറിഞ്ഞാൽ, അല്ലെങ്കിൽ ആയത് മൂലം മരണപ്പെട്ടെന്ന് അറിയുകയോ, വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ചെയ്താൽ, ആ സംഗതി നേരത്തെ അറിയിച്ചിട്ടില്ലെങ്കിൽ പരമാവധി ഇരുപത്തിനാല് മണിക്കൂറിനകം പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും അല്ലെങ്കിൽ ഇതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റേതെങ്കിലും അധികാരിയ്ക്കും ആ വിവരം നൽകേണ്ടതാണ്."

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 31(2)-ൽ

304. "സംസ്ഥാന പൊതുജനാരോഗ്യ അധികാരി ഒരു സാംക്രമിക രോഗ" എന്നതിനുപകരം " 28-ാം വകുപ്പ് പ്രകാരം സർക്കാർ ഒരു പകർച്ചവ്യാധി" എന്നു ചേർക്കുക.

305. "സാമ്പിൾ" എന്നതിന് പകരം "സ്പെസിമൻ" എന്ന് ചേർക്കുക.

306. "ശേഖരണം" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

307. "രോഗത്തിനെ" എന്നതിന് പകരം "രോഗത്തെ" എന്ന് ചേർക്കുക.

308. "പരിപാലന" എന്നതിന് പകരം "സംരക്ഷണ" എന്ന് ചേർക്കുക.

309. "മെഡിക്കൽ" എന്നതിന് മുൻപായി "രജിസ്റ്റേർഡ്" എന്ന് ചേർക്കുക.

310 .പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 31(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്റ്റീഷണറും ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്.'

ഖണ്ഡം 32

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 32-ൽ

311. "ഓരോ ഫിസിഷ്യനും" എന്നത് ഒഴിവാക്കുക.

312. "ഒരാളെ" എന്നതിനുപകരം "ഒരു വ്യക്തിയെ" എന്നു ചേർക്കുക.

313. "ഏതൊരാളും" എന്നതിനുപകരം "ഏത് മെഡിക്കൽ പ്രാക്ടീഷണറും" എന്നു ചേർക്കുക.

314. പുനരക്കം ചെയ്ത ഖണ്ഡം 32(എ)-ൽ "ആളെ" എന്നതിനുപകരം " വ്യക്തിയെ" എന്നു ചേർക്കുക.

315. പുനരക്കം ചെയ്ത ഖണ്ഡം 32(ബി)-ൽ " തടയുന്നതിനാവശ്യമായ" എന്നതിനു ശേഷം " ശാസ്ത്രീയ" എന്നു ചേർക്കുക.

316. പുനരക്കം ചെയ്ത ഖണ്ഡം 32(ബി)-ൽ "അയാളെ നിർദ്ദേശിക്കേണ്ടതും" എന്നതിനുപകരം "അവർക്ക് നിർദ്ദേശം നൽകേണ്ടതും" എന്നു ചേർക്കുക.

317. പുനരക്കം ചെയ്ത ഖണ്ഡം 32(സി) "സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിച്ച വിധത്തിൽ, രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ആ വ്യക്തിക്ക് നൽകേണ്ടതുമാണ്. "

ഖണ്ഡം 33

318. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 33 താഴെപ്പറയും പ്രകാരം മാറ്റുക.

"33. <u>വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ നിന്നും ഒരാൾ മുക്തയായതായി രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ സാക്ഷ്യപ്പെടുത്തണമെന്ന്.—</u> (1) 28-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിലും 31-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിലും പരാമർശിച്ചിരിക്കുന്ന പകർച്ചവ്യാധികളോ ദേശീയ ആരോഗ്യപരിപാടികളിൽ ഉൾപ്പെട്ട അണുബാധകളോ ബാധിച്ച ഒരു വ്യക്തിക്ക് ആയതിൽ നിന്ന് മുക്തി നേടിയ ശേഷം, രോഗമുക്തയായി എന്ന് സാക്ഷ്യപത്രം നൽകേണ്ടി വരുന്ന സാഹചര്യത്തിൽ ആ വ്യക്തിയെ ചികിത്സിച്ച മെഡിക്കൽ പ്രാക്ടീഷണർ തന്നെ, ലാബ് പരിശോധനകളടക്കം ആവശ്യമായ എല്ലാ പരിശോധനകളും നടത്തി, രോഗമുക്തി സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ നല്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിന് ഒരു മെഡിക്കൽ പ്രാക്ടീഷണർ മതിയായ കാരണമില്ലാതെ വിസമ്മതിക്കുകയോ (1)-ാം ഉപവകുപ്പ് പ്രകാരം ചികിത്സിക്കാതെ സാക്ഷ്യപത്രം നൽകിയാലോ 65-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ശിക്ഷയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്."

ഖണ്ഡം 34

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 34

319. മാർജിനൽ ശീർഷകത്തിൽ "നിന്നുമുള്ള" എന്നതിന് പകരം "നിന്നുള്ള" എന്ന് ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 34(1)-ൽ

320. "കുടിക്കുന്നതിനോ" എന്നതിനുപകരം "കുടിച്ചാലോ" എന്നു ചേർക്കുക.

321. "ആവശ്യത്തിനോ ഉദ്ദേശിക്കുകയോ ചെയ്താൽ" എന്നതിനുപകരം "ആവശ്യത്തിന് ഉപയോഗിച്ചാലോ" എന്നു ചേർക്കുക.

322. "പൊതുജനാരോഗ്യ അധികാരിക്ക്" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്ക്" എന്നു ചേർക്കുക.

323. "ഉപയോഗിക്കുന്നത്" എന്നതിനുശേഷം വരുന്ന ഭാഗം " നിരോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്" എന്നു തിരുത്തുക.

324. പുനരക്കം ചെയ്ത ഖണ്ഡം 34(2)—താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ശുചിത്വവും വൃത്തിയും പരിശോധിച്ചതിനുശേഷം പൊതു ഉപഭോഗത്തിനോ മറ്റേതെങ്കിലും ഗാർഹികമോ വാണിജ്യപരമോ ആയ ഉദ്ദേശ്യത്തിനുള്ള ഭക്ഷണമോ പാനീയമോ ഏതെങ്കിലും പകർച്ചവ്യാധിയുടെ വ്യാപനത്തിന് കാരണമാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ മേൽപ്പറഞ്ഞ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ, പൊതുവായോ പ്രത്യേകമായോ പറഞ്ഞിട്ടുള്ള ആവശ്യത്തിന് ഉപയോഗിക്കുന്നത് നിരോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്."

325. പുനരക്കം ചെയ്ത ഖണ്ഡം 34(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) (1)-ാം ഉപവകുപ്പ് പ്രകാരം ജലത്തിന്റെ സാമ്പിൾ പരിശോധിക്കേണ്ട ആവശ്യകത ഉണ്ടെങ്കിൽ ആയത് ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാനോ, ഭക്ഷണത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് എടുക്കേണ്ടതുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫീസറോട് ആവശ്യപ്പെടാനോ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

326. പുനരക്കം ചെയ്ത ഖണ്ഡം 34(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4) (2)-ാം ഉപവകുപ്പ് പ്രകാരം ഉപയോഗം നിരോധിച്ചിട്ടുള്ള ഭക്ഷണമോ പാനീയമോ യാതൊരു വ്യക്തിയും ഉപയോഗിക്കുവാനോ ഉപയോഗിക്കാൻ ഇടവരുത്തുവാനോ പാടുള്ളതല്ല."

327. പുനരക്കം ചെയ്ത ഖണ്ഡം 34(5)-ൽ

"പൊതുജനാരോഗ്യ അധികാരി" എന്നതിനുപകരം "പബ്ലിക് ഹെൽത്ത് ഓഫീസർ" എന്ന ചേർക്കുക.

328. "നേരത്തെയുള്ള അവസരത്തിൽ, ഏത് സംഗതിയിലും ഇരുപത്തിനാല് മണിക്കൂറിനകം" എന്നതിനുപകരം "വേഗത്തിൽ, പരമാവധി ഇരുപത്തിനാല് മണിക്കൂറിനകം" എന്ന ചേർക്കുക.

329. പുനരക്കം ചെയ്ത ഖണ്ഡം 34(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

ഖണ്ഡം 35

330. പുനരക്കം ചെയ്ത ഖണ്ഡം 35 താഴെപ്പറയും പ്രകാരം മാറ്റുക.

"35. *രോഗബാധിതയെ* ആശുപത്രിയിലേക്ക് മാറ്റൽ.— (1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉള്ള എതൊരു വ്യക്തിക്കും താഴെപ്പറയുന്ന ഏതെങ്കിലും അവസ്ഥകൾ ഉണ്ടെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം, രോഗവ്യാപനം തടയുന്നതിനും, ചികിത്സയ്ക്കുമായി ആ വ്യക്തിയെ ആവശ്യമായ സ്ഥലത്തേയ്ക്ക് മാറ്റാൻ തദ്ദേശ സർക്കാറിന്റെ സഹായത്തോടെ അവർ നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്,—

(i) ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്താണ് താമസമെങ്കിൽ;

(ii) രോഗവ്യാപനം തടയുന്നതിനും, ചികിത്സാ മേൽനോട്ടത്തിനും ആവശ്യമായ സംവിധാനം ഇല്ലെങ്കിൽ;

(iii) പ്രസ്തുത സ്ഥലത്ത് ഈ രോഗിയുടെ സാന്നിദ്ധ്യം മറ്റുള്ളവരുടെ ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ;

(iv) രോഗിയുടെ സുരക്ഷയ്ക്കോ, ചികിത്സയ്ക്കോ മറ്റ് കാരണങ്ങളാലോ രോഗിയെ ആശുപത്രിയിലേക്കോ, അത്തരം രോഗങ്ങളുള്ളവരെ പരിപാലിക്കുന്ന സ്ഥലത്തേയ്ക്കോ മാറ്റേണ്ടതുണ്ടെന്ന് പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ഉത്തമ ബോധ്യമുണ്ടെങ്കിൽ.

(2) യാതൊരു വ്യക്തിയും അത്തരം ആശുപത്രിയുടേയോ സ്ഥലത്തിന്റേയോ ചുമതലയുള്ള മെഡിക്കൽ ആഫീസറുടെ സമ്മതം കൂടാതെ ഏതെങ്കിലും ആശുപത്രിയിൽ നിന്നോ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മറ്റു സ്ഥലത്തു നിന്നോ വിട്ടുപോകാനോ ആരെങ്കിലും ആ വ്യക്തിയെ കൊണ്ടുപോകാനോ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ, ആശുപത്രിയിലേക്കോ സ്ഥലത്തേക്കോ രോഗിയെ മാറ്റുന്നത് തടയുകയോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിന് വിരുദ്ധമായി അത്തരം ആശുപത്രിയിൽ നിന്നും വിട്ടുപോകുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.''

<u>ഖണ്ഡം 36</u>

331. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 36-ൽ

പുനരക്കം ചെയ്ത ഖണ്ഡം 36-ന്റെ മാർജിനൽ ശീർഷകം "വ്യക്തികൾക്ക് രോഗാണുബാധയേൽക്കുന്ന തരത്തിൽ സമ്പർക്കമുണ്ടാകുന്നത് നിരോധിക്കൽ'' എന്ന് മാറ്റുക.

332. ഖണ്ഡം 36(1) താഴെപ്പറയുംപ്രകാരം മാറ്റുക.

"(1) ഈ അദ്ധ്യായത്തിൽ വിനിർദ്ദേശിക്കുന്ന വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി അനുഭവിക്കുന്നതായി അറിയുന്ന യാതൊരാളും,—

(i) ഏതെങ്കിലും മാർക്കറ്റ്, അരങ്ങ് അല്ലെങ്കിൽ വിനോദത്തിനോ ഒത്തുചേരലിനോ ഉള്ള മറ്റ് സ്ഥലം; അല്ലെങ്കിൽ

(ii) ഏതെങ്കിലും സ്കൂൾ, കോളേജ്, ഗ്രന്ഥശാല, കളിസ്ഥലം തുടങ്ങിയ സ്ഥലങ്ങൾ; അല്ലെങ്കിൽ

(iii) ഏതെങ്കിലും ഹോസ്റ്റൽ, ഹോട്ടൽ, ലഘുഭക്ഷണശാല, സുഖവാസ കേന്ദ്രം, സ്റ്റേ ഹോം, വഴിയമ്പലം, വാടക വീട്, ഹൗസ് ബോട്ട്, ക്ലബ്ബ് അല്ലെങ്കിൽ വാട്ടർ തീം പാർക്ക് ;അല്ലെങ്കിൽ

(iv)ഏതെങ്കിലും ഫാക്ടറി, കട, വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം; അല്ലെങ്കിൽ,

(v) ഏതെങ്കിലും പൊതുവാഹന സൗകര്യം; അല്ലെങ്കിൽ

(vi) ഏതെങ്കിലും പൊതു സ്നാനസ്ഥലം; അല്ലെങ്കിൽ

(vii) ഏതെങ്കിലും മറ്റ് പൊതുവിനോദസ്ഥലം, പൊതുസ്ഥലം,

എന്നിവിടങ്ങളിൽ തന്റെ സാന്നിദ്ധ്യത്തിലൂടെയോ പ്രവൃത്തിയിലൂടെയോ അണുബാധയെന്ന അപകടമുണ്ടാക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം:— ഒരു വ്യക്തിക്ക് വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉണ്ടെന്ന് ഏതെങ്കിലും ഒരു മെഡിക്കൽ പ്രാക്ടീഷണറോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറോ ആ വ്യക്തിയെ അറിയിച്ചിട്ടുണ്ടെങ്കിൽ ആ വ്യക്തിക്ക് അപ്രകാരം , അറിവുള്ളതായി ഈ ഉപവകുപ്പിന്റെ അർത്ഥത്തിലേയ്ക്ക് കരുതപ്പെടേണ്ടതാണ്."

പുനരക്കം ചെയ്ത ഖണ്ഡം 36(2)

333. ആരംഭത്തിൽ വരുന്ന " പകർച്ചവ്യാധിയോ" എന്നത് ഒഴിവാക്കുക.

334. " പകർച്ചവ്യാധിയോ ഉള്ള ആളിന്റെയോ ആളുകളുടെയോ" എന്നതിന് പകരം "പകർച്ചവ്യാധിയുള്ള വ്യക്തിയുടെയോ വ്യക്തികളുടെയോ" എന്ന് ചേർക്കുക.

335. "ആളിന്റെ" എന്നതിന് പകരം " വ്യക്തിയുടെ" എന്ന് ചേർക്കുക.

336. പുനരക്കം ചെയ്ത ഖണ്ഡം 36(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) (1)-ഉം(2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്."

## ഖണ്ഡം 37

337. പുനരക്കം ചെയ്ത ഖണ്ഡം 37

ഖണ്ഡം 37(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി യാതൊരു വ്യക്തിയും അവർ അത്തരം രോഗം പടർത്തിയേക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ പാടുള്ളതല്ല, അതായത്—

(എ) മറ്റുള്ളവർക്ക് ഉപഭോഗത്തിനുള്ള ഏതെങ്കിലും ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാനോ വിതരണം ചെയ്യുവാനോ വിൽപ്പനക്കായി കൊണ്ടുനടക്കാനോ വയ്ക്കാനോ വിൽപ്പനയ്ക്കായി ഉണ്ടാക്കുന്നതോ, വയ്ക്കുന്നതോ, കൊണ്ടുനടക്കുന്നതോ ആയ ജോലിയിൽ പങ്കെടുക്കുവാനോ പാടുള്ളതല്ല;

(ബി) മറ്റുള്ളവരിലേയ്ക്ക് രോഗാണു പകരുന്നതിന് ഇടയാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യുവാൻ പാടുള്ളതല്ല."

338. ഖണ്ഡം 37(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും."

ഖണ്ഡം 38

339. പുനരക്കം ചെയ്ത ഖണ്ഡം 38 താഴെപ്പറയും പ്രകാരം മാറ്റുക:

" 38. അണുബാധയുടെ വ്യാപനം തടയുന്നതിന് കെട്ടിടങ്ങളും സ്ഥലങ്ങളും ഏറ്റെടുക്കൽ.—

(1) പകർച്ചവ്യാധി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തേണ്ട ആവശ്യത്തിലേയ്ക്കായി ജില്ലാ കളക്ടറുടെ അനുമതിയോടെ ഏതൊരു കെട്ടിടത്തിനുള്ളിലും പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പ്രവേശിക്കാവുന്നതും, ആവശ്യമെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അവ താൽക്കാലികമായി ഏറ്റെടുക്കാവുന്നതുമാണ്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പബ്ലിക്ക് ഹെൽത്ത് ഓഫീസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്.

(2) മേൽപ്പറഞ്ഞ അത്തരം കെട്ടിടത്തിന്റെ അല്ലെങ്കിൽ സ്ഥലത്തിന്റെ ഏറ്റെടുക്കൽ തീരുമ്പോഴോ ഉപയോഗം തീരുമ്പോഴോ ഉടമസ്ഥയ്ക്ക് തിരികെ നൽകുന്നതിന് മുമ്പായി പ്രസ്തുത കെട്ടിടം അല്ലെങ്കിൽ സ്ഥലം പൂർണ്ണമായും അണുവിമുക്തമാക്കുകയും വൃത്തിയാക്കുകയും ചെയ്യുന്നതായി തദ്ദേശ സർക്കാരുകളുടെ സഹായത്തോടെ പബ്ലിക്ക് ഹെൽത്ത് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്."

ഖണ്ഡം 39

340. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 39

ഖണ്ഡം 39-ന്റെ മാർജിനൽ ശീർഷകത്തിൽ "പൊതുജനാരോഗ്യ അധികാരിക്ക്" എന്നതിന് പകരം "പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

പുനരക്കം ചെയ്ത പ്രകാരമുള്ള 39(1)-ൽ

341. "പൊതുജനാരോഗ്യ അധികാരിക്കോ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്കോ" എന്ന് ചേർക്കുക.

342. "അയാൾ അധികാരപ്പെടുത്തിയ ഏതൊരാളിനോ" എന്നതിന് പകരം "ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥയ്ക്കോ" എന്ന് ചേർക്കുക.

343. പുനരക്കം ചെയ്ത പ്രകാരമുള്ള 39(1)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

“(എ) ന്യായമായ എത് സമയത്തും, സഹായികളോടൊപ്പമോ അല്ലാതെയോ, പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ റിപ്പോർട്ട് ചെയ്തതോ, സംശയിക്കപ്പെടുന്നതോ ആയ ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ, ജോലിസ്ഥലങ്ങൾ, തൊഴിലിടങ്ങൾ, വ്യാപാര സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിടങ്ങളുടെ പരിസരങ്ങൾ, തോട്ടങ്ങൾ മുതലായ സ്ഥലങ്ങളിൽ നോട്ടീസ് കൂടാതെയും, വീടുകൾ, അപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ള താമസ ഇടങ്ങളിൽ രണ്ട് മണിക്കൂർ മുമ്പ് നോട്ടീസ് നൽകിയ ശേഷം പരിശോധിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും സഹകരണവും ഉറപ്പുവരുത്തേണ്ടതാണ്.”

പുനരക്കം ചെയ്ത പ്രകാരമുള്ള 39(1)(ബി)-ൽ

344. "അത്തരത്തിലുള്ള" എന്നത് ഒഴിവാക്കുക.

345. "അത്തരം" എന്നതും "അയാൾക്ക് "എന്നതും ഒഴിവാക്കുക.

346. പുനരക്കം ചെയ്ത പ്രകാരമുള്ള 39(1) ന് ശേഷം (2) ആയി താഴെപ്പറയുന്നത് ചേർക്കുക.

“(2) ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും സഹകരണവും ഉറപ്പുവരുത്തേണ്ടതാണ്.”

<u>ഖണ്ഡം 40</u>

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 40

ഖണ്ഡം 40(1)-ൽ

347. “തയ്യാറാക്കുന്നതോ” എന്നതിന് ശേഷം “ ആയ സ്ഥലത്തോ” എന്ന് ചേർക്കുക.

348. ആരംഭത്തിൽ വരുന്ന “ പകർച്ചവ്യാധിയോ” എന്നത് ഒഴിവാക്കുക.

349. രണ്ടാമതായി വരുന്ന “ പകർച്ചവ്യാധിയോ” എന്നത് "പകർച്ചവ്യാധി" എന്ന് മാറ്റുക.

350. “അടച്ചിടേണ്ടതാണെന്ന്” എന്നതിന് ശേഷമുള്ള ഭാഗം താഴെപ്പറയും പ്രകാരം മാറ്റുക:

“പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ അത്തരം ഒരു സ്ഥാപനം ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന കാലയളവ് തീരുന്നതുവരേയോ,

അല്ലെങ്കിൽ രോഗാവസ്ഥയിൽ നിന്നും മുക്തമായതായി ഒരു മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തുന്നതുവരേയോ അടച്ചിടുന്നതിന് ഉത്തരവ് മുഖാന്തിരം നിർദ്ദേശിക്കാൻ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

351. ഖണ്ഡം 40(2) നീക്കം ചെയ്യുകയും തുടർന്നുള്ള ഉപഖണ്ഡം പുനരക്കം ചെയ്യുകയും ചെയ്യുക.

352. പുനരക്കം ചെയ്യപ്പെട്ട ഉപഖണ്ഡം 40(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പിൽകീഴിലുള്ള ഉത്തരവ് അനുസരിക്കാത്ത ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

<u>ഖണ്ഡം 41</u>

353. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 41 താഴെപ്പറയും പ്രകാരം മാറ്റുക:

"41. <u>അണുബാധിതർ ഉപയോഗിച്ച വസ്തുങ്ങൾ അലക്കുശാലയിലേയ്ക്ക് അയയ്ക്കരുതെന്ന്</u>.—(1) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ബാധിച്ച വ്യക്തിയോ വ്യക്തികളോ ഉപയോഗിച്ച വസ്ത്രമോ കിടക്കയോ മറ്റ് സാധനങ്ങളോ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യാതെ ഏതെങ്കിലും അലക്കുശാലയിലേയ്ക്കോ പൊതുജലാശയത്തിലേയ്ക്കോ ടാങ്കിലേയ്ക്കോ പൊതുകിണറിലേയ്ക്കോ അലക്കുന്ന ആവശ്യത്തിലേയ്ക്കായി അയയ്ക്കുകയോ എത്തിയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു, അതായത്:—

(എ) പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിച്ച രീതിയിൽ അണുവിമുക്തമാക്കുക;

(ബി) അണുബാധയേറ്റതാണെന്ന മുന്നറിയിപ്പ് നൽകുകയും മതിയായ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുക.

(2) (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും."

<u>ഖണ്ഡം 42</u>

354. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 42-ൽ

ഖണ്ഡം 42-ന്റെ മാർജിനൽ ശീർഷകത്തിൽ "ആളുകളുടെ ഒത്തുചേരൽ" എന്നതിന് പകരം "സാമൂഹിക ഒത്തുകൂടൽ" എന്ന് ചേർക്കുക.

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 42(1)-ൽ

355. "പ്രാദേശിക മേഖലയിൽ" എന്നതിന് പകരം "പ്രാദേശിക മേഖലയിലോ ജില്ലയിലോ" എന്ന് ചേർക്കുക.

356. "നിലവിലുള്ള" എന്നതിന് പകരം "നിലനിൽക്കുന്ന" എന്ന് ചേർക്കുക.

357. "ജില്ലാ കളക്ടറുടെ അഭിപ്രായത്തിൽ" ഒഴിവാക്കുക.

358. "ഒത്തുചേരൽ" എന്നതിന് പകരം "സാമൂഹിക ഒത്തുകൂടൽ" എന്ന് ചേർക്കുക.

359. "തീവ്രമാകുമെന്നോ" എന്നതിന് ശേഷം "ജില്ലാ കളക്ടർക്ക്" എന്ന് ചേർക്കുക.

360. "പൊതുജനാരോഗ്യ അധികാരി" എന്നതിന് പകരം "അല്ലെങ്കിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

361. "ആളുകളുടെ ഒത്തുചേരൽ" എന്നതിന് പകരം "സാമൂഹിക ഒത്തുകൂടൽ" എന്ന് ചേർക്കുക.

362. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 42(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവ് ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

363. ഖണ്ഡം 48-നെ പുനരക്കം ചെയ്ത് 43 ആയി മാറ്റി

<u>ഖണ്ഡം 44</u>

364. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 44 താഴെപ്പറയും പ്രകാരം മാറ്റുക:

"44. <u>മൃഗങ്ങളിൽ നിന്നും പകരുന്ന പകർച്ചവ്യാധികളുടെ പ്രതിരോധം.</u>—ഏതെങ്കിലും പ്രദേശത്ത് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന പകർച്ചവ്യാധിയുടെ പൊട്ടിപ്പുറപ്പെടലോ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെങ്കിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ രോഗപ്പകർച്ച പ്രതിരോധിക്കുന്നതിനായി പൊതുജനാരോഗ്യ സമിതി ഉടൻതന്നെ വിളിച്ചുചേർക്കേണ്ടതും അത്തരം വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്. രോഗപ്രതിരോധത്തിന് ആവശ്യമായ നടപടികൾ പ്രാദേശിക തലത്തിൽ സ്വീകരിക്കുന്നുവെന്നുള്ളത് പ്രാദേശിക പൊതുജനാരോഗ്യ സമിതി ഉറപ്പുവരുത്തേണ്ടതാണ്. ഇതിന്മേലുള്ള റിപ്പോർട്ട് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് നൽകേണ്ടതാണ്."

## ഖണ്ഡം 45

പുനരക്കം ചെയ്ത ഖണ്ഡം 45

365. മാർജിനൽ ശീർഷകത്തിൽ "നായകളുടെയും" എന്നതിന് പകരം “നായ്ക്കളുടെയും” എന്നും "നശീകരണം" എന്നതിന് പകരം “ നിയന്ത്രണം” എന്നും ചേർക്കുക.

366. പുനരക്കം ചെയ്ത ഖണ്ഡം 45(1) താഴെപ്പറയും പ്രകാരം മാറ്റുക:

“(1) ഏതൊരു പരിസരത്തിന്റെയും കൈവശക്കാരിയും, താമസമില്ലെങ്കിൽ അതിന്റെ ഉടമസ്ഥയും, മൂഷിക വർഗ്ഗത്തിനേയും, നായ്ക്കളേയും മറ്റ് മൃഗങ്ങളേയും ആകർഷിക്കുന്ന വിധത്തിൽ മാലിന്യങ്ങൾ തള്ളുവാനോ, കാടും മറ്റും വളരുവാൻ അനുവദിക്കാനോ പാടില്ലാത്തതും, പ്ലേഗിനും എലിപ്പനിക്കും കാരണമാകുന്ന മൂഷികവർഗ്ഗത്തിനെ നശിപ്പിക്കേണ്ടതും കൂടാതെ പേവിഷബാധ ഉള്ളതോ ഉള്ളതായി സംശയിക്കപ്പെടുന്നതോ ആയ നായ്ക്കളെ സംബന്ധിച്ച വിവരം ഉടനടി തദ്ദേശ സർക്കാരുകളെ അറിയിക്കേണ്ടതുമാണ്.”

പുനരക്കം ചെയ്ത ഖണ്ഡം 45(2), 2(എ) എന്നിവ താഴെപ്പറയും പ്രകാരം മാറ്റുക:

367. "(2) ഏതെങ്കിലും പരിസരത്തിന്റെ താമസക്കാരിയോ ഉടമയോ (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതല പാലിച്ചിട്ടില്ലെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ നിശ്ചിത സമയത്തിനുള്ളിൽ നടപടി എടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അത്തരം താമസക്കാരിക്കോ ഉടമസ്ഥയ്ക്കോ നോട്ടീസ് നൽകേണ്ടതാണ്.”

368. ഖണ്ഡം 45(2)(ബി), ഖണ്ഡം 48(3), 48(4), 48(5) എന്നിവ നീക്കം ചെയ്യുകയും ഉപഖണ്ഡം (3) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്ന ഉപഖണ്ഡം (6), (7) എന്നിവ പുനരക്കം ചെയ്ത് യഥാക്രമം (4), (5) ആക്കുകയും ചെയ്യുക.

"(3) നായ്ക്കളെയും പൂച്ചകളെയും വളർത്തുന്ന ഏതൊരു വ്യക്തിയും കൃത്യമായ ഇടവേളകളിൽ അവയ്ക്ക് പേവിഷ ബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തേണ്ടതാണ്.”

369. പുനരക്കം ചെയ്ത ഉപഖണ്ഡം 47(4) നീക്കം ചെയ്യുകയും 47(5) പുനരക്കം ചെയ്യുകയും ചെയ്യുക.

370. പുനരക്കം ചെയ്ത പ്രകാരമുള്ള ഉപഖണ്ഡം 47(4) താഴെപ്പറയും പ്രകാരം മാറ്റുക:

"(5) (1)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.”

ഖണ്ഡം 46

371. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 46 താഴെപ്പറയും പ്രകാരം മാറ്റുക:

"46. രോഗബാധിതരുടെ ക്വാറന്റൈൻ.—

കാലാകാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തുന്ന മാർഗ്ഗരേഖകൾക്കനുസൃതമായി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ബാധിച്ചിട്ടുള്ള വ്യക്തികളെ ക്വാറന്റൈനിലാക്കുവാനോ മാറ്റിപാർപ്പിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്."

ഖണ്ഡം 47

പുനരക്കം ചെയ്ത ഖണ്ഡം 47-ൽ

372. ആരംഭത്തിൽ "പ്രാദേശിക" എന്നതിന് മുൻപായി "കാലാകാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തുന്ന മാർഗ്ഗരേഖകൾക്കനുസൃതമായി " എന്ന് ചേർക്കുക.

373. "പൊതുജനാരോഗ്യ അധികാരിയ്ക്ക്" എന്നതിന് പകരം "പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക്" എന്ന് ചേർക്കുക.

374. "സംസ്ഥാന പൊതുജനാരോഗ്യ അധികാരി നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചെന്ന ഉറപ്പ് വരുത്തി" എന്നത് ഒഴിവാക്കുക.

375. "കൈകാര്യം ചെയ്യുന്നതിന് " എന്നതിന് പകരം "ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് " എന്ന് ചേർക്കുക.

ഖണ്ഡം 48

376. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 48-ന്റെ മാർജിനൽ ശീർഷകം "സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് " എന്ന് മാറ്റുക.

377. പുനരക്കം ചെയ്ത ഖണ്ഡം 48(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെ പ്രതിരോധത്തിനും ചികിത്സയ്ക്കും രോഗനിർണ്ണയത്തിനുമായി സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ നടപ്പിലാക്കുന്നതിന് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും അധികാരമുണ്ടായിരിക്കുന്നതാണ്."

378. പുനരക്കം ചെയ്ത ഖണ്ഡം 48(2)-ൽ "വിജ്ഞാപനപ്പെടുത്തേണ്ട" എന്നതിന് മുൻപായി വരുന്ന "പകർച്ചവ്യാധിയോ" എന്നത് ഒഴിവാക്കുകയും ശേഷം വരുന്ന "പകർച്ചവ്യാധിയോ ഉൾപ്പടെയുള്ള" എന്നതിന് പകരം "പകർച്ചവ്യാധിയിൽ ഉൾപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുകയും ചെയ്യുക.

379. പുനരക്കം ചെയ്ത ഖണ്ഡം 48(3)-ൽ

"പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസറുടെ" എന്നും "പൊതുജനാരോഗ്യ അധികാരിക്കോ" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്കോ" എന്നും ചേർക്കുക.

380. പുനരക്കം ചെയ്ത ഖണ്ഡം 48(4) താഴെപ്പറയും പ്രകാരം മാറ്റുക:

"(4) (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു മെഡിക്കൽ പ്രാക്റ്റീഷണറും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

<u>ഖണ്ഡം 49</u>

പുനരക്കം ചെയ്ത ഖണ്ഡം 49-ൽ

381. മാർജിനൽ ശീർഷകം "ഹോസ്റ്റൽ, മറ്റ് പൊതു താമസ ഇടങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ അധികാരം" എന്ന് മാറ്റുക.

382. പുനരക്കം ചെയ്ത ഖണ്ഡം 49(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) മതിയായ ശുചിത്വം, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം, സുരക്ഷിത കുടിവെള്ളം കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാതെ യാതൊരാളും ഹോസ്റ്റൽ, പേയിംഗ് ഗസ്റ്റ് സൗകര്യങ്ങൾ, മറ്റ് പൊതു താമസ ഇടങ്ങൾ എന്നിവ നടത്താൻ പാടുള്ളതല്ല."

383. പുനരക്കം ചെയ്ത ഖണ്ഡം 49(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, ഹോസ്റ്റലുകളും പൊതു താമസ ഇടങ്ങളും പരിശോധിക്കേണ്ടതും ആ കെട്ടിടങ്ങളിലോ സ്ഥലങ്ങളിലോ തിക്കും തിരക്കും ഇല്ലായെന്നതും കൂടാതെ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ അത്തരം കെട്ടിടങ്ങളിലും സ്ഥലങ്ങളിലും മതിയായ ശുചിത്വത്തിനും മാലിന്യനിർമ്മാർജനത്തിനും കുടിവെള്ള വിതരണത്തിനും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്."

384. പുനരക്കം ചെയ്ത ഖണ്ഡം 49(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്."

385. പുനരക്കം ചെയ്ത ഖണ്ഡം 50 നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

<u>ഖണ്ഡം 50</u>

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 50

386. പുനരക്കം ചെയ്ത ഖണ്ഡം 50(1) താഴെപ്പറയും പ്രകാരം മാറ്റുക.

“(1) സർക്കാരിനും, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്കും ബയോമെഡിക്കൽ മാലിന്യ പരിപാലനത്തിനും അത്തരം മാലിന്യത്തിൽ നിന്നുള്ള ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിനും അത്തരം മാലിന്യത്തിന്റെ ശരിയായ കയ്യൊഴിക്കലിനുമായി, അവർ ആവശ്യമെന്ന കരുതുന്ന, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും കൂടാതെ അവ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറും മുഖേന നിർവ്വഹിക്കുന്നതിനും നടപ്പാക്കുന്നതിനും നിറവേറ്റുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്.”

387. പുനരക്കം ചെയ്ത ഖണ്ഡം 50(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത ഏത് മെഡിക്കൽ പ്രാക്റ്റീഷണറും പൊതുവോ, സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

<u>ഖണ്ഡം 51</u>

388. പുനരക്കം ചെയ്ത ഖണ്ഡം 51 താഴെപ്പറയും പ്രകാരം മാറ്റുക.

"51.<u>രക്തബാങ്കുകളും പകർച്ചവ്യാധി നിയന്ത്രണവും</u>.—(1) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് രക്തബാങ്കുകളുടെ പരിപാലനത്തിനായി ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും, കൂടാതെ രക്തപ്പകർച്ചയിലൂടെ ഉണ്ടാകുന്ന ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിന് നടപടി എടുക്കുന്നതിനും, അവ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറിലൂടേയോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറിലൂടേയോ നടപ്പാക്കുന്നതിനും, നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) രക്തബാങ്കുകൾ നടത്തുന്നതിലും, രക്തദാനത്തിനും, രക്തം നൽകുന്നതിനും, സ്വീകരിക്കുന്നതിനുംവേണ്ടി (1)-ാം ഉപവകുപ്പിൻ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രയോഗ രീതികൾ പാലിക്കുന്നതിന് ഓരോ മെഡിക്കൽ പ്രാക്റ്റീഷണറും പൊതു,സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത ഓരോ മെഡിക്കൽ പ്രാക്റ്റീഷണറും പൊതുവോ, സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ നിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും."

അദ്ധ്യായം 8

## വെക്ടറിന്റെ നിയന്ത്രണം

ഖണ്ഡം 52

389. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52 -ന്റെ മാർജിനൽ ശീർഷകത്തിലെ

"പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിനു പകരം "പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ" എന്ന് ചേർക്കുക.

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(1)-ൽ

390. "ഓരോ " എന്നത് ഒഴിവാക്കുക.

391. "കൈവശക്കാരനോ "എന്നതിനു പകരം "കൈവശക്കാരിയോ"എന്ന് ചേർക്കുക.

392. "തടയുന്നതിനുള്ള നടപടികൾ " എന്നതിന് ശേഷം "സ്വയം" എന്നത് ചേർക്കുക.

393. "നിർദ്ദേശം നൽകുമ്പോൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി വിനിർദ്ദേശിച്ചേക്കാവുന്ന അത്തരം " എന്നതിന് പകരം " പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറോ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ നിർദ്ദേശിക്കുന്ന പക്ഷം അതിൽ പറയുന്ന തരത്തിലുള്ള" എന്നത് ചേർക്കുക.

394. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(1)-ന്റെ വിശദീകരണത്തിൽ "ചാഴി, " എന്ന വാക്ക് ഒഴിവാക്കുക.

395. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(1)-ന്റെ വിശദീകരണത്തിൽ "ചെള്ളുകൾ " എന്നതിന് മുൻപായി " ടിക്ക്, മൈറ്റ്, ഫ്ലീ വിഭാഗങ്ങളിലുള്ള " എന്ന് ചേർക്കുക.

396. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(1)-ന്റെ വിശദീകരണത്തിൽ "ആരോഗ്യത്തിനു ഹാനികരമായ മറ്റേതെങ്കിലും പ്രാണികൾ " എന്നതിനു പകരം "മുതലായവ " എന്ന് ചേർക്കുക.

397. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ പ്രാണികളുടെ പ്രജനനത്തിനുള്ള കാരണമോ കാരണങ്ങളോ കണ്ടെത്തി അവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ

അപ്രകാരമുള്ള കാരണമോ കാരണങ്ങളോ തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സാധിക്കാതെ വരികയാണെങ്കിൽ ആയത് സംബന്ധിച്ച് പ്രാദേശിക പൊതുജനാരോഗ്യ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്."

398. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 52(3) നീക്കം ചെയ്യുക.

ഖണ്ഡം 53

399. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 53 താഴെപ്പറയും പ്രകാരം മാറ്റുക.

"53. ചെറുതും വലുതുമായ വെള്ളക്കെട്ടുകളിലും ജലശേഖരങ്ങളിലും കൊതുകുകളുടെയും മറ്റു പ്രാണികളുടെയും പ്രജനനം തടയൽ.— (1) ഏതൊരാളോ സ്ഥാപനമോ താഴെപ്പറയുന്ന കാര്യങ്ങൾക്ക് കാരണമാകുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല, അതായത്,—

(i) കൊതുകുകൾ പ്രജനനം നടത്തുന്നതോ പ്രജനനം നടത്താൻ സാധ്യതയുള്ളതോ ആയ വെള്ളക്കെട്ടുകളോ നിശ്ചല ജലശേഖരങ്ങളോ നിലനിർത്തുക;

(ii) മണലീച്ചകളുടെയും കൊതുകുകളുടെയും പ്രജനനത്തിന് കാരണമാകുന്ന വിധം മലീമസമായ രീതിയിൽ മൃഗങ്ങളെ സംരക്ഷിക്കുക;

(iii) പൊതുജനാരോഗ്യ ഭീഷണി ഉയർത്തുന്ന തരത്തിൽ വളർത്തുമൃഗങ്ങളിൽ ചെള്ളുകളുടെ സാന്നിദ്ധ്യം കാണപ്പെട്ടാൽ അതു നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ പ്രവൃത്തികളിൽ വിമുഖത കാണിക്കുക; അല്ലെങ്കിൽ,

(iv) സ്വന്തം ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള പ്രദേശം പരിപാലിക്കാതെ ചെള്ളുപനി, പനി(സ്ക്രബ് ടൈഫസ്) രോഗം ഉണ്ടാക്കുന്ന മൈറ്റുകൾ ഉൾപ്പെടെയുള്ള പ്രാണികളുടെ വർദ്ധനവിന് കാരണമാകുക; അല്ലെങ്കിൽ,

(v) സ്വന്തം ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള തോട്ടം/പ്ലാന്റേഷൻ മേഖലയിൽ ചിരട്ടകളിലും പാളകളിലും മറ്റും വെള്ളം കെട്ടിനിൽക്കുന്നത് തടയുകയോ ഒഴിവാക്കുകയോ ചെയ്യാതിരിക്കുക; അല്ലെങ്കിൽ,

(vi) കൊതുക്, മണലീച്ച, മറ്റു ചെള്ളുകൾ എന്നിവയുടെ പ്രജനനം അല്ലെങ്കിൽ പ്രജനന സാധ്യതയിലൂടെയുള്ള പൊതുജനാരോഗ്യ അപകടങ്ങൾ കണക്കിലെടുത്ത് ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങൾ അവഗണിക്കുക.

(2) ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.”

ഖണ്ഡം 54

400. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 54 താഴെപ്പറയും പ്രകാരം മാറ്റുക.

"54. രോഗം പരത്തുന്ന വെക്ടറുകളുടെ പ്രജനനം തടയൽ.— (1) പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ, വെക്ടറുകൾ പ്രജനനം നടത്തുന്നതോ നടത്തുവാൻ സാധ്യതയുള്ളതോ ആയ ഏതൊരു സ്ഥലത്തിന്റെ ഉടമസ്ഥയോടോ കൈവശക്കാരിയോടോ, നോട്ടീസിൽ പറഞ്ഞിട്ടുള്ളതായ സമയത്തിനകം, സാഹചര്യത്തിനനുയോജ്യമാണെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ കരുതുന്ന അംഗീകൃത മാർഗ്ഗങ്ങളിലൂടെ, വെക്ടറുകളുടെ പ്രജനനം തടയാൻ ആവശ്യപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന സ്ഥലം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അധീനതയിലുള്ളതാണെങ്കിൽ ബന്ധപ്പെട്ട ഓഫീസിന്റെ മേലുദ്യോഗസ്ഥയെ മുൻകൂറായി കാര്യങ്ങൾ ധരിപ്പിക്കേണ്ടതും നടപടികൾ സ്വീകരിക്കുവാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്.

(3) തന്റെ പരിധിയിൽ ഉള്ള ഏതെങ്കിലും പ്രദേശത്ത് കാസനൂർ ഫോറസ്റ്റ് രോഗം (കുരങ്ങുപനി) കണ്ടെത്തുന്ന സാഹചര്യമോ അകാരണമായ കുരങ്ങുമരണമോ ശ്രദ്ധയിൽപ്പെട്ടാൽ പ്രാണികളുടെ നിയന്ത്രണത്തിനാവശ്യമായ പ്രവർത്തനങ്ങൾ പബ്ലിക് ഹെൽത്ത് ഓഫീസർ ഉടനടി നിർവ്വഹിക്കേണ്ടതാണ്.

(4) തന്റെ പരിധിയിലുള്ള ഒരു പ്രദേശത്ത് കാല അസാർ കണ്ടെത്തുന്ന പക്ഷം പബ്ലിക് ഹെൽത്ത് ഓഫീസർ മണലീച്ചകളെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി നടത്തേണ്ടതാണ്. "

ഖണ്ഡം 55

401. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 55-ന്റെ മാർജിനൽ ശീർഷകത്തിൽ "തദ്ദേശ പൊതുജനാരോഗ്യ അധികാരിയുടെ" എന്നതിന് പകരം " പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ " എന്ന് മാറ്റുക.

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 55(1)

402. ഖണ്ഡം 55(1)-ൽ " (1) " എന്നത് ഒഴിവാക്കുക.

403. "60" എന്നതിനു പകരം "54 " എന്ന് ചേർക്കുക.

404. " നോട്ടീസിൽ " എന്നതിനു ശേഷം "നിർദ്ദേശിച്ചിട്ടുള്ള " എന്ന് ചേർക്കുക.

405. " നൽകിയ " എന്നതിനു പകരം "ലഭിച്ച " എന്ന് ചേർക്കുക.

406. "നടപടിയെടുക്കാനോ" എന്നതിനു മുൻപ് വരുന്ന "വിനിർദ്ദേശിച്ചിട്ടുള്ള" എന്നത് ഒഴിവാക്കുക.

407. "പരിചരണരീതി" എന്നതിന് പകരം "പരിഹാരമാർഗ്ഗങ്ങൾ" എന്ന് ചേർക്കുക.

408. "പൊതുജനാരോഗ്യ അധികാരിക്ക് നിർണ്ണയിക്കപ്പെടുന്ന പ്രകാരം" എന്നതിന് പകരം "പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ട് " എന്ന് ചേർക്കുക.

409. "അത്തരം പരിചരണരീതി " എന്നത് ഒഴിവാക്കുക.

<u>ഖണ്ഡം 56</u>

410. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 56, ഖണ്ഡം 57 സംയോജിപ്പിച്ച് ഖണ്ഡം 56 ആക്കി താഴെപ്പറയും പ്രകാരം മാറ്റുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"56. <u>വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് സംരക്ഷണം.</u>— (1) ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ നിർദ്ദേശത്തിൽ ഒരു ഉദ്യോഗസ്ഥയോ, വെക്ടറുകളുടെ പ്രജനനം തടയുക എന്ന ലക്ഷ്യത്തോടെ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിയില്ലായെങ്കിൽ അത്തരം സ്ഥലത്തോ കെട്ടിടത്തിലോ വരുത്തുന്ന മാറ്റങ്ങളെയോ, നടപ്പാക്കിയ ജോലികളെയോ, സ്വീകരിച്ച ഉപാധികളെയോ പ്രസ്തുത ഇടത്തിന്റെ തൽസമയത്തെ ഉടമസ്ഥയോ, കൈവശക്കാരിയോ, തടസ്സപ്പെടുത്തുകയോ, നശിപ്പിക്കുകയോ ചെയ്യുവാനോ, ദുർബലപ്പെടുത്തുവാനുള്ള സാധ്യതയ്ക്ക് കാരണമാവുകയോ ചെയ്യാൻ പാടുള്ളതല്ല.

<u>(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥരായിരിക്കും."</u>

<u>ഖണ്ഡം 57</u>

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 57

411. മാർജിനൽ ശീർഷകത്തിൽ "ദുരന്തഫലമായുണ്ടാകുന്ന" എന്നതിന് ശേഷം "പ്രാണിജന്യ" എന്ന് ചേർക്കുക.

412. "പ്രകൃതി " എന്നതിന് ശേഷം "ക്ഷോഭങ്ങളുടെയോ മറ്റു " എന്ന് ചേർക്കുക.

413. "മനുഷ്യ നിർമ്മിതമോ ആയ ദുരന്തങ്ങളുടെ " എന്നത് ഒഴിവാക്കുക.

414. "സജീവമായ " എന്നത് ഒഴിവാക്കുക.

415. "നടപടികളും" എന്ന വാക്കിന് ശേഷം വരുന്ന ഭാഗം ഒഴിവാക്കി പകരം "സംസ്ഥാന, ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ സ്വീകരിക്കേണ്ടതാണ്. "

416. ഖണ്ഡം 57(2), 57(3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(2) (1)-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരമുള്ള അവസ്ഥകളിൽ ജലജന്യ-പ്രാണിജന്യ-ജന്തുജന്യ രോഗങ്ങൾ തടയുന്നതിലേയ്ക്കായി പൊതുജനാരോഗ്യ സമിതികൾ അതത് തലങ്ങളിലുള്ള പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ വിളിച്ച് ചേർക്കേണ്ടതും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരം ജലജന്യ-പ്രാണിജന്യ-ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പബ്ലിക്ക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരായിരിക്കും. "

<u>ഖണ്ഡം 58</u>

417. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 58 നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

<u>അദ്ധ്യായം 9</u>

418. അദ്ധ്യായത്തിന്റെ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

" സാമൂഹിക ഒത്തുകൂടലുകളും പൊതുജനാരോഗ്യവും"

<u>ഖണ്ഡം 58</u>

419. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 58, 59 എന്നിവയ്ക്ക് പകരം താഴെപ്പറയുന്നത് ഖണ്ഡം 58 ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 58. <u>സാമൂഹിക ഒത്തുകൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും.</u>—

(1) സാമൂഹിക ഒത്തുകൂടലുകൾ വിളിച്ചുചേർക്കുകയോ നടത്തുകയോ ചെയ്യുന്ന വ്യക്തിയോ വ്യക്തികളോ സ്ഥാപനമോ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്, അതായത്,—

(i) അത്തരം സാഹചര്യങ്ങളിൽ തിക്കും തിരക്കുംമൂലം ഉണ്ടാകാൻ ഇടയുള്ള അപകടങ്ങളും മറ്റും ഒഴിവാക്കുന്നതിലേക്കായി എത്തിച്ചേരുന്ന/എത്തിച്ചേരാൻ ഇടയുള്ള ആളുകളുടെ എണ്ണത്തിന് അനുസൃതമായ സ്ഥലസൗകര്യങ്ങളും ആവശ്യത്തിന് വായു സഞ്ചാരമുള്ള ഇടങ്ങളും;

(ii) അത്തരം ഒത്തുകൂടലുകളുടെ ഭാഗമായി ഭക്ഷണം നൽകുന്നുണ്ടെങ്കിൽ

ഭക്ഷ്യസുരക്ഷയും വൃത്തിയും ശുചിത്വവും ;

(iii) സുരക്ഷിത കുടിവെള്ളം;

(iv) അടിയന്തര ആരോഗ്യ സേവനങ്ങൾ ;

(v) സാമൂഹിക ഒത്തുകൂടലിന്റെ ഇടങ്ങളിൽ ആവശ്യാനുസരണം ശുചിമുറികൾ ഉണ്ടെന്നതും അവിടെ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്നും.

(2) സാമൂഹിക ഒത്തുകൂടലുകൾക്കായി,

(i) നിർമ്മിക്കപ്പെട്ടിട്ടുള്ള ഹാളുകൾ, ഓഡിറ്റോറിയങ്ങൾ മുതലായ ഇടങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലെ വെള്ളത്തിന്റെ പരിശോധന ഉടമസ്ഥയോ കൈവശം ഉള്ള വ്യക്തിയോ വ്യക്തികളോ നടത്തേണ്ടതും കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്;

(ii) സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്ന ഇടങ്ങളിൽ ഉടമസ്ഥയോ കൈവശം ഉള്ള വ്യക്തിയോ വ്യക്തികളോ ആവശ്യമായ ശുചിമുറികൾ ക്രമീകരിക്കുന്നു എന്നുള്ളതും ശുചിമുറി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്നുള്ളതും ഉറപ്പാക്കേണ്ടതാണ്.

(3) പൊതുജനാരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്, അതായത്:—

(i) തത്സമയം നിലവിലുള്ളതോ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മുന്നറിയിപ്പ് ഉള്ളതോ ആയ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള ക്രമീകരണവും സംവിധാനവും .

(ii) നൽകുന്നത് ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ആണെന്നത് സംബന്ധിച്ച പരിശോധനകൾ.

(iii) അടിയന്തര ആരോഗ്യ സേവനങ്ങൾക്ക് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്നുള്ളത്.

(iv) അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ആശുപത്രികളെ സജ്ജമാക്കൽ.

(4) <u>(1), (2) എന്നീ ഉപവകുപ്പുകളിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകളോ, വ്യവസ്ഥകൾക്ക് അനുസൃതമായി പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങളോ പാലിച്ചില്ലെങ്കിൽ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.</u>

ഖണ്ഡം 59

420. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 59 താഴെപ്പറയും പ്രകാരം മാറ്റുക.

"59. ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം.—(1) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അഭിപ്രായത്തിൽ, സാമൂഹ്യ ഒത്തുകൂടലുകൾക്ക് വിതരണം ചെയ്യുന്ന ജലം വ്യക്തികളെയോ സമൂഹത്തെയോ അപകടപ്പെടുത്താനോ രോഗം പടർത്താനോ സാധ്യതയുള്ളതാണെങ്കിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അതിന്റെ നിയന്ത്രണമുള്ള ഉടമസ്ഥയോടോ മറ്റ് വ്യക്തിയോടോ, അത്തരം ജലവിതരണം നിർത്തിവയ്ക്കുവാനോ അണുവിമുക്തമാക്കുവാനോ നിർദ്ദേശം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്."

ഖണ്ഡം 60

421. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 60 ആയി താഴെപ്പറയുന്നത് ചേർക്കുക.

"60. സാമൂഹിക ഒത്തുകൂടൽ വിജ്ഞാപനം ചെയ്യൽ:— (1) സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെയോ സർക്കാർ പൊതുവായോ പ്രത്യേകിച്ചോ അധികാരപ്പെടുത്തിയ പ്രകാരം മറ്റ് അധികാരസ്ഥാനങ്ങൾക്ക് ഉത്തരവു വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെയോ ഏതെങ്കിലും സാമൂഹിക ഒത്തുകൂടലുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ ഉത്സവമേഖലയായി അതിൽപ്പറയുന്ന കാലയളവിലേക്ക് പ്രഖ്യാപിക്കാവുന്നതും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്താവുന്നതുമാണ്.

(2) ഇപ്രകാരം ഏർപ്പെടുത്തപ്പെട്ട നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഏതൊരാളും 65-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്."

അദ്ധ്യായം 10

422. അദ്ധ്യായം 10-ന്റെ ശീർഷകത്തിലെ "പ്രായമായവർ, നിരാലംബർ" എന്നതിനു പകരം " വയോജനങ്ങൾ, കിടപ്പുരോഗികൾ, മാരകരോഗമുള്ളവർ,ഭിന്നശേഷിക്കാർ " എന്ന് ചേർക്കുക.

ഖണ്ഡം 61

പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 61 താഴെപ്പറയും പ്രകാരം മാറ്റുക.

423. "61. ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർക്ക് ലഭിക്കേണ്ട പരിഗണയും മുൻഗണനയും.—(1) വയോജനങ്ങൾ, കിടപ്പുരോഗികൾ, മാരകരോഗമുള്ളവർ, ഭിന്നശേഷിക്കാർ തുടങ്ങി പ്രത്യേക പരിഗണനയും

ശ്രദ്ധയും ആവശ്യമുള്ള ജനവിഭാഗങ്ങൾക്ക് പകർച്ചവ്യാധി പ്രതിരോധത്തിന്റെയും പൊതുജനാരോഗ്യ സംരക്ഷണത്തിന്റെയും ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങളും സേവനങ്ങളും ലഭ്യമാകുന്ന എന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പരിപാടികളും ജില്ലാതലത്തിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും സംസ്ഥാനതലത്തിൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും അവലോകനം ചെയ്യേണ്ടതാണ്. സാന്ത്വന പരിചരണം ഉൾപ്പെടെയുള്ള സർക്കാരിന്റെ ആരോഗ്യപരിപാലന പരിപാടികൾ അതത് ജനവിഭാഗങ്ങൾക്കിടയിൽ കാര്യക്ഷമമായി നടപ്പിലാക്കുന്ന എന്നതും ഉറപ്പാക്കേണ്ടതാണ്."

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാകുന്നുണ്ടോ എന്നുള്ളത് ജില്ലാ തലത്തിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും സംസ്ഥാന തലത്തിൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും ഉറപ്പ് വരുത്തേണ്ടതാണ് .

## അദ്ധ്യായം 11

424. ശീർഷകത്തിൽ "പകർച്ചവ്യാധിയല്ലാത്ത" എന്നതിനു പകരം " സാംക്രമികേതര " എന്ന് ചേർക്കുക.

## ഖണ്ഡം 62

425. മാർജിനൽ ശീർഷകത്തിൽ " പകർച്ചവ്യാധിയല്ലാത്ത " എന്നതിനു പകരം " സാംക്രമികേതര" എന്ന് ചേർക്കുക.

426. ഖണ്ഡം 62 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി 'സാംക്രമികേതര രോഗം' എന്നാൽ 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെ (സി),(ഐ) എന്നീ ഖണ്ഡങ്ങളിലെ നിർവ്വചനങ്ങളിൽ ഉൾപ്പെടാത്ത പകരാത്ത രോഗങ്ങൾ അല്ലെങ്കിൽ അവസ്ഥകൾ എന്ന് അർത്ഥമാക്കുന്നു."

427. ഖണ്ഡം 62 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) വിട്ടുമാറാത്ത രോഗം എന്നാൽ താഴെപ്പറയുന്നവയിൽ ഒന്നോ അതിലധികമോ ഉൾപ്പെടുന്ന പകർച്ചവ്യാധിയല്ലാത്തതും സാധാരണയിൽ നിന്ന് വ്യതിയാനവുമുള്ള അവസ്ഥകൾ എന്ന് അർത്ഥമാക്കുന്നു.

(i) രോഗത്തെയോ അപകടത്തെയോ തുടർന്നുണ്ടാകുന്ന സ്ഥിരമായ വൈകല്യം;

(ii) രോഗത്തെയോ അപകടത്തെയോ തുടർന്ന് അവശേഷിക്കുന്ന ബലഹീനത;

(iii) തിരിച്ചറിയാനാകാത്ത രോഗാവസ്ഥ മൂലമുണ്ടാകുന്ന ബലഹീനത;

(iv) പുനരധിവാസത്തിനായി പ്രത്യേക പരിശീലനം ആവശ്യമുള്ള അവസ്ഥ; കൂടാതെ

(v) ഭേദമാകുന്നതിന് ദീർഘകാല മേൽനോട്ടവും നിരീക്ഷണവും ആവശ്യമുള്ളവ."

428. ഖണ്ഡം 62(3) താഴെപ്പറയും പ്രകാരം മാറ്റുക :

"(3) താഴെപ്പറയുന്നവ സാധാരണഗതിയിൽ സാംക്രമികേതര രോഗങ്ങളായി കരുതപ്പെടും, അതായത്:—

(i) പ്രമേഹം;

(ii) രക്താതിമർദ്ദം (ഹൈപ്പർ ടെൻഷൻ);

(iii) അർബുദം;

(iv) ദീർഘകാല ശ്വാസകോശ രോഗം;

(v) ദീർഘകാല വൃക്കരോഗം;

(vi) അന്ധത;

(vii) ഹൃദ്രോഗം;

(viii) അൽഷിമേഴ്സ് രോഗം ഉൾപ്പെടെയുള്ള മറവിരോഗങ്ങൾ;

(ix) അപകടങ്ങൾ മൂലമുണ്ടാകുന്ന പരിക്കുകൾ;

(x) മസ്കുലോ - സ്കെലിട്ടൽ രോഗങ്ങളും സന്ധിവാതവും;

(xi) നാഡീസംബന്ധമായ രോഗങ്ങൾ;

(xii) അമിതവണ്ണം;

(xiii) മാനസികരോഗം;

(xiv) റൂമാറ്റിക് ഹൃദ്രോഗം;

(xv) പക്ഷാഘാതം;

(xvi) കരൾ രോഗങ്ങൾ;

(xvii) ജനിതക രോഗങ്ങൾ. "

429. ഖണ്ഡം 62(4) -ൽ "പകർച്ചവ്യാധിയല്ലാത്ത" എന്നതിനു പകരം "സാംക്രമികേതര" എന്ന് ചേർക്കുക.

430. ഖണ്ഡം 62(4)-ൽ "ചെയ്യാവുന്നതാണ്" എന്നതിനു പകരം "ചെയ്യാവുന്നതും ഏതെങ്കിലും രോഗങ്ങൾ സാംക്രമികമല്ല എന്ന് കരുതുന്നപക്ഷം അവ വിജ്ഞാപനത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

431. ഖണ്ഡം 62(5)-ൽ "പകർച്ചവ്യാധിയല്ലാത്ത" എന്നതിനു പകരം "സാംക്രമികേതര" എന്ന് ചേർക്കുക.

432. ഖണ്ഡം 62(5) -ൽ "പ്രതിരോധ, പ്രോത്സാഹന, രോഗശാന്തിയുളവാകുന്ന, പുനരധിവാസ, സാന്ത്വന ചികിത്സാ " എന്നതിനു പകരം "ആരോഗ്യദായക, പ്രതിരോധ, രോഗ ചികിത്സാ, പുനരധിവാസ, സാന്ത്വന" എന്ന് ചേർക്കുക.

433. ഖണ്ഡം 62(5)-ൽ "പൊതുജനാരോഗ്യ അധികാരികളും" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർമാരും" എന്നും "പൊതുജനാരോഗ്യ അധികാരികൾ" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർമാർ" എന്നും "വേണ്ടതാണ് " എന്നതിനു പകരം "ചെയ്യേണ്ടതാണ് " എന്നും ചേർക്കുക.

434. ഖണ്ഡം 62(6)-ൽ "പൊതുജനാരോഗ്യ അധികാരികൾ പകർച്ചവ്യാധിയല്ലാത്ത" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർമാർ സാംക്രമികേതര" എന്ന് ചേർക്കുക.

435. ഖണ്ഡം 62(6)-ൽ "ജീവിതശൈലിക്കുള്ള " എന്നതിനു പകരം "ജീവിതശൈലി പിൻതുടരാനുള്ള" എന്ന് ചേർക്കുക.

436. ഖണ്ഡം 62(6)-ൽ "പൊതുജനാരോഗ്യ അധികാരികൾ" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർമാർ " എന്ന് ചേർക്കുക.

437. ഖണ്ഡം 62(7)-ൽ "(8)-ാം ഉപവകുപ്പിൽ വിശദീകരിച്ചിരിക്കുന്ന പ്രകാരം" എന്നത് ഒഴിവാക്കുക.

438. ഖണ്ഡം 62(7)-ൽ "പൊതുജനാരോഗ്യ അധികാരികൾ" എന്നതിനു പകരം "പബ്ലിക് ഹെൽത്ത് ഓഫീസർമാർ" എന്നും "പകർച്ചവ്യാധിയല്ലാത്ത" എന്നതിനു പകരം "സാംക്രമികേതര" എന്നും ചേർക്കുക.

439. ഖണ്ഡം 62(7)-ൽ "പ്രോത്സാഹിപ്പിക്കേണ്ടതാണ്" എന്നതിനു ശേഷം "അതായത്,—" എന്ന് ചേർക്കുകയും താഴെപ്പറയുന്ന ഇനങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുക.

"(i) പ്രാഥമിക പ്രതിരോധത്തിൽ,

(എ) വീടിനകത്തും, പുറത്തുമുള്ള വായു മലിനീകരണം തടയൽ;

(ബി) വ്യായാമത്തിന് വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ;

(സി) ആരോഗ്യകരമായ ഭക്ഷണവും ഭക്ഷണശീലങ്ങളും പ്രോത്സാഹിപ്പിക്കൽ;

(ഡി) ആരോഗ്യകരമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ;

(ഇ) പൊതുജനങ്ങളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കൽ;

(എഫ്) ലഹരിമുക്ത പ്രവർത്തനങ്ങളും അതിനായുള്ള ബോധവത്കരണവും;

(ജി) മറ്റ് ആരോഗ്യദായക പ്രവർത്തനങ്ങൾ; എന്നിവയും

(ii) ദ്വിതീയ പ്രതിരോധത്തിൽ,

(എ) മുൻകൂട്ടിയുള്ള രോഗ നിർണയവും ശരിയായ ചികിത്സയും;

(ബി) കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധനകൾ നടത്തുക;

(സി) ആന്റിബയോട്ടികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം; നിയന്ത്രിക്കുന്നതും ഒഴിവാക്കുന്നതും; എന്നിവയും

(iii) തൃതീയ പ്രതിരോധത്തിൽ,

(എ) ശാരീരികവും മാനസികവുമായ പുനരധിവാസ പദ്ധതികൾ;

(ബി) സാന്ത്വന പരിചരണം ;

(സി) തൊഴിൽപരമായ പുനരധിവാസം; എന്നിവയും

ഉൾപ്പെടുന്നു."

440. ഖണ്ഡം 62(8) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

പുനരക്കം ചെയ്ത 62(8) താഴെപ്പറയും പ്രകാരം മാറ്റുക:

"(8) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്, അതായത്,—

(i) ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ജനകീയ കൂട്ടായ്മകളിലൂടെ ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കി വ്യായാമത്തിനും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ജീവിതശൈലികൾ മാറ്റുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ;

(ii) ശാരീരികവും മാനസികവുമായ ഉന്മേഷത്തിനും ആരോഗ്യസംരക്ഷണത്തിനും യോഗ പരിശീലനവും യോഗാഭ്യാസവും;

(iii) ആരോഗ്യ പരിശോധനകളിൽ ജീവിതശൈലീ രോഗങ്ങൾ വരാൻ സാധ്യതയുള്ളവരെ കണ്ടെത്തിയാൽ, രോഗപ്രതിരോധത്തിന് ആവശ്യമായ ആഹാരക്രമീകരണവും ജീവിതശൈലീ മാറ്റങ്ങളും;

(iv) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗംകൊണ്ട് വ്യക്തിയിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ ഗുരുതര രോഗാവസ്ഥകളുടെ ബോധ്യപ്പെടുത്തലും ബോധവത്ക്കരണവും;

(v) സാംക്രമികേതര രോഗങ്ങൾ ഉള്ളവരെയും രോഗസാധ്യതയുള്ളവരെയും കണ്ടെത്തുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം;

(vi) ആരോഗ്യസംബന്ധമായ ശാസ്ത്രീയമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ;

(vii) ഹൃദയാഘാതം, തീപ്പൊള്ളൽ തുടങ്ങിയ സാഹചര്യങ്ങളിൽ നല്കേണ്ട അനിവാര്യമായ പ്രഥമ ശുശ്രൂഷ സംബന്ധിച്ച് ആരോഗ്യപ്രവർത്തകർക്കും മറ്റുള്ളവർക്കും പരിശീലനം;

(viii) സ്കൂൾ ആരോഗ്യപദ്ധതിയിൽ സർക്കാർ നിർദ്ദേശിക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും ."

പുനരക്കം ചെയ്ത ഖണ്ഡം 62(9),(10),(11), (12) എന്നിവ നീക്കം ചെയ്യുക.

<u>അദ്ധ്യായം 12</u>

**പലവക**

<u>ഖണ്ഡം 63</u>

441. പുനരക്കം ചെയ്ത ഖണ്ഡം 63 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"<u>63. സമിതിയുടെ യോഗങ്ങൾ.</u>—(1) സമിതി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ അദ്ധ്യക്ഷ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്. യോഗത്തിന്റെ ക്വാറവും നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) അടിയന്തര സാഹചര്യങ്ങളിൽ അദ്ധ്യക്ഷയുടെ നിർദ്ദേശപ്രകാരം മെമ്പർ സെക്രട്ടറി സമിതിയുടെ യോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതാണ്.

(3) യോഗങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതും ഏതെങ്കിലും ഒഴിച്ചുകൂടാനാവാത്ത കാരണത്താൽ ഒരംഗത്തിന് സമിതിയുടെ ഏതെങ്കിലും യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അംഗം ആ വിവരം സമിതിയുടെ

അദ്ധ്യക്ഷയെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതും അദ്ധ്യക്ഷയുടെ അനുമതിയോടെ ആ അംഗത്തിനെ പ്രതിനിധീകരിച്ച് ഉത്തരവാദിത്വപ്പെട്ട മറ്റൊരു ഉദ്യോഗസ്ഥയ്ക്ക് ആ യോഗത്തിൽ പങ്കെടുക്കാവുന്നതുമാണ്.

(4) യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന വിഷയവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകളുടെ ഉദ്യോഗസ്ഥരെയോ വിഷയവിദഗ്ദ്ധരെയോ അദ്ധ്യക്ഷയുടെ അനുമതിയോടെ ക്ഷണിതാക്കളാക്കാവുന്നതാണ്."

<u>ഖണ്ഡം 64</u>

442. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 64 താഴെപ്പറയും പ്രകാരം മാറ്റുക.

"<u>64. നോട്ടീസുകളും ഉത്തരവുകളും നൽകുന്ന രീതി.</u>—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ ഉത്തരവുകളോ പ്രകാരമോ നോട്ടീസ് നൽകേണ്ടിവരുമ്പോൾ അത്തരം നോട്ടീസ് അല്ലെങ്കിൽ ഉത്തരവ് രേഖാമൂലമായിരിക്കേണ്ടതും, അത്,—

(എ) അത്തരം വ്യക്തിയ്ക്ക് നൽകുകയോ ഏൽപ്പിക്കുകയോ ചെയ്തുകൊണ്ടോ; അല്ലെങ്കിൽ

(ബി) അത്തരം വ്യക്തിയെ കണ്ടെത്തിയില്ലെങ്കിൽ അവരുടെ ഒടുവിലത്തേതായി അറിയപ്പെടുന്ന വാസസ്ഥലത്തോ തൊഴിലിടത്തോ കൊടുത്തുകൊണ്ടോ അല്ലെങ്കിൽ അവരുടെ കുടുംബത്തിലെ പ്രായപൂർത്തിയായ അംഗത്തിന് നൽകിക്കൊണ്ടോ ഏൽപ്പിച്ചുകൊണ്ടോ; അല്ലെങ്കിൽ

(സി) അത്തരം വ്യക്തി ആ പ്രദേശത്ത് താമസിക്കുന്നില്ലായെങ്കിലും അവരുടെ മറ്റെവിടെയെങ്കിലുമുള്ള വിലാസം അറിയാമെങ്കിൽ ആയത് രജിസ്റ്റേർഡ് തപാൽ വഴി ആ വിലാസത്തിൽ അവർക്ക് അയച്ചുകൊണ്ടും; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഒന്നും ലഭ്യമല്ലെങ്കിൽ അത്തരം വാസസ്ഥലത്തിന്റെയോ തൊഴിലിടത്തിന്റെയോ പ്രകടമായി കാണാവുന്ന ഏതെങ്കിലും ഭാഗത്ത് പതിച്ചുകൊണ്ടോ,

നൽകേണ്ടതാണ്.

(2) ഒരു വ്യക്തി ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥയോ കൈവശക്കാരിയോ ആയിരിക്കുമ്പോൾ ആ നോട്ടീസിൽ അല്ലെങ്കിൽ ഉത്തരവിൽ ആ ഉടമസ്ഥയുടെയോ കൈവശക്കാരിയുടെയോ പേര് പറഞ്ഞിരിക്കേണ്ട ആവശ്യമുള്ളതും കൂട്ടുടമസ്ഥരുടെയും കൂട്ടുകൈവശക്കാരുടെയും സംഗതിയിൽ അത്തരത്തിലുള്ള ഉടമസ്ഥരിലോ കൈവശക്കാരിലോ ഒരാൾക്ക് അത് നൽകിയാൽ മതിയാകുന്നതുമാണ്."

## ഖണ്ഡം 65

443. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 65 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"65. ശിക്ഷകൾ.—(1) 15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിലെയും 18-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പിലെയും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലെയും വ്യവസ്ഥകളൊഴികെ ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തി അല്ലെങ്കിൽ സ്ഥാപനം താഴെ പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴ ശിക്ഷയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്, അതായത്:—

### പട്ടിക

| ക്രമ നമ്പർ | വകുപ്പ് | കുറ്റം | പിഴ തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 15 | (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനയ്യായിരം രൂപയിൽ കുറയാത്തതും മുപ്പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 2 | 19 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥയോ നൽകുന്ന നോട്ടീസിലെ നിർദ്ദേശങ്ങൾ പാലിച്ചി ല്ലായെങ്കിൽ | പതിനായിരം രൂപയിൽ കുറയാത്തതും ഇരുപതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 3 | 23 | (1)-ാം ഉപവകുപ്പ് പ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ | മൂവായിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 4 | 28 | (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുക | പരമാവധി ഇരുപത്തയ്യായിരം രൂപ |
| 5 | 31 | (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനായിരം രൂപയിൽ കവിയാത്തതായ തുക |

| | | | |
|---|---|---|---|
| 6 | 33 | (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ സാക്ഷ്യപത്രം നൽകുന്നതിന് മതിയായ കാരണമില്ലാതെ വിസമ്മതിക്കുകയോ, (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരത്തിൽ ചികിത്സിക്കാതെ സാക്ഷ്യപത്രം നൽകുകയോ | പതിനായിരം രൂപയിൽ കവിയാത്തതായ തുക |
| 7 | 34 | (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നിരോധനം ലംഘിക്കുക | അയ്യായിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 8 | 35 | (i)(1)-ാം ഉപവകുപ്പനുസരിച്ച് ആശുപത്രി യിലേയ്ക്കോ സ്ഥലത്തേയ്ക്കോ ഒരു രോഗിയെ മാറ്റുന്നത് തടയുക.<br><br>(ii ) (2)-ാം ഉപവകുപ്പിന് വിരുദ്ധമായി ആശുപത്രിയിൽ നിന്നും/മറ്റ് സ്ഥലത്ത് നിന്ന് വിട്ടുപോകുക അല്ലെങ്കിൽ കൊണ്ടുപോകുക. | (i)ആയിരം രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ തുക<br><br>(ii)ആയിരം രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ തുക |
| 9 | 36 | വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉള്ള വ്യക്തി അല്ലെങ്കിൽ അപ്രകാരമുള്ള വ്യക്തിയുടെ പരിചരണ ചുമതലയുള്ള വ്യക്തി 36(1)-ാം വകുപ്പിൽ പറയുന്ന സ്ഥലങ്ങളിൽ തന്റെ/രോഗിയുടെ സാന്നിദ്ധ്യം ഉണ്ടാക്കുക അല്ലെങ്കിൽ അപ്രകാരമുള്ള പ്രവൃത്തി ചെയ്യുക | പരമാവധി രണ്ടായിരം രൂപ |
| 10 | 37 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 11 | 40 | (1)-ാം ഉപവകുപ്പ് പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന ഉത്തരവ് ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 12 | 41 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 13 | 42 | (1)-ാം ഉപവകുപ്പിൻ കീഴിൽ ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിനെ ലംഘിച്ച് സാമൂഹിക ഒത്തുകൂടൽ നടത്തുക | പരമാവധി ഇരുപത്തയ്യായിരം രൂപ |

| | | | |
|---|---|---|---|
| 14 | 45 | (i) (1)-ാം ഉപവകുപ്പിൽ മൂഷിക വർഗ്ഗത്തിനെയും നായ്ക്കളെയും മറ്റു മൃഗങ്ങളെയും ആകർഷിക്കുന്ന വിധത്തിൽ പരിസരത്ത് മാലിന്യങ്ങൾ തള്ളുക, കാട്ടും മറ്റും വളരുവാൻ അനുവദിക്കുക<br><br>(ii)(3)-ാം ഉപവകുപ്പിൽ വളർത്തുനായ്ക്കൾക്കും/ വളർത്തു പൂച്ചകൾക്കും പേവിഷ ബാധയ്ക്കെതിരെ കൃത്യമായി വാക്സിനേഷൻ ചെയ്യാതിരിക്കുക | (i) പരമാവധി അയ്യായിരം രൂപ<br><br>(ii)പരമാവധി രണ്ടായിരം രൂപ |
| 15 | 48 | (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 16 | 49 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപയിൽ കവിയാത്തതുമായ തുക |
| 17 | 50 | (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക | പതിനായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 18 | 51 | (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക | പരമാവധി ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന തുക |
| 19 | 53 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനായിരം രൂപവരെയാകുന്ന തുക |
| 20 | 56 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനായിരം രൂപ |
| 21 | 58 | (1), (2) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക. | പതിനായിരം രൂപയിൽ കവിയാത്തതായ തുക |
| 22 | 59 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനയ്യായിരം രൂപ |
| 23 | 60 | (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത ഉത്തരവിലെ നിയന്ത്രണങ്ങൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |

(2) (1)-ാം ഉപവകുപ്പിലെ പട്ടികയിലെ 2-ഉം 3-ഉം കോളങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കുറ്റങ്ങൾക്ക് ഒരു വ്യക്തി അല്ലെങ്കിൽ സ്ഥാപനം ഒരു പ്രാവശ്യം ശിക്ഷിക്കപ്പെട്ടതിനു ശേഷമോ അല്ലെങ്കിൽ ആ കുറ്റം രാജിയാക്കപ്പെട്ടതിനു ശേഷമോ വീണ്ടും ആ കുറ്റം ആവർത്തിക്കുകയാണെങ്കിൽ (4)-ാം കോളത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന തുകയുടെ ഇരട്ടി തുകയ്ക്ക് ശിക്ഷാർഹനായിരിക്കുന്നതാണ്."

ഖണ്ഡം 66

444. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 66 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"66. കുറ്റങ്ങൾക്ക് നടപടിയെടുക്കൽ.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്ത് മൂന്ന് മാസത്തിനകം, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെയോ ഇതിലേയ്ക്കായി പ്രകടമായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥയുടെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും അപ്രകാരമുള്ള ഒരു കുറ്റം വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

(2) പതിനഞ്ചാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും പ്രകാരമുള്ള കുറ്റങ്ങൾ ഒഴികെ ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ കോഗ്നിസൈബിൾ അല്ലാത്തതും ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയാൽ വിചാരണ ചെയ്യപ്പെടേണ്ടതുമാണ്."

ഖണ്ഡം 67

445. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 67 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"67. മജിസ്ട്രേറ്റിന്റെ പ്രത്യേക അധികാരിത.—1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ 15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും പ്രകാരമുള്ള കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയും, ഇരുപത്തയ്യായിരം രൂപ വരെയും പിഴ ശിക്ഷ നൽകാൻ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയ്ക്ക് അധികാരിതയുണ്ടായിരിക്കുന്നതാണ്."

ഖണ്ഡം 68

446. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 68 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"68. കുറ്റങ്ങൾ രാജിയാക്കൽ.—(1) 1973-ലെ ക്രിമിനൽ നടപടി സംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിൽ തടവുശിക്ഷ മാത്രമായോ തടവുശിക്ഷയും പിഴയും കൂടിയോ വ്യവസ്ഥ ചെയ്തിരിക്കുന്ന കുറ്റങ്ങളൊഴികെയുള്ള ഏതു കുറ്റവും അപ്രകാരമുള്ള കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ, പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ, പ്രോസിക്യൂഷൻ ആരംഭിച്ചതിനു ശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടു കൂടിയോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഈ ആക്റ്റിൻ കീഴിലെ ചട്ടങ്ങളിൽ നിർണ്ണയിച്ചിരിക്കുന്ന തുകയ്ക്ക് രാജിയാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രാജിയാക്കാവുന്ന കുറ്റങ്ങളെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ പ്രാദേശിക പൊതുജനാരോഗ്യ സമിതിയ്ക്ക് നൽകേണ്ടതാണ്.

(3) കുറ്റങ്ങൾ രാജിയാക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(4) ഒരു കുറ്റം രാജിയാകുന്നത്, അത് സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനു മുമ്പാണെങ്കിൽ ആ കുറ്റവുമായി ബന്ധപ്പെട്ട് രാജിയിലേർപ്പെട്ട ആ വ്യക്തിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ രാജിയായതിനു ശേഷം ആ വ്യക്തി അതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ അപ്രകാരം ആവർത്തിക്കുന്ന കുറ്റത്തിന് പ്രോസിക്യൂഷൻ ആരംഭിക്കേണ്ടതും അത് രാജിയാക്കാൻ പാടില്ലാത്തതുമാകുന്നു."

## ഖണ്ഡം 69

447. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 69 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"69.അപ്പീലുകൾ.—ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിരിക്കുന്ന സംഗതികളിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ ജില്ലാ പൊതുജനാരോഗ്യ സമിതിക്കും, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ സംസ്ഥാന പൊതുജനാരോഗ്യ സമിതിക്കും, സംസ്ഥാന പൊതുജനാരോഗ്യ സമിതിയുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ സർക്കാരിനും സമർപ്പിക്കാവുന്നതും ആയതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

ഖണ്ഡം 70

448. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 70 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"70. റിവിഷൻ.—ജില്ലാ പൊതുജനാരോഗ്യ സമിതിയുടെ 69-ാം വകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന പൊതുജനാരോഗ്യ സമിതി മുമ്പാകെ റിവിഷൻ ഫയൽ ചെയ്യാവുന്നതും, ആയതിന്മേലുള്ള ആക്ഷേപം സർക്കാരിന് സമർപ്പിക്കാവുന്നതും, സർക്കാരിന്റെ ഇക്കാര്യത്തിലെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

ഖണ്ഡം 71

449. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 74 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"71. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് പബ്ലിക് ഹെൽത്ത് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പൊതുജനാരോഗ്യ സമിതിയോ, ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ, എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതൊരു നടപടിക്കോ തീരുമാനത്തിനോ എതിരെ യാതൊരു വ്യവഹാരമോ അപേക്ഷയോ ഹർജിയോ പരിഗണനയ്ക്ക് എടുക്കുന്നതിന് യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല."

ഖണ്ഡം 72

450. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 72 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"72. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് പബ്ലിക് ഹെൽത്ത് ഓഫീസർക്കോ, അവർ അധികാരപ്പെടുത്തിയതനുസരിച്ച് പ്രവർത്തിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥക്കോ, പൊതുജനാരോഗ്യ സമിതിക്കോ, സമിതിയിലെ അംഗങ്ങൾക്കോ സെക്രട്ടറിക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല."

ഖണ്ഡം 73

451. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 73 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"73. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്."

ഖണ്ഡം 74

452. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 74 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"74. പബ്ലിക് ഹെൽത്ത് ഓഫീസർമാരും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—പൊതുജനാരോഗ്യ സമിതിയിലെ അംഗങ്ങളും പബ്ലിക് ഹെൽത്ത് ഓഫീസർമാരും അവർ ചുമതലപ്പെടുത്തിയതിനനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരു ഉദ്യോഗസ്ഥയും ജീവനക്കാരിയും ഈ ആക്റ്റിലെയും അതിൻകീഴിലുള്ള ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴോ, പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കണക്കാക്കപ്പെടുന്നതാണ്."

ഖണ്ഡം 75

453. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 75 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"75. സർക്കാരിനാൽ അധികാരം ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, വിജ്ഞാപനത്താലും അതിൽ വ്യക്തമാക്കുന്ന ഏതെങ്കിലും നിയന്ത്രണത്തിനും പരിമിതികൾക്കും വിധേയമായി, അതിന് ഈ ആക്റ്റ് പ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഒന്നോ അതിലധികമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഏതൊരാളെയും അധികാരപ്പെടുത്താവുന്നതും അതേരീതിയിൽ തന്നെ അത്തരം അധികാരം പിൻവലിക്കാവുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ 81-ാം വകുപ്പ് പ്രകാരം ഈ ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തിന് ബാധകമല്ല."

ഖണ്ഡം 76

454. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 76 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"76. പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കോ അവർ ചുമതലപ്പെടുത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥയ്ക്കോ, വ്യക്തികളുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭംഗം വരാത്ത രീതിയിൽ, ഏതൊരു സ്ഥാപനത്തിലും കെട്ടിടത്തിലും പരിസരത്തും പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ,—

(എ) അടിയന്തര ആവശ്യം ഇല്ലെങ്കിൽ സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുവാനോ;

(ബി) അത്തരം പ്രവേശനം നടത്താനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് രണ്ട് മണിക്കൂർ മുമ്പെങ്കിലും താമസക്കാർക്ക് അറിയിപ്പ് നൽകിയിട്ടില്ലായെങ്കിൽ, താമസക്കാരുടെ സമ്മതമില്ലാതെ താമസത്തിനുള്ള പാർപ്പിടത്തിൽ പ്രവേശിക്കുവാനോ,

പാടില്ലാത്തതാകുന്നു;"

ഖണ്ഡം 77

455. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 77 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"77. പരിശോധന നടത്തുമ്പോഴും പിഴ ചുമത്തുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.— ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച്, പരിശോധന നടത്തുമ്പോഴും പിഴ ചുമത്തുന്നതിന് മുമ്പായും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും അധികാരി, അതേ വിഷയത്തിൽ നടപടി എടുക്കുന്നുണ്ടോ എന്നും എടുത്തിട്ടുണ്ടോ എന്നതും കണക്കിലെടുക്കേണ്ടതും വൈരുദ്ധ്യമുള്ള തീരുമാനമുണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്."

ഖണ്ഡം 78

456. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 78 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"78. പൊതുജനാരോഗ്യ ഫണ്ടിന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നാലുടൻ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പൊതുജനാരോഗ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെട്ട പിഴയും മറ്റ് ഫീസുകളും ശേഖരിക്കപ്പെടുന്ന മറ്റ് തുകകളും നിർണ്ണയിക്കുന്ന പ്രകാരം ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഈ ഫണ്ടിലെ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്;

(2) ഫണ്ടിന്റെ ഭരണനിയന്ത്രണവും പ്രവർത്തനവും കണക്കുകളുടെ സൂക്ഷിപ്പും ഓഡിറ്റും മറ്റും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്."

ഖണ്ഡം 79

457. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 79 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"79. വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവു മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം (1)-ാം ഉപവകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്."

ഖണ്ഡം 80

458. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 80 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"80. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ അങ്ങനെയുണ്ടാക്കുന്ന ഓരോ റഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണ്."

ഖണ്ഡം 81

459. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 81 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"81. ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, വിജ്ഞാപനത്താൽ ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാലപ്രാബല്യത്തോടു കൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും സർക്കാരിന്, ഈ ആക്റ്റിനാൽ പ്രകടമായി ആവശ്യമുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതുമാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിന് ശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടങ്ങൾ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരുത്തുന്നതല്ലാത്തതാകുന്നു. "

ഖണ്ഡം 82

460. പുനരക്കം ചെയ്ത പ്രകാരമുള്ള ഖണ്ഡം 82 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"82. സാധൂകരിക്കൽ.—(1) 2022-ലെ കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസിന് (2022-ലെ 15) 2023 ജനുവരി 15-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നെങ്കിലും, പ്രസ്തുത ഓർഡിനൻസിലെ ശിക്ഷാവ്യവസ്ഥകൾ പ്രകാരം ചെയ്തതോ ചെയ്തതായി

കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്.

(2) ഈ ആക്റ്റിലെ ശിക്ഷാവ്യവസ്ഥകൾ ഒഴികെയുള്ള വ്യവസ്ഥകൾ അനുസരിച്ച് ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി വരെയുള്ള കാലയളവിനുള്ളിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ അവ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്നുവെങ്കിൽ ആ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടാവുന്നിടത്തോളവും അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളവും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്."

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2023 മാർച്ച് 20.

വീണാ ജോർജ്ജ്,
*ചെയർപേഴ്സൺ;*
*സെലക്ട് കമ്മിറ്റി.*

## വിയോജനക്കുറിപ്പ്

കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും പൊതുജനാരോഗ്യത്തിന്റെ ഭരണം മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സമഗ്ര നിയമനിർമ്മാണത്തിനായാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലൂടെ ബില്ലിൽ കൂടുതൽ വ്യക്തത വന്നിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി, ഭക്ഷ്യസുരക്ഷ നിയമങ്ങൾക്കു വിരുദ്ധമാകാത്ത രീതിയിൽ പൊതുജനാരോഗ്യ നിയമം സമഗ്രമാക്കുന്നതിനു പര്യാപ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

ബില്ലിലെ ഖണ്ഡം 8(1)-ൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഇപ്രകാരം ഉദ്യോഗസ്ഥരെ നൽകുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ ഭരണ സമിതിയുടെ അംഗീകാരത്തോടെ ചെയ്യേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങളുടെ ജീവനക്കാരെ ഭരണസമിതിയുടെ അംഗീകാരമില്ലാതെ നിയോഗിക്കാൻ അധികാരം നൽകുന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്.

ഖണ്ഡം 12-ൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത അധികാരങ്ങൾ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ വിനിയോഗിക്കേണ്ടത് പ്രാദേശിക പൊതുജനാരോഗ്യ സമിതിയുടെ അംഗീകാരത്തോടെ ആയിരിക്കണം. അല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ അമിതാധികാരങ്ങൾ കേന്ദ്രീകരിക്കുന്ന പ്രവണത ഉണ്ടാകുകയും പൊതുജനാരോഗ്യ സമിതി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യം പരാജയപ്പെടുകയും ചെയ്യുന്നതാണ്.

ഖണ്ഡം 12(7)-ൽ, കേടുവന്ന ഭക്ഷണപാനീയങ്ങൾ കണ്ടെത്തിയാൽ പ്രാദേശിക പബ്ലിക് ഓഫീസർക്ക് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭക്ഷണപാനീയങ്ങളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കേണ്ട സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനം തേടാവുന്നതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും മറ്റു വ്യവസ്ഥകൾ ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകളോട് യോജിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. പല ഏജൻസികളുടെ ഇടപെടൽ ഉണ്ടാകുന്ന സാഹചര്യം പ്രായോഗിക ബുദ്ധിമുട്ടുകളും നിയമ പ്രശ്നങ്ങളും സൃഷ്ടിക്കുന്നതാണ്.

ഖണ്ഡം 12(8)(എ)-ൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഏതൊരു സ്ഥലത്തും അറിയിപ്പില്ലാതെ എപ്പോൾ വേണമെങ്കിലും യാതൊരു സഹായവും കൂടാതെ പരിശോധന നടത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത വ്യവസ്ഥ ഖണ്ഡം 21(ബി)-ൽ പരാമർശിക്കുന്ന മുൻകൂർ അറിയിപ്പ് സംബന്ധിച്ച വ്യവസ്ഥയ്ക്ക്

വിരുദ്ധമായി കാണുന്നു. മുൻകൂർ നോട്ടീസ് നൽകാതെ ഇത്തരത്തിൽ പരിശോധനയ്ക്ക് അധികാരം നൽകുന്നത് ദുരുപയോഗം ചെയ്യപ്പെടുന്നതിനും മനുഷ്യാവകാശ ലംഘനങ്ങൾക്കും കാരണമാകുന്നതാണ്.

ഖണ്ഡം 12(8)(സി) പ്രകാരം ഭക്ഷണത്തിന്റെയോ വെള്ളത്തിന്റെയോ സാമ്പിളുകൾ വിശകലനത്തിനായി ശേഖരിക്കുന്നതിന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അധികാരം നൽകുന്ന വ്യവസ്ഥ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

ഖണ്ഡം 15(2)(ii) പ്രകാരം കുടിവെള്ള വിതരണം തടയുന്നതിന് ഉൾപ്പെടെയുള്ള അധികാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകിയിരിക്കുന്നു. ഈ കാര്യത്തിൽ ബന്ധപ്പെട്ട പ്രാദേശിക ഭരണസമിതിയുടെ അറിവോ അനുമതിയോ സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല.

ഖണ്ഡം 15(3) പ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ജലവിതരണവും അഴുക്കുചാൽ സർവ്വീസുകളും സംബന്ധിച്ച ചുമതലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന രീതിയിൽ വ്യവസ്ഥ ചെയ്യുന്നതിന് പകരം മറ്റൊരു സമാന്തര അധികാര കേന്ദ്രമായി മാറുന്ന രീതിയിലാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ഖണ്ഡം 36 പ്രകാരം പകർച്ചവ്യാധിയിൽ നിന്നും ഒരാൾ രോഗമുക്തനായതായി സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന മെഡിക്കൽ പ്രാക്ടീഷണർമാർ ലാബ് പരിശോധനകൾ അടക്കം ആവശ്യമായ എല്ലാ പരിശോധനകളും നടത്തി രോഗമുക്തി സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ നൽകേണ്ടതാണ് എന്നാണ് വ്യവസ്ഥ.

രോഗമുക്തനായതായി സാക്ഷ്യപത്രം നൽകുന്നതിനുള്ള അധികാരം മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർക്ക് മാത്രമായി പരിമിതപ്പെടുത്തുമ്പോൾ, സർക്കാർ അംഗീകാരത്തോടെ പ്രാക്ടീസ് ചെയ്യുന്ന ആയുഷ് മേഖലയിൽ ഉൾപ്പെടുന്ന രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാർക്ക് ഇത്തരം അവസരം നൽകാതിരിക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്.

ഖണ്ഡം 74 പ്രകാരം കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രസ്തുത അധികാരം ബന്ധപ്പെട്ട പൊതുജനാരോഗ്യ സമിതിയുടെ അംഗീകാരത്തോടെ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യതകൾ കൂടി പരിഗണിക്കേണ്ടതാണ്. സദുദ്ദേശത്തോടെ നൽകുന്ന അധികാരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ നിർണയത്തിൽ ഉൾപ്പെടെ വിവിധ ചികിത്സാരീതികളുടെ ഫലപ്രദമായ സമന്വയം ഉറപ്പാക്കുന്നതിനും പര്യാപ്തമായ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ബിൽ സമഗ്രമാക്കേണ്ടതാണ്.

ആയതിനാൽ സെലക്ട് കമ്മിറ്റി ശിപാർശകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1) എ. പി. അനിൽ കുമാർ (ഒപ്പ്)

2) കെ. പി. എ. മജീദ് (ഒപ്പ്)

3) മോൻസ് ജോസഫ് (ഒപ്പ്)

4) അനൂപ് ജേക്കബ് (ഒപ്പ്)

5) പി. സി. വിഷ്ണുനാഥ് (ഒപ്പ്)

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ

(സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു. നക്ഷത്രചിഹ്നം ഒഴിവാക്കിയതിനെ സൂചിപ്പിക്കുന്നു.]

കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾക്ക് പകരം കാലാനുസൃതമായ മാറ്റങ്ങളും ആവശ്യകതകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—പൊതുജനാരോഗ്യസംരക്ഷണത്തിന് ഏകാരോഗ്യം എന്ന സമീപനം സ്വീകരിക്കേണ്ടതിനാലും;

രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കപ്പുറം ആരോഗ്യം പ്രദാനം ചെയ്യുന്ന സാമൂഹിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും രോഗങ്ങൾക്ക് കാരണമാകുന്ന അവസ്ഥകളെ ദുർബ്ബലപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യേണ്ടതിനാലും;

കാലാവസ്ഥാവ്യതിയാനം, മനുഷ്യ-മൃഗ സമ്പർക്കം മുതലായവയുടെ ഭാഗമായി കടന്നുവരാവുന്ന പുതിയ വൈറസുകളെയും രോഗാണുക്കളെയും പകർച്ചവ്യാധികളെയും മഹാമാരികളെയും പ്രതിരോധിക്കേണ്ടത് ആവശ്യമാകയാലും വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളെ തടയേണ്ടതും നിയന്ത്രിക്കേണ്ടതും അനിവാര്യമാകയാലും;

സംസ്ഥാനത്തുടനീളം നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ ജനസാന്ദ്രത ഉയർന്നതായിരിക്കുന്നതിനാലും വയോജനങ്ങളും, ഭിന്നശേഷിക്കാരും ഉൾപ്പെടെയുള്ളവരുടെ ആരോഗ്യസംരക്ഷണത്തിന് കേരളം പ്രത്യേക പരിഗണന നൽകുന്നതിനാലും;

കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന, തിരുവിതാംകൂർ-കൊച്ചി മേഖലയിൽ ബാധകമായ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI), മലബാർ മേഖലയിൽ ബാധകമായ 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് (1939-ലെ III), എന്നിവയ്ക്ക് പകരം സംസ്ഥാനമാകെ

ബാധകമാകുന്ന ഒരു നിയമം കൊണ്ടുവരുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റ് എന്ന് പേര് പറയാം.

(2) 15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 18-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും 65-ാം വകുപ്പും ഉടൻ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന വകുപ്പുകൾ 2023 ജനവരി 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബയോ മെഡിക്കൽ മാലിന്യം" എന്നാൽ വ്യക്തിയുടെയോ വ്യക്തികളുടെയോ രോഗനിർണ്ണയം, ശസ്ത്രക്രിയകൾ, മറ്റ് ചികിത്സകൾ, കുത്തിവയ്പ്പുകൾ എന്നിവയ്ക്കിടയിലോ ആരോഗ്യമേഖലയിലെ ഗവേഷണങ്ങൾക്കിടയിൽ ആശുപത്രികൾ, ആരോഗ്യ ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലോ ഉണ്ടാകുന്നതായ രോഗാണു സാന്നിധ്യവും അതിലൂടെ അണുബാധ സാധ്യതയുമുള്ള ഖര-ദ്രവ മാലിന്യങ്ങൾ എന്നർത്ഥമാകുന്നു;

(ബി) "കെട്ടിടം" എന്നതിൽ വീട്, ഔട്ട്ഹൗസ്, അപ്പാർട്ട്മെന്റ് , ലായം, ശുചിമുറി, ഷെഡ്, കുടിൽ, പെട്ടിക്കട, കൂടാതെ കല്ല്, ഇഷ്ടിക, ചെളി, ലോഹം അല്ലെങ്കിൽ മറ്റ് വസ്തുക്കൾ എന്തുതന്നെയായാലും, അവ കൊണ്ടുള്ള എടുപ്പുകൾ എന്നിവ ഉൾപ്പെടുന്നു;

(സി) "പകർച്ചവ്യാധി" എന്നാൽ അണുബാധമൂലം മനുഷ്യന് അല്ലെങ്കിൽ മൃഗങ്ങൾക്ക് ലക്ഷണങ്ങളോടുകൂടിയോ അല്ലാതെയോ ഉണ്ടാകുന്നതും മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്കോ മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേയ്ക്കോ മനുഷ്യരിലേയ്ക്കോ പകരുന്നതോ രോഗനിർണ്ണയ സംവിധാനങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതുമായ ഒരു രോഗം എന്നർത്ഥമാകുന്നു;

വിശദീകരണം:— ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി "മൃഗങ്ങൾ" എന്നതിൽ പക്ഷികളും ഉൾപ്പെടുന്നതാണ്.

(ഡി) "സാമൂഹിക ഒത്തുകൂടൽ" എന്നാൽ കുടുംബപരമോ വിദ്യാഭ്യാസപരമോ സാമൂഹികമോ രാഷ്ട്രീയമോ ആത്മീയമോ ഗോത്രപരമോ മതപരമോ ആയ കാര്യങ്ങൾക്കായോ, മത്സരങ്ങൾ, പ്രദർശനങ്ങൾ, വിനോദങ്ങൾ അല്ലെങ്കിൽ സമാനമായ കാര്യങ്ങൾക്കായോ സമ്മേളിക്കുന്ന ആളുകളുടെ കൂട്ടം എന്നർത്ഥമാകുന്നു;

(ഇ) " ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ ജില്ലാ തലത്തിൽ ഈ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള, ജില്ലാ പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ, ഈ നിയമത്തിന്റെ നടത്തിപ്പിനുവേണ്ടി നിയോഗിക്കപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;

(എഫ്) " ഓവുചാൽ" എന്നാൽ മാലിന്യം, മലിനജലം, ഒഴുക്കുവെള്ളം, മഴവെള്ളം, ഊറ്റു ജലം എന്നിവ വഹിക്കുന്നതിനുള്ള, ഏതെങ്കിലും തരത്തിലുള്ള [***]ചാൽ എന്നർത്ഥമാകുന്നു;

(ജി) "താമസത്തിനുള്ള പാർപ്പിടം" എന്നാൽ മനുഷ്യവാസത്തിനായോ അതുമായി ബന്ധപ്പെട്ടോ, പൂർണ്ണമായോ, ഭാഗികമായോ, നിർമ്മിച്ചതോ ഉപയോഗിക്കുന്നതോ ഉപയോഗിക്കുന്നതിനു വേണ്ടി എടുത്തതോ ആയ ഒരു കെട്ടിടം എന്നർത്ഥമാകുന്നു;

(എച്ച്) "വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ അറിവ് അല്ലെങ്കിൽ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ഒരു സ്ഥലം എന്നർത്ഥമാകുന്നതും പൊതുവായതോ സ്വകാര്യമായതോ ആയ പ്രീ-സ്കൂളുകൾ, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോച്ചിംഗ് സെന്ററുകൾ, ട്യൂഷൻ സെന്ററുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ളതുമാകുന്നു;

(ഐ) "സാംക്രമികം" എന്നാൽ ഒരു രോഗത്തിന്റെ കേസുകളുടെ എണ്ണത്തിലെ പെട്ടെന്നുള്ളതും ത്വരിതവുമായ വർദ്ധനവിലൂടെ ഉണ്ടാകുന്ന പൊതുജനാരോഗ്യ പ്രാധാന്യമുള്ള അവസ്ഥ എന്നർത്ഥമാകുന്നു;

(ജെ) "ഫാക്ടറി" എന്നാൽ {***}യാന്ത്രികമായി പ്രസരണം ചെയ്യപ്പെടുന്ന, നീരാവി, ജലം, എണ്ണ, വാതകം, വൈദ്യുതി അല്ലെങ്കിൽ മറ്റേതെങ്കിലും ഊർജ്ജരൂപത്തിന്റെ സഹായത്തോടെ [***] വ്യാവസായിക, ഉൽപ്പാദന, വാണിജ്യ പ്രക്രിയകൾ നടക്കുന്ന ഏതെങ്കിലും പരിസരവും അതിന്റെ പ്രാന്തപ്രദേശങ്ങളും എന്നർത്ഥമാകുന്നതും 1948-ലെ ഫാക്ടറീസ് ആക്റ്റ് (1948-ലെ 63-ാം കേന്ദ്ര ആക്റ്റ് )-ൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും പരിസരവും ഉൾപ്പെടുന്നതുമാകുന്നു;

(കെ) "മാലിന്യം" എന്നതിൽ മലിനവസ്തുക്കൾ, മലമൂത്ര വിസർജ്ജ്യങ്ങൾ, **[***]**ദുർഗന്ധമുള്ളതും ചീഞ്ഞതുമായ വസ്തുക്കൾ എന്നിവയും, നീക്കം ചെയ്തില്ലെങ്കിൽ പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന മറ്റെല്ലാ വസ്തുക്കളും ഉൾപ്പെടുന്നു;

(എൽ) "ഭക്ഷണം" അല്ലെങ്കിൽ "ഭക്ഷണപദാർത്ഥം" എന്നതിൽ വ്യക്തികൾ കഴിക്കുന്നതിനോ കുടിക്കുന്നതിനോ (ആഹാരമായോ പാനീയമായോ) ചവയ്ക്കുന്നതിനോ ഉപയോഗിക്കുന്ന, പാചകം ചെയ്തതോ, ഭാഗികമായി പാചകം ചെയ്തതോ പാചകം ചെയ്യാത്തതോ സംസ്കരിച്ചതോ ഭാഗികമായി സംസ്കരിച്ചതോ സംസ്കരിക്കാത്തതോ ആയ ധാന്യങ്ങളും, പഴങ്ങളും, പച്ചക്കറികളും, പൂക്കളും, ഇലകളും, പാലും, മത്സ്യവും, മാംസവും ഉൾപ്പെടെയുള്ള എല്ലാ പദാർത്ഥങ്ങളും, ഇവയുടെ ഉൽപ്പന്നങ്ങളും, പായ്ക്ക് ചെയ്ത കുടിവെള്ളമുൾപ്പെടെയുള്ള പാനീയങ്ങളും കൂടാതെ നിറത്തിനായോ സ്വാദ് കൂട്ടുന്നതിനായോ അത്തരം പദാർത്ഥങ്ങളിലും പാനീയങ്ങളിലും ചേർക്കുന്ന എല്ലാ ചേരുവകളും ഉൾപ്പെടുന്നതുമാകുന്നു;

(എം) "ഭക്ഷ്യ വ്യാപാരം" എന്നാൽ ലാഭത്തിനുവേണ്ടിയോ അല്ലാതെയോ പൊതുവായോ സ്വകാര്യമായോ, ഏറ്റെടുക്കുന്നതും ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണം, സംസ്കരണം, പാക്കിംഗ് , സംഭരണം, ഗതാഗതം, വിതരണം, ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തനം ഏതെങ്കിലും ഘട്ടത്തിൽ നടത്തുന്നതും, ഭക്ഷ്യ സർവ്വീസുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ഭക്ഷണത്തിന്റെയോ അല്ലെങ്കിൽ ഭക്ഷണ ചേരുവകളുടെയോ വിൽപ്പന എന്നിവ ഉൾപ്പെടുന്നതും എന്നർത്ഥമാകുന്നു;

(എൻ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഒ) "ആരോഗ്യ സംരക്ഷണ സ്ഥാപനം" എന്നാൽ പൊതു ഉടമസ്ഥതയിലുള്ളതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയതും രോഗപരിശോധന, ചികിത്സ, നഴ്സിംഗ് , സാന്ത്വനം അടക്കമുള്ള പരിചരണങ്ങൾ, മറ്റ് ചികിത്സാ പരിചരണ പ്രക്രിയകൾ എന്നിവ വഴി ആരോഗ്യദായക, രോഗപ്രതിരോധ, രോഗചികിത്സ, രോഗനിർണയ, നഴ്സിംഗ് , പുനരധിവാസ , സാന്ത്വന, ആരോഗ്യപുനഃസ്ഥാപന, ഗവേഷണ പ്രവർത്തനങ്ങളടക്കമുള്ള വിവിധ ആരോഗ്യസേവന പ്രവർത്തനങ്ങളോ, പ്രജനന ആരോഗ്യ സേവനങ്ങളോ, അടിയന്തര ചികിത്സാ സേവനങ്ങളോ, ഇവയുടെ വിവിധ സംയുക്തങ്ങളോ പൊതുജനങ്ങൾക്ക് നൽകുന്നതുമായ സ്ഥാപനങ്ങൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, പ്രസവാശുപത്രികൾ, മറ്റ് ചികിത്സാ കേന്ദ്രങ്ങൾ എന്നിവ മുഴുവനായോ, അവയുടെ ഒരു ഭാഗമോ എന്നർത്ഥമാകുന്നു;

(പി) "ആരോഗ്യ സംരക്ഷണ പ്രവർത്തകർ" എന്നാൽ മറ്റൊരു വ്യക്തിയുടെ ആരോഗ്യം പരിപാലിക്കുന്നതുമായോ വീണ്ടെടുക്കുന്നതുമായോ ബന്ധപ്പെട്ട സേവനം അല്ലെങ്കിൽ തൊഴിൽ ചെയ്യുന്ന വ്യക്തികൾ എന്നർത്ഥമാകുന്നതും കൂടാതെ ഫിസിഷ്യൻ, നഴ്സ്, പാരാമെഡിക്, സൈക്കോളജിസ്റ്റ്, കൗൺസിലർ, ഔട്ട്റീച്ച് ആരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തകർ അല്ലെങ്കിൽ മെഡിക്കൽ, നഴ്സിംഗ്, സൈക്കോളജിക്കൽ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മറ്റ് ആരോഗ്യ സേവനങ്ങൾ നൽകുന്ന വ്യക്തികൾ ഉൾപ്പെടുന്നതുമാകുന്നു;

(ക്യൂ) "ആരോഗ്യ സംരക്ഷണ സേവനങ്ങൾ" എന്നാൽ കൺസൾട്ടേഷനും, രോഗനിർണ്ണയവും, ചികിത്സയും കൂടാതെ ഔട്ട് റീച്ച് സർവ്വീസസും പൊതുജനാരോഗ്യത്തെ പരിപാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സേവനങ്ങളും എന്നർത്ഥമാകുന്നു;

(ആർ) "ആരോഗ്യ ഭീഷണി" എന്നാൽ പരിക്ക് അല്ലെങ്കിൽ രോഗത്തിന് കാരണമായേക്കാവുന്ന ഏതെങ്കിലും സൂക്ഷ്മജീവി, രാസ അവസ്ഥ അല്ലെങ്കിൽ ഏതെങ്കിലും സാഹചര്യം എന്നർത്ഥമാകുന്നു;

(എസ്) "ഹെൽത്ത് ഇൻസ്പെക്ടർ" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനത്തിന്റെ അല്ലെങ്കിൽ സർക്കാർ മെഡിക്കൽ കോളേജിലെ ഹെൽത്ത് ഇൻസ്പെക്ടർ എന്നോ ഏതെങ്കിലുമൊരു പ്രദേശത്തേയ്ക്ക് സ്ഥിരമായോ താൽക്കാലികമായോ നിയമിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഓഫീസർ എന്നോ അർത്ഥമാകുന്നു;

**[***]**

(റ്റി) " ശുചിത്വ സൗകര്യങ്ങൾ" എന്നാൽ ഒരു മുറിയിലോ മുറികളിലോ, കെട്ടിടത്തിലോ, വിവിധ ലിംഗക്കാർക്ക് പ്രത്യേകമായി സ്വകാര്യതയോടെയും, വൃത്തിയായും, അണുവിമുക്തമായും രോഗപകർച്ചയ്ക്ക് സാധ്യതയില്ലാത്ത രീതിയിലും തയ്യാറാക്കിയതും ആവശ്യമായ എണ്ണത്തിലുള്ളതുമായ മലമൂത്ര വിസർജ്ജന സൗകര്യങ്ങൾ എന്നർത്ഥമാകുന്നു;

(യു) "അണുബാധ" എന്നാൽ ഒരു മനുഷ്യന്റെയോ മൃഗത്തിന്റെയോ ശരീരത്തിൽ ഒരു രോഗാണുവിന്റെ പ്രവേശനവും വളർച്ചയും അല്ലെങ്കിൽ പെരുകലും എന്നർത്ഥമാകുന്നു;

(വി) "ഐസൊലേഷൻ" എന്നാൽ വ്യക്തികളിലേയ്ക്കും സമൂഹത്തിലേയ്ക്കും രോഗം പകരുന്നത് തടയുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പകർച്ചവ്യാധിയുള്ള വ്യക്തിയെയോ വ്യക്തികളെയോ നിശ്ചിത കാലയളവിലേയ്ക്ക് മറ്റുള്ളവരുമായി ഇടപെടുന്നതിൽ നിന്ന് വിലക്കുക എന്നർത്ഥമാകുന്നു;

(ഡബ്ല്യു) "ശുചിമുറി" എന്നാൽ മലവിസർജ്ജനത്തിനോ മൂത്രവിസർജ്ജനത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ നീക്കിവച്ചിട്ടുള്ള സൗകര്യമോ സ്ഥലമോ എന്ന് അർത്ഥമാകുന്നതും അതിൽ **[***]** ക്ലോസറ്റും യൂറിനലും ഉൾപ്പെടുന്നതുമാകുന്നു;

(എക്സ്) "പ്രാദേശിക മേഖല" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്നതോ അല്ലെങ്കിൽ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ കാലാകാലങ്ങളിൽ വിനിർദ്ദേശിക്കുന്നതോ ആയ മേഖല എന്നർത്ഥമാകുന്നു;

(വൈ) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മുനിസിപ്പാലിറ്റിയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തലത്തിൽ രൂപീകരിച്ച പഞ്ചായത്തോ എന്നർത്ഥമാകുന്നു;

(ഇസഡ്) " പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ പ്രാദേശിക തലത്തിൽ ഈ നിയമപ്രകാരം നിയമിച്ചിട്ടുള്ള, പ്രാദേശിക പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ ഈ നിയമത്തിന്റെ നടത്തിപ്പിന് ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;

(എ എ) "ലോഡ്ജിംഗ് ഹൗസ്" എന്നാൽ പ്രതിഫലം വാങ്ങി, ഭക്ഷണത്തോടെയോ അല്ലാതെയോ, വ്യക്തികൾക്ക് താമസസൗകര്യം ഒരുക്കുന്നതായ ഹോട്ടൽ, ബോർഡിംഗ് ഹൗസ്, സത്രം, ധർമ്മശാല, റിസോർട്ട്, ഹോം സ്റ്റേ, സർവ്വീസ് അപ്പാർട്ട്മെന്റ്, വിശ്രമ മന്ദിരം മുതലായ സ്ഥലങ്ങൾ എന്ന് അർത്ഥമാകുന്നു;

(എ ബി) " മാർക്കറ്റ്" എന്നാൽ ധാന്യങ്ങളോ പഴങ്ങളോ പച്ചക്കറികളോ മാംസമോ മത്സ്യമോ വേഗത്തിൽ ചീത്തയാകുന്ന മറ്റ് ഭക്ഷ്യവസ്തുക്കളോ വിൽക്കുന്നതിനോ വാങ്ങുന്നതിനോ അഥവാ കന്നുകാലികളെയോ കോഴികളെയോ അല്ലെങ്കിൽ കാർഷികമോ വ്യാവസായികമോ ആയ ഏതെങ്കിലും ഉൽപ്പന്നമോ ഏതെങ്കിലും അസംസ്കൃത ഉൽപ്പന്നമോ നിർമ്മിതോൽപ്പന്നമോ അല്ലെങ്കിൽ ജീവിതസൗകര്യത്തിന് ആവശ്യമായ ഏതെങ്കിലും വസ്തുക്കളോ ചരക്കോ വിൽക്കുന്നതിനോ വാങ്ങുന്നതിനോ വേണ്ടി വ്യക്തികൾ ഒത്തുകൂടുന്നതിനായി മാറ്റിവച്ചിട്ടുള്ളതോ അഥവാ സാധാരണയായോ നിയത കാലികമായോ അതിലേയ്ക്ക് ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നു. എന്നാൽ ഒരൊറ്റ കടയോ ആറെണ്ണത്തിൽ കവിയാത്ത ഒരു കൂട്ടം കടകളോ ഒരു മാർക്കറ്റായി കരുതപ്പെടുവാൻ പാടില്ലാത്തതാകുന്നു;

(എ സി) "വൈദ്യചികിത്സ" എന്നാൽ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് , 2021 പ്രകാരം അംഗീകൃതമായ ഏതെങ്കിലും ചികിത്സാ രീതി ഉപയോഗിച്ച് ചിട്ടയായ രോഗനിർണ്ണയം നടത്തി രോഗശമനത്തിനോ ഒരു രോഗിയുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനോ വേണ്ടിയുള്ള ചികിത്സ എന്ന് അർത്ഥമാകുന്നു;

**[***]**

(എ ഡി) " അതിഥി തൊഴിലാളി" എന്നാൽ സംസ്ഥാനത്തിന് പുറത്തുനിന്ന് ഉപജീവന ആവശ്യത്തിനായി വിവിധതരം ജോലികൾ ചെയ്യുന്നതിന് സംസ്ഥാനത്ത് വന്ന് താമസിച്ച് വരുന്നവർ എന്ന് അർത്ഥമാകുന്നു;

(എ ഇ) "വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികൾ" എന്നാൽ ഈ ആക്റ്റിന്റെ 28-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രോഗങ്ങൾ എന്നർത്ഥമാകുന്നു;

(എ എഫ്) "വിജ്ഞാപനം" എന്നാൽ കേരളത്തിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എ ജി) "ശല്യം" എന്നാൽ കാഴ്ച, മണം, കേൾവി എന്നിവയ്ക്ക് തടസമോ പരിക്കോ അപായമോ ഉപദ്രവമോ ഉണ്ടാക്കുന്നതോ വിശ്രമത്തിനോ ഉറക്കത്തിനോ തടസം സൃഷ്ടിക്കുന്നതോ ജീവന് ആപത്തുണ്ടാക്കുന്നതോ ആരോഗ്യത്തിന് ഹാനികരമാകുന്നതോ അല്ലെങ്കിൽ കാരണമാകാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും പ്രവൃത്തി, വിട്ടുനിൽക്കൽ, സ്ഥലം അല്ലെങ്കിൽ വസ്തു എന്നർത്ഥമാകുന്നു;

(എ എച്ച്) "കൈവശക്കാരി" എന്നതിൽ,

(എ) വാടക കൊടുക്കുന്നതോ കൊടുക്കത്തക്കതോ ആയ വസ്തുവിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയോ വാടകയുടെ ഏതെങ്കിലും ഭാഗമോ തൽക്കാലത്തേയ്ക്ക് കൊടുക്കുന്നതോ കൊടുക്കാൻ ബാധ്യസ്ഥയോ ആയ ഏതൊരു വ്യക്തിയും;

(ബി) വസ്തുവോ കെട്ടിടമോ കൈവശത്തിലിരിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്ന അതിന്റെ ഏതെങ്കിലും ഉടമ;

(സി) ഏതെങ്കിലും കെട്ടിടത്തിന്റെ അല്ലെങ്കിൽ വസ്തുവിന്റെ വാടക മുക്ത കുടിയാൻ;

(ഡി) ഏതെങ്കിലും വസ്തുവോ കെട്ടിടമോ കൈവശത്തിലിരിക്കുന്ന ഒരു ലൈസൻസി; കൂടാതെ

(ഇ) ഏതെങ്കിലും വസ്തുവോ കെട്ടിടമോ ഉപയോഗിച്ചതിനോ കൈവശം വച്ചതിനോ ഉടമയ്ക്ക് നഷ്ടപരിഹാരം നൽകാൻ ബാധ്യതപ്പെട്ട ഏതൊരു വ്യക്തിയും ഉൾപ്പെടുന്നു;

(എ ഐ) "ദുസ്സഹമായ വ്യാപാരം" എന്നാൽ ഒരു ശല്യമോ ശല്യമാകാൻ സാധ്യതയുള്ളതോ ആയ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന ഏതെങ്കിലും വ്യാപാരം എന്നർത്ഥമാകുന്നു;

(എ ജെ) "ഉടമസ്ഥ" എന്നാൽ ഏതു വസ്തുവുമായി അല്ലെങ്കിൽ കെട്ടിടവുമായി ബന്ധപ്പെട്ടാണോ പദം ഉപയോഗിച്ചത് അതിന്റെ, വാടകയോ, ആദായങ്ങളോ, **[***]** സ്വന്തം കണക്കിലേയ്ക്കോ മറ്റൊരു വ്യക്തിയുടെ അല്ലെങ്കിൽ മറ്റൊരു എസ്റ്റേറ്റിന്റെ ഏജന്റ്, ട്രസ്റ്റി, രക്ഷാകർത്താവ് , മാനേജർ അല്ലെങ്കിൽ റിസീവർ എന്ന നിലയ്ക്കോ ഏതെങ്കിലും മതപരമോ ചാരിറ്റബിൾ ആവശ്യത്തിലേയ്ക്കോ വാങ്ങുന്നതോ വാങ്ങുന്നതിന് അർഹതയുള്ളതോ ആയ വ്യക്തി എന്നർത്ഥമാകുന്നതും അവർ ഉൾപ്പെടുന്നതുമാകുന്നു;

(എ കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാലോ റെഗുലേഷനുകളിലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എ എൽ) "സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ" എന്നാൽ ഏതെങ്കിലും സ്വകാര്യ വ്യക്തി, ട്രസ്റ്റ്, കോർപ്പറേഷൻ അല്ലെങ്കിൽ സർക്കാരിതര സംഘടനയുടെ ഉടമസ്ഥതയിലുള്ളതും അവിടെ പൊതുജനങ്ങൾക്ക് കിടത്തി ചികിത്സാ സൗകര്യങ്ങളോടുകൂടിയോ അല്ലാതെയോ പരിശോധന, രോഗനിർണ്ണയം, പ്രതിരോധ നടപടികൾ, ഭേദപ്പെടുത്താനുള്ള വൈദ്യചികിത്സാ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇവയിൽ കിടത്തി ചികിത്സയുള്ളതോ ഇല്ലാത്തതോ ആയ മെഡിക്കൽ ക്ലിനിക്കുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, പ്രസവ ശുശ്രൂഷാ കേന്ദ്രങ്ങൾ, ആശുപത്രികൾ, വയോജന മന്ദിരം, പകൽ പരിപാലന കേന്ദ്രം, കായ ചികിത്സാ സ്ഥാപനം, ഇൻവിട്രോ ഫെർട്ടിലിറ്റി ക്ലിനിക്ക്, ജനിതക ലബോറട്ടറികൾ, കൗൺസിലിംഗ് കേന്ദ്രങ്ങൾ, മെഡിക്കൽ ലബോറട്ടറി, ഡയഗ്നോസ്റ്റിക് സെന്റർ, റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് സെന്ററുകൾ, സ്കാനിംഗ് സെന്റർ, ഫിസിയോ തെറാപ്പി സെന്റർ, ഡിസ്പെൻസറികൾ, മാനസികാരോഗ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

വിശദീകരണം:—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംഘങ്ങളുടെയോ സഹകരണ സംഘങ്ങളുടെയോ ഉടമസ്ഥതയിലുള്ളതോ അല്ലെങ്കിൽ അവർ നടത്തുന്നതോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളായി കരുതപ്പെടുന്നതാണ് .

(എ എം) "പൊതു കെട്ടിടം" എന്നതിൽ പൊതുവിദ്യാലയങ്ങൾ, കോളേജുകൾ, ആശുപത്രികൾ, തൊഴിൽ സ്ഥലം, ആരാധനാലയങ്ങൾ, പബ്ലിക് തിയേറ്ററുകൾ, സിനിമാ ഹാളുകൾ, ലൈബ്രറികൾ, ലക്ചർ ഹാളുകൾ, കൺസേർട്ട് ഹാളുകൾ, എക്സിബിഷൻ ഹാളുകൾ, സമ്മേളന സ്ഥലങ്ങൾ, ഹോട്ടലുകൾ, ഭക്ഷണശാലകൾ, ലോഡ്ജിംഗ്

ഹൗസുകൾ, അഭയകേന്ദ്രങ്ങൾ തുടങ്ങി പൊതുജനങ്ങൾ പൊതു ആവശ്യങ്ങൾക്കായി അപ്രകാരം ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻവേണ്ടി നിർമ്മിച്ചിട്ടുള്ളതോ ആയ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നതും അതിൽ താമസിക്കുന്നതിനുള്ള പാർപ്പിടം ഉൾപ്പെടാത്തതുമാകുന്നു;

(എ എൻ) "പൊതുജനാരോഗ്യം" എന്നാൽ സമൂഹത്തിന്റെ പൊതുവായുള്ള ആരോഗ്യാവസ്ഥ എന്നർത്ഥമാകുന്നു. ഇതിൽ ആരോഗ്യത്തിന്റെ സാമൂഹ്യ ഉറവിടങ്ങളിൽ ഊന്നിയുള്ള ആരോഗ്യ ഉദ്ദീപന പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, കാലേക്കൂട്ടിയുള്ള രോഗ നിർണ്ണയം, ചികിത്സ, പുനരധിവാസം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആരോഗ്യകരമായ സഹവർത്തിത്വം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(എ ഒ) "പൊതുജനാരോഗ്യ സമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം നിലവിൽ വരുന്ന, അതത് സംഗതി പോലെ, സംസ്ഥാന പൊതുജനാരോഗ്യ സമിതി, ജില്ലാ പൊതുജനാരോഗ്യ സമിതി, പ്രാദേശിക പൊതുജനാരോഗ്യ സമിതി എന്നർത്ഥമാകുന്നു;

(എ പി) "പൊതുജനാരോഗ്യ അടിയന്തരാവസ്ഥ" എന്നാൽ പെട്ടെന്ന് ഒരു രോഗ ഭീഷണിയോ ആരോഗ്യ അവസ്ഥയോമൂലം പൊതുജനാരോഗ്യ സംബന്ധമായി ഗുരുതരമായി കണക്കാക്കപ്പെടുന്ന രോഗമോ മരണമോ ഉണ്ടാവുകയോ, ഭ്രൂണ വളർച്ചയെ ഉൾപ്പെടെ ബാധിക്കുന്ന തരത്തിൽ വളരെയധികം പേരിൽ ഗുരുതരമായ ആരോഗ്യാവസ്ഥ ഉണ്ടാവുകയോ, ഗുരുതരമായ അപായങ്ങൾക്ക് ഇടയാകുന്ന ജൈവ വിഷത്തിന്റെയോ, മറ്റു വിഷവസ്തുക്കളുടെയോ രോഗാണുക്കളുടെയോ വിപുലമായ വ്യാപനമുണ്ടാവുകയോ, പുതിയതോ നേരത്തേയുണ്ടായിരുന്നതോ നിയന്ത്രിച്ചിരുന്നതോ, നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്നതോ ആയ രോഗാണു അല്ലെങ്കിൽ ജൈവവിഷം മൂലം ധാരാളം പേരിൽ ഗണ്യമായ ഹാനി ഉണ്ടാവുകയോ, വൻ അപകടങ്ങൾ ഉൾപ്പെടെയുള്ള ഏതു ദുരന്തവുമുണ്ടാവുകയോ ചെയ്യുന്ന ഏതൊരു അവസ്ഥയും എന്നർത്ഥമാകുന്നു;

(എ ക്യൂ) "പൊതുസ്ഥലം" എന്നാൽ സ്വകാര്യ ഉപയോഗത്തിന് അല്ലാത്തതായ ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(എ ആർ) "ക്വാറന്റൈൻ" എന്നാൽ വ്യക്തികളിലേയ്ക്കും സമൂഹത്തിലേയ്ക്കും രോഗപ്പകർച്ച തടയുന്നതിനായി രോഗബാധ സംശയിക്കുന്നതോ രോഗബാധിതരുമായി സമ്പർക്കമുള്ളതോ രോഗബാധയുള്ള പ്രദേശത്തുനിന്നു വന്നതോ ആയ വ്യക്തിയെയോ വ്യക്തികളെയോ ഒരു നിശ്ചിത കാലയളവിലേയ്ക്ക് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ നിന്നും മാറ്റി നിർത്തുക എന്നർത്ഥമാകുന്നു;

(എ എസ്) "രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ലീഷണർ" അല്ലെങ്കിൽ " മെഡിക്കൽ പ്രാക്ലീഷണർ" എന്നാൽ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന് (2021-ലെ 36-ാം ആക്റ്റ്) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;

(എ റ്റി) "സെക്രട്ടറി" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(എ യു) "മലിനവസ്തു" എന്നാൽ കക്കൂസ് മാലിന്യവും മലിന ജലക്കുഴികൾ അല്ലെങ്കിൽ ഓടകൾ എന്നിവയിലടങ്ങിയിട്ടുള്ള മാലിന്യവും വ്യാപാര മാലിന്യങ്ങളും [***]വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന എല്ലാത്തരം മാലിന്യങ്ങളും എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;

(എ വി) "ഷോപ്പിംഗ് മാൾ" എന്നാൽ ഒന്നോ, പരസ്പരബന്ധിതമായ ഒന്നിലധികമോ കെട്ടിടങ്ങളിലായി സ്ഥിതിചെയ്യുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളുടെ ഒരു സമുച്ചയം എന്ന് അർത്ഥമാകുന്നു.

(എ ഡബ്ല്യു) "സ്പെസിമൻ" എന്നാൽ നിർദ്ദിഷ്ട പരിശോധനകൾക്കാവശ്യമായിട്ടുള്ള രക്തം, കഫം, മൂത്രം, മലം അല്ലെങ്കിൽ മറ്റ് ശരീര ദ്രവങ്ങൾ, മാലിന്യങ്ങൾ, കലകൾ എന്നിയുടെ സാമ്പിളും കൾച്ചറും എന്നർത്ഥമാകുന്നു;

(എ എക്സ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എ വൈ) " സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ" എന്നാൽ സംസ്ഥാന തലത്തിൽ ഈ നിയമപ്രകാരം നിയമിച്ചിട്ടുള്ള, സംസ്ഥാന പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറിയായ ഈ നിയമത്തിന്റെ നടത്തിപ്പിന് ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;

(എ ഇസഡ്) "വാക്സിനേഷൻ" എന്നാൽ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനത്തെ ഉത്തേജിപ്പിക്കുകയും അതുവഴി രോഗം വരാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നതിലേയ്ക്കായി നിർവീര്യമാക്കിയതോ ശക്തി ക്ഷയിപ്പിച്ചതോ ആയ സൂക്ഷ്മ ജീവികളെയോ അവയുടെ കോശഭാഗങ്ങളെയോ അവയുടെ ജനിതക പദാർത്ഥങ്ങളെയോ അണുജീവിയുടെ ഘടനയുമായി സാമ്യമുള്ള മറ്റേതെങ്കിലും ജൈവമോ അജൈവമോ ആയ

സൂക്ഷ്മ പദാർത്ഥങ്ങളെയോ മനുഷ്യരുടെ ശരീരത്തിലേയ്ക്ക് കുത്തിവയ്പ്പിലൂടെയോ അല്ലാതെയോ കടത്തിവിടുന്ന പ്രക്രിയ എന്നർത്ഥമാകുന്നു;

(ബി എ) "വെകൂർ" എന്നാൽ രോഗാണുക്കളെ ശരീരത്തിൽ വഹിക്കുകയും, കടിക്കുക, സമ്പർക്കപ്പെടുക, ഭക്ഷണ പാനീയങ്ങളെ മലീമസമാക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മനുഷ്യനോ മൃഗങ്ങൾക്കോ രോഗങ്ങൾക്ക് ഹേതുവാകുകയും ചെയ്യുന്ന പ്രാണികളും മറ്റ് ഷഡ്പദങ്ങളും എന്നർത്ഥമാകുന്നു;

(ബി ബി) "ജലഗമനമാർഗ്ഗം" എന്നതിൽ ഓവുചാൽ ഒഴികെയുള്ള, പ്രകൃത്യാലുള്ളതോ കൃത്രിമമായുള്ളതോ ആയ ഏതെങ്കിലും നദി, അരുവി, തോട് അല്ലെങ്കിൽ കായൽ, വാട്ടർ തീം പാർക്ക് എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

(ബി സി) "വാട്ടർ തീം പാർക്ക്" എന്നാൽ വാട്ടർ സ്ലൈഡ്സ്, സ്ലാഷ് പാഡ്സ്, സ്പ്രേ ഗ്രൗണ്ട്സ് [**]വാട്ടർ പ്ലേഗ്രൗണ്ട് [**], ലേസി റിവേഴ്സ് അല്ലെങ്കിൽ മറ്റു വിനോദങ്ങൾ, നീന്തൽ, വാട്ടർ സ്കീസ് ഇല്ലാതെയുള്ള കളികൾ, കൃത്രിമ തിരമാല ഉൾപ്പെടുത്തിയോ അല്ലാതെയോ, വേവ്പൂൾ അല്ലെങ്കിൽ ഫ്ലോ റൈഡർ പോലെയുള്ള ബോഡി ബോർഡിംഗ് തുടങ്ങിയ സവിശേഷമായ വാട്ടർപ്ലേ സ്ഥലങ്ങളുള്ള അമ്യൂസ്മെന്റ് പാർക്ക് എന്നിവ എന്നർത്ഥമാകുന്നു;

(ബി ഡി) "ജോലിസ്ഥലം" എന്നാൽ വേതനത്തിനു വേണ്ടിയോ മറ്റ് ഏതെങ്കിലും പ്രതിഫലത്തിനായോ വ്യക്തിയോ വ്യക്തികളോ ജോലി ചെയ്യുന്ന വ്യാവസായിക, ഉല്പാദന, വ്യാപാര, സേവന പ്രക്രിയ നടക്കുന്ന പരിസരമോ അതിന്റെ പ്രാന്ത പ്രദേശമോ എന്നർത്ഥമാകുന്നതും എന്നാൽ ഫാക്ടറിയോ വർക്ക്ഷോപ്പോ ഉൾപ്പെടാത്തതുമാകുന്നു;

(ബി ഇ) "വർക്ക്ഷോപ്പ്" എന്നാൽ വേതനത്തിനു വേണ്ടിയോ മറ്റ് ഏതെങ്കിലും പ്രതിഫലത്തിനായോ വ്യക്തിയോ വ്യക്തികളോ ചെയ്യുന്ന ഏതെങ്കിലും സാമഗ്രി ഉണ്ടാക്കുകയോ നന്നാക്കുകയോ രൂപമാറ്റം വരുത്തുകയോ അലങ്കാരം ചെയ്യുകയോ പൂർത്തിയാക്കുകയോ മറ്റുവിധത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗത്തിന് പൊരുത്തപ്പെടുത്തുകയോ ചെയ്യുന്ന പരിസരമോ അതിന്റെ പ്രാന്തപ്രദേശമോ എന്നർത്ഥമാകുന്നതും എന്നാൽ ഒരു ഫാക്ടറി ഉൾപ്പെടാത്തതുമാകുന്നു;

(2) ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടുന്നയിടങ്ങളിലൊഴികെ സ്ത്രീലിംഗത്തിൽ പ്രയോഗിച്ചിരിക്കുന്നവയിൽ എല്ലാ ലിംഗക്കാരും ഉൾപ്പെടുന്നതാകുന്നു.

## അദ്ധ്യായം 2

## പൊതുജനാരോഗ്യ സമിതികൾ, പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ : ചുമതലകളും അധികാരങ്ങളും

3. സംസ്ഥാന, ജില്ലാ, പ്രാദേശിക, പൊതുജനാരോഗ്യ സമിതികളും, പബ്ലിക്ക് ഹെൽത്ത് ഓഫിസർമാരും.— (1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിൽ വരുന്നതാണ്, അതായത്.—

(i) സംസ്ഥാന തലത്തിൽ ഒരു സംസ്ഥാന പൊതുജനാരോഗ്യ സമിതിയും സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(ii) ജില്ലാ തലത്തിൽ ജില്ലാ പൊതുജനാരോഗ്യ സമിതിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(iii) പ്രാദേശിക തലത്തിൽ പ്രാദേശിക പൊതുജനാരോഗ്യ സമിതിയും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയും;

(2) ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി,

(i) പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ യഥാക്രമം സംസ്ഥാന, ജില്ലാ, പ്രാദേശിക പൊതുജനാരോഗ്യ സമിതികൾ കാര്യപരിപാടികൾ രൂപപ്പെടുത്തേണ്ടതാണ്.

(ii) ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിയ്ക്കുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന കർമ്മ പരിപാടികൾ അതാത് തലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട് എന്നുള്ളത് സമിതികൾ വിശകലനം ചെയ്യേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

(iii) പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് പബ്ലിക് ഹെൽത്ത് ഓഫീസർമാർ കുറഞ്ഞത് മൂന്നു മാസത്തിലൊരിയ്ക്കലെങ്കിലും സമിതി മുമ്പാകെ വയ്ക്കേണ്ടതും അതതു തലങ്ങളിലെ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ സമിതി അവലോകനം ചെയ്യേണ്ടതുമാണ്.

4. സംസ്ഥാന പൊതുജനാരോഗ്യ സമിതിയും, സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1)സംസ്ഥാന പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

| | | |
|---|---|---|
| (i) ആരോഗ്യവകുപ്പ് മന്ത്രി | : | അദ്ധ്യക്ഷ |
| (ii) സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമവകുപ്പ് | : | ഉപാദ്ധ്യക്ഷ |
| (iii) ഡയറക്ടർ, ആരോഗ്യ വകുപ്പ് | : | മെമ്പർ സെക്രട്ടറി |
| (iv) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ് | : | അംഗം |
| (v) ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം | : | ” |
| (vi) ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് | : | ” |
| (vii) ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് | : | ” |
| (viii) കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ് | : | ” |
| (ix) ഡയറക്ടർ, കൃഷിവികസനവും കർഷകക്ഷേമവും വകുപ്പ് | : | ” |
| (x) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് | : | ” |
| (xi) ഡയറക്ടർ, ഫിഷറീസ് വകുപ്പ് | : | ” |
| (xii) ഡയറക്ടർ, ക്ഷീരവികസന വകുപ്പ് | : | ” |

(2) ആരോഗ്യ വകുപ്പ് ഡയറക്ടർ തന്റെ ഔദ്യോഗിക പദവിയാൽ സമിതിയുടെ മെമ്പർ സെക്രട്ടറിയും സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും ആയിരിക്കുന്നതാണ്.

(3) സംസ്ഥാന പൊതുജനാരോഗ്യ സമിതിക്കു വേണ്ടി സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലെ അക്കാദമിക - ഗവേഷണ - സാങ്കേതിക സഹായ സ്ഥാപനങ്ങളും വിദഗ്ധരും പൊതുജനാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

5. ജില്ലാ പൊതുജനാരോഗ്യ സമിതിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1) ജില്ലാ പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

| | | |
|---|---|---|
| (i) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | : | അദ്ധ്യക്ഷ |
| (ii) ജില്ലാ കളക്ടർ | : | ഉപാദ്ധ്യക്ഷ |
| (iii) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | : | മെമ്പർ സെക്രട്ടറി |
| (iv) ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ | : | അംഗം |
| (v) ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ) | : | ” |
| (vi) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | : | ” |
| (vii) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | : | ” |
| (viii) അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ് | : | ” |
| (ix) പ്രിൻസിപ്പൽ കൃഷി ഓഫീസർ | : | ” |
| (x) ജില്ലാ മൃഗസംരക്ഷണ ഓഫീസർ | : | ” |
| (xi) ജില്ലാ ഓഫീസർ, ഫിഷറീസ് വകുപ്പ് | : | ” |
| (xii) ജില്ലാ ഓഫീസർ, ക്ഷീരവികസന വകുപ്പ് | : | ” |

(2) ജില്ലാ മെഡിക്കൽ ഓഫിസർ (ആരോഗ്യം) തന്റെ ഔദ്യോഗിക പദവിയാൽ സമിതിയുടെ മെമ്പർ സെക്രട്ടറിയും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും ആയിരിക്കുന്നതാണ്

6. പ്രാദേശിക പൊതുജനാരോഗ്യ സമിതിയും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറും.—(1) ഗ്രാമപഞ്ചായത്ത് തലത്തിലെ പൊതുജനാരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

| | | |
|---|---|---|
| (i) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | : | അദ്ധ്യക്ഷ |
| (ii) ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർ | : | മെമ്പർ സെക്രട്ടറി |
| (iii) മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ) | : | അംഗം |
| (iv) മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | : | ” |
| (v) പഞ്ചായത്ത് സെക്രട്ടറി | : | ” |
| (vi) മൃഗസംരക്ഷണ ഓഫീസർ | : | ” |
| (vii) സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസർ | : | ” |
| (viii) കൃഷി ഓഫീസർ | : | ” |

(2) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നഗരപ്രദേശങ്ങളിൽ കൈമാറപ്പെട്ടു കിട്ടിയ ആരോഗ്യവകുപ്പിനു കീഴിലെ ഓരോ സ്ഥാപനവും കേന്ദ്രീകരിച്ച് പൊതുജനാരോഗ്യ സമിതി രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട കോർപ്പറേഷൻ മേയർ അല്ലെങ്കിൽ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷയും കൈമാറപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ മേധാവി മെമ്പർ സെക്രട്ടറിയും ആയിരിക്കുന്നതാണ്. കൈമാറപ്പെട്ട അത്തരം സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടാത്ത നഗരപ്രദേശങ്ങളിലെ സമിതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചുമതലപ്പെടുത്തുന്ന ഒരു ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്. മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലെ പ്രാദേശിക പൊതുജനാരോഗ്യ സമിതിയിലെ മറ്റംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കുന്നതാണ്, അതായത്,

(i) മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി

(ii) മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ)

(iii) മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)

(iv) മൃഗസംരക്ഷണ ഓഫീസർ

(v) സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസർ

(vi) കൃഷി ഓഫീസർ

(3) പ്രാദേശിക പൊതുജനാരോഗ്യ സമിതിയുടെ മെമ്പർ സെക്രട്ടറി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ ചുമതല കൂടി വഹിക്കേണ്ടതാണ്.

7. പബ്ലിക് ഹെൽത്ത് ഓഫീസറുടെ കടമകളും ചുമതലകളും.— (1) ഈ ആക്ടിലെ വ്യവസ്ഥകൾ സംസ്ഥാന, ജില്ലാ, പ്രാദേശിക തലത്തിൽ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം യഥാക്രമം സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ആയിരിക്കുന്നതാണ്.

(2) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്) എന്നിവയ്ക്ക് അനുസൃതമായി, ഈ ആക്റ്റിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്, ആവശ്യമെന്ന് കരുതുന്ന ഏത് നിർദ്ദേശവും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് വിട്ടുകൊടുക്കുന്നതിനു സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**[***]**

**[***]**

(3) സംസ്ഥാന സർക്കാരിന്റെയും, തദ്ദേശ സർക്കാരുകളുടെയും ആരോഗ്യ മേഖലയിലെ വാർഷിക പദ്ധതികൾ രൂപീകരിക്കുമ്പോൾ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന, ജില്ല, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ നൽകേണ്ടതാണ്. തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്തിന്റെ വാർഷിക ആരോഗ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത്തരം നിർദ്ദേശങ്ങൾ നൽകേണ്ടത്.

(4) പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും, സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ സർക്കാരിനും എല്ലാ മാസവും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(5) പൊതുജനാരോഗ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വെക്ടർ ഡെൻസിറ്റി പരിശോധന, രോഗ നിരീക്ഷണ പരിപാടികൾ, വിനിർദ്ദേശിക്കപ്പെട്ട രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ്, ക്ലിനിക്കൽ ഓഡിറ്റ്, ഡെത്ത് ഓഡിറ്റ് എന്നിവയ്ക്കുള്ള രീതിശാസ്ത്രം, മാനദണ്ഡങ്ങൾ, പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ എന്നിവ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ തയ്യാറാക്കേണ്ടതും, ആയത് നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(6) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പൊതുജനാരോഗ്യ വിഷയങ്ങളിൽ സംസ്ഥാനത്തെ പൊതു, സ്വകാര്യ ആരോഗ്യ പരിപാലന സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. പ്രസ്തുത വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ സജ്ജീകരിക്കേണ്ടതും, അത്തരം വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യത്തെ ക്കുറിച്ചുള്ള നയപരമായ കാര്യങ്ങളിൽ സർക്കാരിന് ശിപാർശ നൽകുകയും പൊതുജനാരോഗ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങളുടെ സുരക്ഷയും, സ്വകാര്യതയും ബന്ധപ്പെട്ട എല്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരും സമിതികളും ഉറപ്പുവരുത്തേണ്ടതാണ്.

**[****]**

(7) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് വകുപ്പ് സെക്രട്ടറി മുഖാന്തരം സംസ്ഥാനത്തോ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ജില്ലാ കളക്ടർ മുഖാന്തരം ജില്ലയിലോ പ്രാദേശിക തലത്തിലോ പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്. സർക്കാർ അനുമതിക്ക് വിധേയമായി ജില്ലാ, പ്രാദേശിക തലത്തിൽ ജില്ലാ കളക്ടർക്ക് പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതുമാണ്.

**[****]**

**[****]**

(8) ഈ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള രോഗങ്ങളുടെയോ ദേശീയ ആരോഗ്യ പരിപാടികളിൽ ഉൾപ്പെട്ട രോഗങ്ങളുടെയോ ചികിത്സയോ പ്രതിരോധമോ സംബന്ധിച്ച് പൊതു പ്രോട്ടോക്കോളിന്റെ ആവശ്യകത ബോധ്യപ്പെട്ടാൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ, സർക്കാർ നിശ്ചയിക്കുന്ന വിദഗ്ധരുടെ സഹായത്തോടെ ശിപാർശ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശിക്കുന്ന പ്രസ്തുത പ്രോട്ടോക്കോൾ എല്ലാ സർക്കാർ, സ്വകാര്യ ആരോഗ്യ പരിപാലന ദാതാക്കളും ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും പിന്തുടരേണ്ടതാണ്.

(9) സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ രോഗനിരീക്ഷണം, പകർച്ചവ്യാധികളുടെ തടയലും നിയന്ത്രണവും, ജീവിതശൈലി രോഗങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും രോഗങ്ങൾ, ആരോഗ്യ ഭീഷണികൾ എന്നിവയ്ക്കായി പൊതുജനങ്ങൾ പാലിക്കേണ്ട ആരോഗ്യ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പൊതുജനാരോഗ്യ സമിതിയ്ക്ക് നൽകേണ്ടതാണ്.

8. പബ്ലിക് ഹെൽത്ത് ഓഫീസറെ സഹായിക്കൽ.— (1) ഈ ആക്ടിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറെ സഹായിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറും മറ്റ് ജീവനക്കാരും ഉണ്ടായിരിക്കേണ്ടതാണ്.

(2) പ്രാദേശിക, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥയെ ഈ ആക്ടിൻ കീഴിലുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്, അതായത്,—

(i) പരിശോധനകൾ നടത്തുക;

(ii) നോട്ടീസ് നൽകുക;

(iii) നിയമനടപടികൾ സ്വീകരിക്കുക; കൂടാതെ

(iv)പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിക്കുന്ന മറ്റ് നടപടികൾ സ്വീകരിക്കുക.

(3) (2)-ാം ഉപവകുപ്പിൻ പ്രകാരം നൽകുന്ന ഇത്തരം നിർദ്ദേശങ്ങൾ പബ്ലിക് ഹെൽത്ത് ഓഫീസറുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി നിർണ്ണയിക്കപ്പെടുന്ന പ്രകാരം നിർവ്വഹിക്കുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥ ബാധ്യസ്ഥയായിരിക്കുന്നതാണ്.

9. അടിയന്തിര സാഹചര്യങ്ങളിൽ താൽക്കാലികമായി അധിക പബ്ലിക് ഹെൽത്ത് ഓഫീസർമാരുടെ നിയമനം.— താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നിശ്ചിത കാലയളവിലേയ്ക്ക് ഒന്നോ അതിലധികമോ മെഡിക്കൽ ഓഫീസർമാരെ അധിക പബ്ലിക് ഹെൽത്ത് ഓഫീസർമാരായി താത്ക്കാലികമായി നിയമിക്കുന്നതിന് സംസ്ഥാന / ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്,—

(i) വിജ്ഞാപനം ചെയ്യപ്പെട്ട പകർച്ചവ്യാധി ഉണ്ടാവുകയോ അവ പൊട്ടിപ്പുറപ്പെടുന്നതിനുള്ള ഭീഷണി ഉണ്ടാവുകയോ ചെയ്യുമ്പോൾ;

(ii) സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയോ, ആയതിനുള്ള ഭീഷണി നിലനിൽക്കുകയോ ചെയ്യുമ്പോൾ;

(iii) ദുരന്തങ്ങളോ അസാധാരണമായ മരണങ്ങളോ ഉണ്ടാകുമ്പോൾ;

(iv) ഒരു പ്രദേശത്ത് വലിയതോതിൽ ആളുകൾ ഒത്തുകൂടുന്ന സാഹചര്യത്തിൽ;

(v)പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനോ, അതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നതിനോ, പ്രസ്തുത കാരണങ്ങൾ തടയുന്നതിനോ;

(vi) ഇത്തരം അധിക പബ്ലിക് ഹെൽത്ത് ഓഫീസർമാരെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ കരുതുന്ന മറ്റ് അടിയന്തര സാഹചര്യങ്ങളിൽ.

10. സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.— നിർണ്ണയിക്കപ്പെടാവുന്ന അത്തരം വ്യവസ്ഥകൾക്ക് വിധേയമായി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പ്രാദേശിക തലത്തിലുള്ള എല്ലാ അധികാരങ്ങളും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സംസ്ഥാന വ്യാപകമായി ഉണ്ടായിരിക്കുന്നതാണ്. ജില്ലാ, പ്രാദേശിക തലങ്ങളിൽ സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ടോ, ജില്ലാ / പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാരിലൂടെയോ ഈ അധികാരം വിനിയോഗിക്കാവുന്നതാണ്, കൂടാതെ,—

(എ) അവരുടെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും [***] സ്ഥാപനത്തിലെ ഒന്നോ അതിലധികമോ ജീവനക്കാരെ മറ്റേതെങ്കിലും [***] സ്ഥാപനത്തിന്റെ പ്രദേശത്തിലേയ്ക്ക് താൽക്കാലിക ചുമതലയ്ക്കായി നിയോഗിക്കുന്നതിനും;

(ബി) സംസ്ഥാനത്തെ [***] പൊതുജനാരോഗ്യ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുകയും അവ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതിനും; കൂടാതെ,

(സി) ശല്യം ഇല്ലാതാക്കൽ, ആരോഗ്യ ഭീഷണികൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങളും റെഗുലേഷനുകളും നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുമുള്ള ,

അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.— നിർണ്ണയിക്കപ്പെടാവുന്ന അത്തരം വ്യവസ്ഥകൾക്ക് വിധേയമായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് പ്രാദേശിക തലത്തിലുള്ള എല്ലാ അധികാരങ്ങളും ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ജില്ലാ വ്യാപകമായി ഉണ്ടായിരിക്കുന്നതാണ്. ജില്ലാ, പ്രാദേശിക തലങ്ങളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ടോ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാരിലൂടെയോ ഈ അധികാരം വിനിയോഗിക്കാവുന്നതാണ്, കൂടാതെ,—

(എ) ജില്ലയ്ക്കുള്ളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കു വേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മേൽനോട്ടവും നിയന്ത്രണവും നടപ്പിലാക്കുന്നതിനും;

(ബി) രോഗങ്ങൾ തടയുന്നതിനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമെന്നു കരുതുന്ന പൊതുജനാരോഗ്യ പരിശോധനകൾ കാലാകാലങ്ങളിൽ നടത്തുന്നതിനും;

(സി) എല്ലാ തരത്തിലുമുള്ള പകർച്ചവ്യാധികൾ, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികൾ, ആരോഗ്യ ഭീഷണികൾ എന്നിവ സംബന്ധിച്ച് അന്വേഷണവും പരിശോധനയും നടത്തുന്നതിനും; കൂടാതെ

(ഡി) **[***]** ആവശ്യമെന്നു കരുതുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകുന്നതിനും;

അധികാരമുണ്ടായിരിക്കുന്നതാണ്.

12. പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.—(1) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ തന്റെ അധികാരപരിധിയിലുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ പൊതുജനാരോഗ്യ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് **[***]** ഏതെങ്കിലും വ്യക്തിയോടോ സ്ഥാപനത്തിനോടോ, വിനിർദ്ദേശിക്കപ്പെട്ട അത്തരം സമയത്തിനുള്ളിൽ, ഏതെങ്കിലും പ്രവൃത്തി നടത്തുന്നതിനോ അല്ലെങ്കിൽ നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ പൊതുജനാരോഗ്യം ഉറപ്പാക്കുന്നതിന് ആവശ്യമെന്നു കരുതുന്ന ഏതൊരു അവസ്ഥയും മാറ്റംവരുത്തുന്നതിനോ നിർദ്ദേശം നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ആ വ്യക്തി അല്ലെങ്കിൽ സ്ഥാപനം അപ്രകാരം ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ പബ്ലിക് ഹെൽത്ത് ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനം ആ പ്രവൃത്തി നടത്തുകയോ നിർത്തിവയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതും ആയതിനുണ്ടാകുന്ന ചെലവുകൾ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഈടാക്കേണ്ടതുമാണ്.

(3) **[***]** പൊതുജനാരോഗ്യ കാര്യങ്ങളിൽ ഈ ആക്റ്റിൻ കീഴിലെ വ്യവസ്ഥകൾ പ്രകാരം **[***]** പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, തനിയ്ക്ക് ബാധകമായ അത്തരം ചുമതലകൾ നിർവ്വഹിക്കുകയും **[***]** കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്യേണ്ടതാണ്, കൂടാതെ,—

(i) ഈ ആക്റ്റ് അനുസരിച്ച് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് പാലിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തിയാൽ പിഴ ചുമത്തുന്നതിനും, അല്ലെങ്കിൽ

(ii) **[***]** ഈ ആക്റ്റിൻ കീഴിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ രാജിയാക്കാവുന്നതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ കുറ്റകൃത്യം നടത്തുകയോ ചെയ്താൽ അത് രാജിയാക്കുന്നതിനും,

**[***]**

അധികാരമുണ്ടായിരിക്കുന്നതാണ്.

(4) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ഈ ആക്റ്റിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ പ്രത്യേകമായി നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങളും നിറവേറ്റേണ്ടതും, കൂടാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന നിലയിൽ ആവശ്യമായ എല്ലാ പ്രവൃത്തികളും നടപ്പിൽ വരുത്തേണ്ടതുമാണ്.

**[***]**

(5) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അവരാൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥയ്ക്ക് വ്യക്തികളുടെ സുരക്ഷയും സ്വകാര്യതയും ഭംഗം വരാത്ത രീതിയിൽ,—

(എ) ഏതെങ്കിലും തരത്തിലുള്ള ശല്യം നടന്നതോ തുടരുന്നതോ ആയ ഏത് സ്ഥലത്തും;

(ബി) ദുസ്സഹമായ വ്യാപാരം നടത്തുന്ന ഏത് സ്ഥലത്തും;

(സി) ഭക്ഷണപദാർത്ഥങ്ങളും, കുടിവെള്ളമുൾപ്പെടെയുള്ള പാനീയങ്ങളും തയ്യാറാക്കുന്നതോ നിർമ്മിക്കുന്നതോ സംഭരിക്കുന്നതോ വിൽക്കുന്നതോ വിളമ്പുന്നതോ വിതരണം ചെയ്യുന്നതോ ആയ ഏതു സ്ഥലത്തും;

(ഡി) മലിനമായ സാഹചര്യങ്ങളോ, രോഗാണു വാഹകരുടെയോ രോഗാണുക്കളുടെയോ വർദ്ധനവ് ഉൾപ്പെടെ, ഏതെങ്കിലും സാംക്രമികരോഗം പടരുന്നതിന് സഹായകരമായ സാഹചര്യങ്ങളോ നിലനിൽക്കുന്ന ഏത് സ്ഥലത്തും;

(ഇ)പൊതുജനാരോഗ്യ സംരക്ഷണത്തിന് ആവശ്യമെന്ന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെടുന്ന ഏത് സ്ഥലത്തും;

പ്രവേശിച്ച് പരിശോധിക്കാവുന്നതാണ്.

(6) പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അവരാൽ രേഖാമൂലം അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥയ്ക്ക് മലിനമായതോ ചീഞ്ഞതോ കേടുവന്നതോ ആണെന്ന് സംശയിക്കാവുന്ന ഭക്ഷണമോ പാനീയങ്ങളോ കണ്ടെത്തിയാൽ, ഇക്കാര്യത്തിൽ നടപടിയെടുക്കാൻ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(i)ഭക്ഷണപാനീയങ്ങൾ പാചകം ചെയ്യുന്നതും, സൂക്ഷിക്കുന്നതും, വിതരണം ചെയ്യുന്നതുമായ സാഹചര്യങ്ങളിൽ പ്രത്യേകിച്ച് മലിനമായ സാഹചര്യം, അനുവദനീയമല്ലാത്ത രാസവസ്തുക്കളുടെ സാന്നിദ്ധ്യം, ഭക്ഷണപാനീയങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ

വൃത്തിഹീനത, ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ലൈസൻസ് മുതലായ സാക്ഷ്യപത്രങ്ങളുടെ അഭാവം, തുടങ്ങിയ സാഹചര്യങ്ങളിൽ നിന്ന് രോഗങ്ങൾ പടരാനോ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവാനോ സാധ്യതയുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആ സ്ഥാപനം അടച്ചുപൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്;

(ii) ഭക്ഷണപാനീയങ്ങളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കേ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥയുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥ സാമ്പിൾ ശേഖരിക്കുന്ന സമയംവരെ അവ തൽസ്ഥിതിയിൽ സൂക്ഷിക്കാനുള്ള നടപടികൾ നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കാനും, അവ നശിപ്പിക്കാനുള്ള സ്ഥാപന ഉടമയുടെയോ മറ്റുള്ളവരുടെയോ ശ്രമങ്ങളെ തടയാനും അധികാരം ഉണ്ടായിരിക്കുന്നതാണ് ;

(iii) സാമ്പിൾ ശേഖരിക്കാൻ സാധ്യതയില്ലാതിരിക്കുകയോ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതുവരെ പ്രസ്തുത ഭക്ഷണ പാനീയങ്ങൾ വിൽക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധ്യമാകാതെവരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ, പൊതുജനാരോഗ്യ പ്രശ്നങ്ങ ഉണ്ടാകുന്നത് തടയേണ്ടത് ആവശ്യമായി വന്നാൽ പഴകിയതോ, കേടുവന്നതോ ആണെന്ന് സംശയിക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾ നശിപ്പിക്കാനുള്ള അധികാര മുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ചട്ടപ്രകാരം നിർണ്ണയിക്കുന്ന മഹസർ തയ്യാറാക്കേണ്ടതും പൊതു സ്വീകാര്യതയുള്ള രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തി, അവരുടെ സാന്നിദ്ധ്യത്തിന്റെ തെളിവ് രേഖാമൂലം ഉറപ്പുവരുത്തേണ്ടതുമാണ്.

(7) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥയ്ക്ക്, പൗരന്മാരുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭംഗം വരാത്ത രീതിയിൽ,—

(എ) ഏതെങ്കിലും സ്ഥലമോ ഫാക്ടറിയോ വർക്ക് ഷോപ്പോ ജോലിസ്ഥലമോ ഓഫീസോ സിനിമാ ഹാളോ ആശുപത്രിയോ അല്ലെങ്കിൽ അവർക്ക് ആവശ്യമെന്ന് തോന്നിയേക്കാവുന്ന മറ്റു സ്ഥലങ്ങളും, പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടുള്ള താമസസ്ഥലങ്ങൾ ഉൾപ്പെടെ അല്ലെങ്കിൽ മലിനീകരണ സാധ്യതയുള്ളതായി സംശയിക്കുന്ന ഏതെങ്കിലും സ്ഥലമോ, അറിയിപ്പില്ലാതെയും, എപ്പോൾ വേണമെങ്കിലും, യാതൊരു സഹായവും കൂടാതെ പരിശോധിക്കാവുന്നതും;

(ബി) അത്തരം സ്ഥലത്തിനപ്പുറം അത്തരം രോഗം പടരുന്നത് തടയുന്നതിനു വേണ്ടിയുള്ള അത്തരം നടപടികൾ എടുക്കാവുന്നതും; കൂടാതെ

(സി) ഏതെങ്കിലും സ്ഥലത്തുനിന്നോ പരിസരത്തു നിന്നോ ന്യായമെന്ന് തോന്നുന്നപക്ഷം ഭക്ഷണത്തിന്റെയോ വെള്ളത്തിന്റെയോ ഏതെങ്കിലും പദാർത്ഥത്തിന്റെയോ സാമ്പിളുകൾ വിശകലനത്തിനായി എടുക്കാവുന്നതുമാണ്.

(8) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഓഫീസർ (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നടപടികൾ എടുക്കുമ്പോൾ, നടപടി പൂർത്തിയായതിന് ശേഷം പരമാവധി ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ, അങ്ങനെ എടുത്ത നടപടികളെക്കുറിച്ച് ഒരു റിപ്പോർട്ട്, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നിർദ്ദിഷ്ട ഫോർമാറ്റിൽ നൽകേണ്ടതാണ്. **[***]**

(9) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥയ്ക്ക്,—

(എ) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ച വ്യക്തിക്കോ വ്യക്തികൾക്കോ എതിരെ നടപടിയെടുക്കുമ്പോഴോ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിന് പ്രോസിക്യൂഷൻ ആരംഭിക്കുമ്പോഴോ; അല്ലെങ്കിൽ

(സി) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം, 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ശല്യം ഇല്ലാതാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ എടുക്കുമ്പോഴോ,

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മുമ്പാകെ വയ്ക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് രേഖാമൂലം ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.

13. പൊതുസേവകരുടെ സഹകരണം ഉറപ്പാക്കൽ.—(1) പൊതുജനാരോഗ്യ കാര്യങ്ങളിൽ സഹായിക്കുന്നതിനോ നടപടി സാക്ഷ്യപ്പെടുത്തുന്നതിനോ അല്ലെങ്കിൽ അന്വേഷണ നടപടികളിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ എന്ന നിലയിൽ സമീപിക്കുമ്പോഴെല്ലാം സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതു സേവകരും, എല്ലാ സഹായവും സഹകരണവും നൽകേണ്ടതാണ്. അത്തരം ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണപ്പെടുന്ന ഏത് നിരാകരണവും നിസ്സഹരണവും, അച്ചടക്കമില്ലായ്മയായോ പെരുമാറ്റ ലംഘനമായോ **[***]** കണക്കാക്കപ്പെടുന്നതും ആയത് ബന്ധപ്പെട്ട അച്ചടക്ക അധികാരി ഉചിതമായ ശിക്ഷാനടപടികൾ കൈകൊള്ളുന്നതിലേയ്ക്കായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ബന്ധപ്പെട്ട ഉദ്യോഗസ്ഥയുടെ മേലധികാരിക്കും, ജില്ലാ പൊതുജനാരോഗ്യ സമിതിക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഈ ആക്റ്റിൻ കീഴിലോ അല്ലെങ്കിൽ അതിൻ കീഴിലോ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അല്ലെങ്കിൽ റെഗുലേഷനുകൾ പ്രകാരം നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നതിന്, [***] രേഖാമൂലം [***] ആവശ്യപ്പെട്ടാൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറെ സഹായിക്കുക എന്നത് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതലയായിരിക്കുന്നതാണ്.

14.തദ്ദേശ സ്വയംഭരണ സ്ഥാപനം പിന്തുണ നൽകണമെന്ന്.— [***] ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് [***] ശരിയായ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും അതിനുവേണ്ട പിന്തുണ നൽകേണ്ടതുമാണ്.

[***]

[***]

## അദ്ധ്യായം 3

## മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ

15. മനുഷ്യ ഉപയോഗത്തിനുള്ള ജലം.—(1) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സുരക്ഷിത കുടിവെള്ളത്തിനായുള്ള മാനദണ്ഡങ്ങളും, 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകളും പ്രകാരമായിരിക്കണം കുടിവെള്ളത്തിന്റെ ഗുണനിലവാരം കണക്കാക്കേണ്ടത് . ഇപ്രകാരമുള്ള ഗുണനിലവാരം ഉറപ്പാക്കേണ്ടത് കുടിവെള്ളം വിതരണം ചെയ്യുന്നവരുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ് .

(2) മനുഷ്യ ഉപയോഗത്തിനുള്ള കുടിവെള്ളത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് തങ്ങളുടെ അധികാരപരിധിക്കുള്ളിൽ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിയ്ക്കുന്നതാണ് . അതായത് ,—

(എ) ജലജന്യരോഗങ്ങൾ സംശയിക്കുന്ന സാഹചര്യങ്ങളിലും, നിശ്ചിത ഇടവേളകളിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിയ്ക്കാനും പരിശോധിക്കണമെന്ന് നിർദ്ദേശിയ്ക്കാനും;

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാരം അപര്യാപ്തമാണെന്ന് കണ്ടെത്തിയാൽ വിതരണക്കാരിയോട് വിശദീകരണം ചോദിയ്ക്കാനും പരിഹാര നടപടികൾ നിർദ്ദേശിയ്ക്കാനും വിതരണം തടയാനും, ആവശ്യമെങ്കിൽ പിഴ അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കാനും.;

എന്നാൽ ഈ വകുപ്പ് പ്രകാരം കുടിവെള്ളത്തിന്റെ വിതരണം തടയുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ഉടൻതന്നെ തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ് .

(3) കുടിയ്ക്കാനോ കുളിക്കാനോ വിനോദത്തിനുൾപ്പെടെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കോ ഉപയോഗിയ്ക്കുന്ന പുഴ, തടാകം, കായൽ, അരുവി, നീരുറവ, കിണർ, ടാങ്ക്, റിസർവോയർ, കുളം, ടാങ്കർ ലോറികളിലെ വെള്ളം അല്ലെങ്കിൽ മറ്റ് ജലവിതരണ സ്രോതസ്സുകളുടെയോ പദ്ധതികളുടെയോ വെള്ളം, ആയതിന്റെ ഉടമസ്ഥയ്ക്കോ അല്ലെങ്കിൽ ആയതിന്റെ നിയന്ത്രണമോ ചുമതലയോ ഉള്ള വ്യക്തിയ്ക്കോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് എപ്പോൾ വേണമെങ്കിലും രേഖാമൂലം നോട്ടീസ് നൽകാവുന്നതും നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ,

(എ) പൊതുജനാരോഗ്യത്തിന് ഹാനികരമാകാത്ത അത്തരത്തിലുള്ള രീതിയിൽ ജലവിതരണസ്രോതസ്സുകൾ നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യാനും;

(ബി) ചെളി, മാലിന്യങ്ങൾ, എന്നിവ ഒഴിവാക്കി അത്തരം ജലവിതരണ സ്രോതസ്സുകളെ സംരക്ഷിയ്ക്കാനും;

(സി) ഡ്രെയിനേജ് വഴിയുള്ള മലിനീകരണത്തിൽ നിന്ന് അത്തരം ജലവിതരണ സ്രോതസ്സുകളെയും ജലവിതരണ സംവിധാനങ്ങളെയും സംരക്ഷിയ്ക്കാനും;

(ഡി) പൊതുജനങ്ങളുടെ ആരോഗ്യവും സുരക്ഷിതത്വവും മുൻനിർത്തി ജലവിതരണ സ്രോതസ്സുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികളും സംരക്ഷണവും ഉറപ്പുവരുത്താനും;

(ഇ) കുടിവെള്ള ആവശ്യങ്ങൾക്കോ മറ്റ് മനുഷ്യഉപയോഗങ്ങൾക്കോ യോഗ്യമല്ലായെങ്കിലോ, പൊതുജനാരോഗ്യത്തിന് ഹാനികരമാണെന്നുണ്ടെങ്കിലോ പ്രസ്തുത ജലസ്രോതസ്സിൽ നിന്നുള്ള വെള്ളത്തിന്റെ ഉപയോഗം നിർത്തിവെയ്ക്കാനും ഉപയോഗിയ്ക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടയാനും;

(എഫ്) പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമോ, ദുസ്സഹമോ ആയ രീതിയിൽ ഉള്ള വെള്ളമോ, മലിനജലമോ ഒഴുക്കിക്കളയുന്നതിനോ, മറ്റ് രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനോ,

നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പു പ്രകാരം ഒരു നിർദ്ദേശം നല്കുന്ന സംഗതികളിൽ പ്രസ്തുത വിവരം തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(4) മുകളിൽ പറഞ്ഞിരിയ്ക്കുന്നതുപോലെ ഉടമസ്ഥയോ നിയന്ത്രണമുള്ള വ്യക്തിയോ (3)-ാം ഉപവകുപ്പ് പ്രകാരം നൽകിയ നോട്ടീസ് , അതിൽ വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ അവഗണിക്കുകയോ ചെയ്യുകയാണെങ്കിൽ, ഏതെങ്കിലും വ്യക്തിയുടേയോ അല്ലെങ്കിൽ വ്യക്തികളുടേയോ ആരോഗ്യം സംരക്ഷിയ്ക്കുന്നതിന് അടിയന്തരനടപടി ആവശ്യമായി വന്നാൽ, അത്തരം നോട്ടീസിൽ പറഞ്ഞിരിയ്ക്കുന്ന ജോലികൾ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അടിയന്തരമായി നിർവ്വഹിക്കുകയും അപ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഉണ്ടായ എല്ലാ ചെലവുകളും ഉടമസ്ഥ അല്ലെങ്കിൽ അത്തരം ജലവിതരണ സ്രോതസ്സിന്റെ നിയന്ത്രണമുള്ള വ്യക്തി നിർണ്ണയിക്കപ്പെടുന്ന പ്രകാരം അടയ്ക്കേണ്ടതുമാണ് .'

(5) പൊതുവായി അല്ലെങ്കിൽ പ്രത്യേകമായി നിർണ്ണയിച്ചിട്ടുള്ളതൊഴികെ യാതൊരാളും, —

(എ) ഓവുചാലിനെ ബാധിക്കുന്നതോ അതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളുടെ സ്വതന്ത്രമായ ഒഴുക്കിനെ തടസപ്പെടുത്തുന്ന നിർമ്മാണങ്ങളോ, മറ്റെന്തെങ്കിലുമോ അല്ലെങ്കിൽ അത്തരം വസ്തുക്കളുടെ ട്രീറ്റ്മെന്റിനെയും നീക്കം ചെയ്യലിനെയും ബാധിക്കുന്ന വസ്തുവോ; അല്ലെങ്കിൽ,

(ബി) അതുമാത്രമായോ അല്ലെങ്കിൽ ഓടയ്ക്കുള്ളിലെ മറ്റ് പദാർത്ഥങ്ങളുമായി സംയോജിക്കുമ്പോഴോ അപകടകരമാകുന്നതോ ശല്ല്യത്തിന് കാരണമാകുകയോ അല്ലെങ്കിൽ ആരോഗ്യത്തിന് ഹാനി വരുത്തുകയോ ചെയ്യുന്ന ദ്രാവകമോ നീരാവിയോ;

(സി) ഏതെങ്കിലും സ്ഫോടക വസ്തുവോ;

പൊതുഓടയിലേയ്ക്കോ അല്ലെങ്കിൽ പൊതു ഓടയുമായി ബന്ധിപ്പിക്കുന്ന ഓടയിലേയ്ക്കോ സ്ഥാപിക്കുകയോ എറിയുകയോ എറിയാനുള്ള അനുമതി കൊടുക്കുകയോ ഒഴിക്കുകയോ മറിക്കുകയോ തട്ടിവിടുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(6) പൊതുവായി അല്ലെങ്കിൽ നിർണ്ണയിച്ചിട്ടുള്ളതൊഴികെ യാതൊരാളും, -

(എ) ഏതെങ്കിലും ജലഗമന മാർഗ്ഗത്തിലോ അല്ലെങ്കിൽ അതിന്റെ സമീപത്തോ,—

(i) ആരോഗ്യത്തിന് ഹാനികരമാകുന്ന ഏതെങ്കിലും വസ്തു, മാലിന്യം, വിസർജ്യം, ശുചിമുറി മാലിന്യം; അല്ലെങ്കിൽ,

(ii) ഉൽപ്പാദനത്തിൽ നിന്നോ ഉൽപ്പാദന പ്രക്രിയയിൽ നിന്നോ ഉണ്ടാകുന്ന വിഷമുള്ളതോ മാരകമായതോ മലിനമാക്കുന്നതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ദ്രാവകമോ ഖര വസ്തുക്കളോ;

ഇടുകയോ ഇടാൻ കാരണമാകുകയോ അല്ലെങ്കിൽ വീഴ്ത്താൻ കാരണമാകുകയോ ഒഴുക്കുകയോ പുറന്തള്ളുകയോ കൊണ്ടുപോകുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഇടാൻ, വീഴ്ത്താൻ, ഒഴുക്കാൻ, കൊണ്ടുപോകാൻ അനുവദിക്കുകയോ ചെയ്യുവാനോ, അല്ലെങ്കിൽ

(ബി) ജലഗമനമാർഗ്ഗത്തിലേയ്ക്ക് എന്തെങ്കിലും നിക്ഷേപിക്കുകയോ നിക്ഷേപിക്കാൻ കാരണമാവുകയോ, പുറന്തള്ളുകയോ വീഴാൻ കാരണമാകുകയോ വീഴ്ത്തുകയോ, ഒഴുക്കുകയോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെ മറ്റ് സമാന പ്രവൃത്തികളുമായി വ്യക്തിപരമായി അല്ലെങ്കിൽ സംയോജിപ്പിച്ച്, ജലഗമനമാർഗ്ഗത്തിന്റെ ശരിയായ ഒഴുക്കിനെ തടസ്സപ്പെടുത്തുകയോ, അതിലെ വെള്ളം മലിനമാക്കുകയോ, ഏതെങ്കിലും ഫാക്ടറിയിൽ നിന്നോ, നിർമ്മാണ പ്രക്രിയയിൽ നിന്നോ ക്വാറിയിൽ നിന്നോ ഉള്ള ഖര-ദ്രവ മാലിന്യങ്ങൾ ഏതെങ്കിലും ചപ്പുചവറുകൾ, ചാരങ്ങൾ, മറ്റ് മാലിന്യങ്ങൾ, വ്യാപാര മാലിന്യങ്ങൾ, മലിനമായ ഖര വസ്തുക്കൾ എന്നിവ ഉൾപ്പെടെ നിക്ഷേപിക്കുകയോ; അല്ലെങ്കിൽ

(സി) പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ ജലഗമന മാർഗ്ഗത്തിലോ അതിന്റെ സമീപത്തോ ഏതെങ്കിലും ശല്യം ഉണ്ടാക്കുവാനോ; പാടുള്ളതല്ല.

(7) (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്.

(8) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിനുമേൽ മൂന്ന് വർഷം വരെയാകാവുന്ന തടവിനോ ഇരുപത്തയ്യായിരം രൂപയിൽ കുറയാതെയും രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

16. ജലവിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാന, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.—(1) ഏതെങ്കിലും പ്രാദേശിക മേഖലകളിലോ അതിന്റെ ഭാഗങ്ങളിലോ ജലവിതരണ സ്രോതസ്സ് മലിനമാണോ അല്ലയോ എന്നു കണ്ടെത്തുന്നതിനായി അത്തരം പ്രദേശങ്ങളിലോ അതിന്റെ ഭാഗങ്ങളിലോ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അന്വേഷണം നടത്തിക്കാവുന്നതാണ് .

(2) ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും, അത്തരം അന്വേഷണങ്ങളുടെ ഫലം കണക്കിലെടുത്ത് , വിനിർദ്ദേശിക്കപ്പെട്ട കാലയളവിനുള്ളിൽ, ജലവിതരണ സ്രോതസ്സ് വൃത്തിയാക്കുവാനോ മെച്ചപ്പെടുത്തുവാനോ നന്നാക്കുവാനോ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുവാനോ നിർദ്ദേശിച്ചുകൊണ്ട് ഉടമയ്ക്കോ കൈവശക്കാരിക്കോ ബന്ധപ്പെട്ട സ്ഥാപനത്തിനോ അധികാരിക്കോ ഉത്തരവ് നൽകാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പിൻ കീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഓഫീസർ, അധികാരികൾക്കോ ബന്ധപ്പെട്ട വ്യക്തികൾക്കോ പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതും അത് പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

**[***]**

17. ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാന,ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.—ഒരു പ്രാദേശിക മേഖലയിലെ പൊതു ജലവിതരണ സ്രോതസ്സ് മലിനമാണെന്നോ അല്ലെങ്കിൽ മലിനീകരണത്തിന്റെ അപകടസാധ്യതയിലാണെന്നോ സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്കോ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കോ ബോദ്ധ്യപ്പെടുകയാണെങ്കിൽ, അവർക്ക് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറിന് , രേഖാമൂലം, അതിൽ വ്യക്തമാക്കിയിട്ടുള്ള അത്തരം നടപടികൾ കൈക്കൊള്ളുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ് .

## അദ്ധ്യായം 4

## ശുചിത്വ സൗകര്യങ്ങൾ

18. പൊതു ശുചിമുറി സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം.— (1) പൊതുസ്ഥലങ്ങളിലും പൊതു ഇടങ്ങളിലും ശുചിമുറി സൗകര്യങ്ങളുടെ മാനദണ്ഡങ്ങൾ സംസ്ഥാന പൊതുജനാരോഗ്യ സമിതി ചർച്ച ചെയ്ത് രൂപീകരിക്കേണ്ടതും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13-ാം ആക്റ്റ്) കീഴിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20-ാം ആക്റ്റ്) കീഴിലും ഉണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായിരിയ്ക്കേണ്ടതാണ്.

(2) പൊതുജനങ്ങളുടെ ഉപയോഗത്തിന് ആവശ്യമായത്രയും എണ്ണത്തിലും, ശരിയായ നിലവാരത്തിലും ശുചിമുറി സൗകര്യങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സർക്കാരുകൾ ഒരുക്കേണ്ടതാണ്. നാമമാത്രമായ പണം ഈടാക്കിയോ, അല്ലാതെയോ പൊതുജനാരോഗ്യത്തിന് ഹാനിയോ, ശല്യമോ ഉണ്ടാകാത്ത വിധം ഇവ വൃത്തിയായി പരിപാലിക്കേണ്ടതാണ്.

(3) വ്യക്തിഗത താമസത്തിനുള്ളതൊഴികെ മനുഷ്യവാസത്തിനോ ഉപയോഗത്തിനോ ഉദ്ദേശിച്ചിട്ടുള്ള ഏത് കെട്ടിടത്തിലും നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആവശ്യത്തിന് ശുചിമുറി സൗകര്യങ്ങൾ കെട്ടിട ഉടമസ്ഥയോ നടത്തിപ്പുകാരിയോ ഒരുക്കേണ്ടതാണ്. ഇത്തരം സൗകര്യങ്ങൾ അപര്യാപ്തമാണെങ്കിൽ പബ്ലിക് ഹെൽത്ത്

ഓഫീസർക്ക് രേഖാമൂലം നോട്ടീസ് നൽകി നോട്ടീസിൽ ആവശ്യപ്പെട്ട സൗകര്യങ്ങൾ ഒരുക്കണമെന്ന് നിർദ്ദേശിക്കാവുന്നതും നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(4) ജോലി സ്ഥലങ്ങൾ, ബിസിനസ്സ് സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുൾപ്പെടെ എല്ലാ പൊതുസ്ഥലങ്ങളിലും സ്ത്രീകൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്ററുകൾ എന്നിവർ ഉൾപ്പെടെയുള്ളവർക്ക് സൗഹൃദപരമായ ശുചിമുറി സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(5) എല്ലാ ശുചിമുറികളും,—

(എ) ഉപയോഗിക്കുന്ന ആളുകളുടെ ആരോഗ്യവും സ്വകാര്യതയും പരിരക്ഷിക്കുന്ന രീതിയിൽ നിർമ്മിക്കേണ്ടതും;

(ബി) രോഗപകർച്ച ഒഴിവാക്കുന്ന രീതിയിൽ വൃത്തിയായി പരിപാലിക്കേണ്ടതും;

(സി) ആയത് പ്രദേശത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ട് ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കേണ്ടതും;

(ഡി) പരിസരത്ത് മലിനജലം കെട്ടിക്കിടക്കാതെയും, ശരിയായ രീതിയിലും അറ്റകുറ്റപ്പണികൾ നടത്തിയും, സമീപവാസികൾക്ക് ശല്യമാകാത്ത രീതിയിലും പരിപാലിക്കേണ്ടതും;

ആകുന്നു.

(6) ഒരു ശുചിമുറി പൊതുസഭ്യതയ്ക്ക് എതിരോ, ശല്യമോ ആകത്തക്ക വിധത്തിൽ സ്ഥാപിക്കുകയോ, നിർമ്മിക്കുകയോ ചെയ്തിട്ടുള്ളതാണെങ്കിലോ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്നെങ്കിലോ (5)-ാം ഉപവകുപ്പിലെ നിബന്ധനകൾ പാലിക്കുന്നില്ലെങ്കിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് രേഖാമൂലമുള്ള നോട്ടീസിനാൽ, നിർദ്ദേശിച്ച സമയത്തിനുള്ളിൽ, അത് നീക്കംചെയ്യുവാനോ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുവാനോ ഉടമസ്ഥയോട് അല്ലെങ്കിൽ നടത്തിപ്പുകാരിയോട് ആവശ്യപ്പെടാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത കെട്ടിട ഉടമസ്ഥ അല്ലെങ്കിൽ നടത്തിപ്പുകാരി ആറു മാസം വരെയുള്ള തടവിനോ പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴയ്ക്കോ, രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

19. ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്തൽ.—(1) വ്യക്തിഗത താമസസ്ഥലങ്ങൾ ഒഴികെയുള്ളതും നിർണ്ണയിക്കുന്ന പ്രകാരമുള്ള എണ്ണം വ്യക്തികൾ താമസിക്കുന്നതോ ജോലി ചെയ്യുന്നതോ ആയ എല്ലാ സ്ഥാപനങ്ങളിലും പബ്ലിക്ക് ഹെൽത്ത് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥയോ നിശ്ചിത സമയങ്ങളിൽ പരിശോധിച്ച് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും എന്തെങ്കിലും അപാകതകൾ കണ്ടെത്തുന്നപക്ഷം ആയത് പരിഹരിക്കണമെന്ന് നിർദ്ദേശിച്ച് സ്ഥാപന ഉടമസ്ഥയ്ക്കോ അല്ലെങ്കിൽ നടത്തിപ്പുകാരിക്കോ നോട്ടീസ് നൽകേണ്ടതും ആയത് സ്ഥാപന ഉടമസ്ഥയോ അല്ലെങ്കിൽ നടത്തിപ്പുകാരിയോ നടപ്പിൽ വരുത്തേണ്ടതുമാണ് .

(2) ഒന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപന ഉടമസ്ഥ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ് .

20. തെരുവുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങളും ചവറുകളും മറ്റും നിക്ഷേപിക്കുന്നത് നിരോധിക്കൽ.—(1) യാതൊരാളും തെരുവുകളിലോ പൊതുസ്ഥലങ്ങളിലോ മാലിന്യങ്ങളോ ചവറുകളോ അതുപോലെയുള്ളവയോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(2) തെരുവിലോ പൊതു, സ്വകാര്യ ഇടങ്ങളിലോ, നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന സാഹചര്യങ്ങളിൽ, പൊതുജനാരോഗ്യ താൽപര്യം മുൻനിർത്തി മാലിന്യം നീക്കം ചെയ്യുന്നതിനും, തുടർ നടപടിക്കുമുള്ള ശിപാർശ പബ്ലിക് ഹെൽത്ത് ഓഫീസർ തദ്ദേശ സർക്കാരിന് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്യുന്ന ഏതൊരാളും മൂന്നുവർഷം വരെയാകാവുന്ന തടവിനോ പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴയ്ക്കോ, അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

അദ്ധ്യായം 5

## ശല്യം ഒഴിവാക്കൽ

21. ശല്യമാകുന്ന [***] കാര്യങ്ങൾ.— 2-ാം വകുപ്പിൽ "ശല്യം" എന്ന പദപ്രയോഗത്തിന് നൽകിയിരിക്കുന്ന നിർവ്വചനത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി താഴെപ്പറയുന്നവ, പ്രത്യേകിച്ചും, ശല്യമായി കരുതപ്പെടേണ്ടതാണ്, അതായത്,—

(i) ഏതെങ്കിലും പരിസരം ആരോഗ്യത്തിന് ഹാനികരമായ വിധത്തിലാക്കുക;

(ii) ഏതെങ്കിലും നദി, കായൽ, കുളം, തടാകം, തോട്, അരുവി, നീർത്തൊട്ടി, ഓവുചാൽ തുടങ്ങിയ ജലസ്രോതസ്സുകൾ മലിനമായതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ അവസ്ഥയിൽ ആക്കുക;

(iii) ചാരക്കുഴി, ചാണകക്കുഴി, കമ്പോസ്റ്റ് കുഴി, സെപ്റ്റിക് ടാങ്ക്, ബയോഗ്യാസ് പ്ലാന്റ്, മാലിന്യ ശേഖരണ സംവിധാനങ്ങൾ മുതലായവ വേണ്ടത്ര പരിപാലനവും സുരക്ഷയുമില്ലാതെ മലിനമായതോ, ആരോഗ്യത്തിന് ഹാനികരമായതോ ആയ അവസ്ഥയിൽ ആക്കുക;

(iv) ആരോഗ്യത്തിന് ഹാനികരമായ രീതിയിലോ അത്തരമൊരു സ്ഥലത്തോ ഏതെങ്കിലും മൃഗത്തെ ഒറ്റയ്ക്കോ കൂട്ടമായോ സൂക്ഷിക്കുക ;

(v) ആരോഗ്യത്തിന് ഹാനികരമായ ഏതെങ്കിലും ചവർ, കെട്ടിട മാലിന്യങ്ങൾ, വ്യാപാര മാലിന്യങ്ങൾ അല്ലെങ്കിൽ മറ്റ് വസ്തുക്കൾ എന്നിവ കുന്നുകൂട്ടുകയോ ശേഖരിക്കുകയോ ചെയ്യുക;

(vi) വേണ്ടത്ര വായുസഞ്ചാര മാർഗ്ഗങ്ങൾ നൽകാതെയും വിഷമയമായ മാലിന്യങ്ങളിൽ നിന്നും സംരക്ഷണമൊരുക്കാതെയും ജോലി സമയത്ത് തിക്കുംതിരക്കും ഉണ്ടാകുന്ന വിധത്തിലും ആരോഗ്യത്തിന് ഹാനികരമാകുന്ന അവസ്ഥയിൽ ഏതെങ്കിലും ഫാക്ടറി, വർക്ക് ഷോപ്പ്, ജോലി സ്ഥലം, കടകൾ, ഭക്ഷണശാലകൾ മുതലായവ പ്രവർത്തിപ്പിക്കുക;

(vii) തീ കൂട്ടുന്ന സ്ഥലം, ചൂള മുതലായവയിൽ നിന്നുണ്ടാകുന്ന പുക ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനിടവരുത്തുക;

(viii) പുക പുറന്തള്ളുന്ന ചിമ്മിനികൾ ആരോഗ്യത്തിന് ഹാനികരമായ അളവിലോ രീതിയിലോ ഉയരത്തിലോ നിലനിർത്തുക;

(ix) ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ശബ്ദം, ഒച്ച, പ്രകമ്പനം, പൊടി, ചാരം, അസഹ്യഗന്ധം, വിഷവസ്തു അല്ലെങ്കിൽ അറപ്പുളവാക്കുന്ന കാഴ്ച എന്നിവ ഉണ്ടാക്കുക;

(x) എക്സ്റേ യൂണിറ്റ്, ക്ലിനിക്കൽ ലബോറട്ടറി, സ്കാൻ സെന്റർ അല്ലെങ്കിൽ ആശുപത്രി എന്നിവ ആരോഗ്യത്തിന് ഹാനികരമായ അവസ്ഥയിൽ ശരിയായ മുൻകരുതൽ നടപടികളില്ലാതെ നിലനിർത്തുക;

(xi) ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഏതെങ്കിലും ഹോട്ടൽ അല്ലെങ്കിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനം, അറവുശാല, ഇറച്ചിക്കട, കോഴിക്കട, മിൽക്ക് സ്റ്റാൾ, മാർക്കറ്റ്, ഐസ് ഫാക്ടറി, ലോഡ്ജുകൾ, അതിന് സമാനമായ താമസത്തിനുള്ള സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ നടത്തുകയോ നിലനിർത്തുകയോ ചെയ്യുക;

(xii) ആരോഗ്യത്തിന് ഹാനികരമായ അവസ്ഥയിൽ **[***]** ശ്മശാനം, ചുടല, കല്ലറ എന്നിവ നിലനിർത്തുക;

(xiii) ഏതെങ്കിലും മരം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം **[***]** ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന [***] അവസ്ഥയിൽ നിലനിർത്തുക ;

(xiv) കൊതുകുകളുടെ പ്രജനനത്തിന് സഹായകരമായ രീതിയിൽ വെള്ളം കെട്ടിനിൽക്കാൻ ഇടയാക്കുകയോ കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലശേഖരങ്ങളോ, വെള്ളക്കെട്ടുകളോ സൃഷ്ടിക്കുകയോ, നിർമ്മാർജ്ജനം ചെയ്യാതിരിക്കുകയോ ചെയ്യുക;

(xv) ഈച്ചകൾ, മണലീച്ചകൾ, പാറ്റകൾ, ചെള്ളുകൾ, ഒച്ചുകൾ മുതലായവ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ പെരുകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയോ, അവ നിർമ്മാർജ്ജനം ചെയ്യാതിരിക്കുകയോ ചെയ്യുക;

(xvi) പന്നിഫാം, കോഴിഫാം, ആട് ഫാം, കന്നുകാലി ഫാം, ഹാച്ചറി, കുതിരലായം മുതലായവ ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന അവസ്ഥയിൽ നിലനിർത്തുക;

(xvii) തെരുവുനായ്ക്കൾ, മൂഷിക വർഗ്ഗത്തിൽപ്പെട്ട ജീവികൾ മുതലായവയ്ക്ക് താവളമാകുന്ന രീതിയിൽ ഏതെങ്കിലും സംഭരണശാലയോ അതിന്റെ പരിസരമോ മാലിന്യക്കൂമ്പാരമോ അല്ലെങ്കിൽ അതുപോലുള്ളവയോ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ നിലനിർത്തുക;

(xviii) ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ വാഹനത്തിലോ മറ്റു രീതിയിലോ കൊണ്ടുപോകുക;

(xix) പൊതുജനാരോഗ്യ പ്രവർത്തനങ്ങളെയോ ലക്ഷ്യങ്ങളെയോ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും തരത്തിൽ അസത്യമോ വ്യാജമോ ആയ പ്രചരണം നടത്തുക; കൂടാതെ

(xix) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേയ്ക്കായി നിർണ്ണയിക്കപ്പെടുന്ന മറ്റ് സംഗതികൾ.

22. ശല്യം സംബന്ധിച്ച വിവരങ്ങൾ.— ഏതെങ്കിലും പ്രദേശത്ത് ശല്യത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും അല്ലെങ്കിൽ അത്തരമൊരു ശല്യം നിലനിൽക്കുന്നു എന്നറിയുന്ന ഏതൊരു വ്യക്തിക്കും, അതേക്കുറിച്ച് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കോ പ്രാദേശിക പൊതുജനാരോഗ്യ സമിതിക്കോ രേഖാമൂലം പരാതി നൽകാവുന്നതാണ്.

23. ശല്യം ഇല്ലാതാക്കുന്നതിനുള്ള പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അധികാരം.—(1) ഒരു ശല്യം നിലനിൽക്കുന്നു എന്ന്, 22-ാം വകുപ്പ് പ്രകാരമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലോ, മറ്റുവിധത്തിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ, ഓഫീസർക്ക്, ആരുടെ പ്രവൃത്തിയാലോ, വീഴ്ചയാലോ ആണ് ശല്യം ഉണ്ടായിട്ടുള്ളത് അല്ലെങ്കിൽ തുടർന്നുകൊണ്ടിരിക്കുന്നത് ആ വ്യക്തിക്ക് അറിയിപ്പ് നൽകിക്കൊണ്ടും, വ്യക്തിയെ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, ശല്യം തുടരുന്നതായ പരിസരത്തിന്റെ ഉടമസ്ഥയോടോ കൈവശക്കാരിയോടോ നോട്ടീസ് മുഖേന നിശ്ചിത കാലയളവിനുള്ളിൽ അത് ഇല്ലാതാക്കുന്നതിനുള്ള **[***]** നടപടികൾ സ്വീകരിക്കുന്നതിനായോ അത്തരം ജോലികൾ ചെയ്യുവാനോ നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ,—

(എ) ഏതെങ്കിലും കെട്ടിടത്തിന്റെ ഘടനാപരമായ പോരായ്മയിൽനിന്നാണ് ശല്യം ഉണ്ടാകുന്നതെങ്കിൽ, അതിന്റെ ഉടമസ്ഥയ്ക്ക് നോട്ടീസ് നൽകേണ്ടതും ; **[***]**

(ബി) ശല്യം ഉണ്ടായത് അല്ലെങ്കിൽ അത് തുടരുന്നത്, ഉടമസ്ഥയുടെയോ കൈവശക്കാരിയുടെയോ, പ്രവൃത്തിയോ വീഴ്ചയോ കൊണ്ടല്ലായെങ്കിൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക്, ശല്യം ആവർത്തിക്കുന്നത് തടയുന്നതിന് വേണ്ടിയോ ഇല്ലാതെയാക്കുന്നതിന് വേണ്ടിയോ ആവശ്യമുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതിന് തദ്ദേശ സർക്കാരിനോട് രേഖാമൂലം ശിപാർശ ചെയ്യേണ്ടതും; കൂടാതെ,

**[***]**

(സി) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ആർക്കാണോ അത്തരം നോട്ടീസ് നൽകിയത്, ആ വ്യക്തിയുടെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ, കേസിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രാദേശിക പൊതുജനാരോഗ്യ സമിതിക്ക് അത്തരം നോട്ടീസിൽ നിർദ്ദേശിച്ച കാലയളവ് നീട്ടി നൽകാവുന്നതുമാണ്.

**[***]**

(2) ശല്യം ഒഴിവാക്കുന്ന ആവശ്യത്തിലേക്കായുള്ള പബ്ലിക് ഹെൽത്ത് ഓഫീസറുടെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് കൈപ്പറ്റി എന്നത് കൊണ്ടോ, ശല്യം ഒഴിവാക്കാനുള്ള

പ്രവൃത്തികൾ നടത്തിയതുകൊണ്ടോ മാത്രം ഒരു കൈവശക്കാരിയ്ക്ക് പ്രസ്തുത സ്ഥലത്തിന്മേൽ യാതൊരു നിയമപരമായ അവകാശമോ ഉടമസ്ഥാവകാശമോ മറ്റ് അവകാശങ്ങളോ ലഭ്യമാകുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നോട്ടീസ് ലഭിച്ച ഏതെങ്കിലും വ്യക്തി, ഉടമസ്ഥ, അല്ലെങ്കിൽ കൈവശക്കാരി നോട്ടീസിൽ നൽകിയ അല്ലെങ്കിൽ ദീർഘിപ്പിച്ച് നൽകിയ സമയത്തിനുള്ളിൽ ആയതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ, 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും. ശല്യം ഇല്ലാതാക്കുന്നതിനും അതിന്റെ ആവർത്തനം തടയുന്നതിനും ആവശ്യമാണെന്ന് കരുതുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ തദ്ദേശ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(4) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അയാൾ ഉത്തരവിട്ടതോ എടുത്തതോ ആയ നടപടികളെക്കുറിച്ച് പ്രാദേശിക പൊതുജനാരോഗ്യ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

24. ശല്യത്താൽ ആൾത്താമസത്തിന് അനുയോജ്യമല്ലാത്ത വിധത്തിലുള്ള വീടോ കെട്ടിടമോ സംബന്ധിച്ച വ്യവസ്ഥ.—പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അഭിപ്രായത്തിൽ, ഒരു വീടോ മറ്റ് കെട്ടിടമോ അവിടെ നിലനിൽക്കുന്ന ഒരു ശല്യത്താൽ ആൾതാമസത്തിന് അനുയോജ്യമല്ലെങ്കിൽ, അത്തരം വീടോ കെട്ടിടമോ ആൾതാമസത്തിന്
അനുയോജ്യമാകുന്നതുവരെ, താമസത്തിനുള്ള പാർപ്പിടമായി ഉപയോഗിക്കുന്നത് **[***]** നിരോധിക്കേണ്ടതാണ്.

25. ശല്യം ഇല്ലാതാക്കുമ്പോൾ നീക്കംചെയ്യപ്പെട്ട സാധനങ്ങളുടെ കൈയ്യൊഴിയൽ.—**[***]** ഈ അദ്ധ്യായത്തിൻ കീഴിലെ ജോലികൾ നിർവ്വഹിക്കുമ്പോഴോ അല്ലെങ്കിൽ മറ്റുവിധത്തിൽ അതിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുമ്പോഴോ, പൊതുസ്ഥലങ്ങൾ ഉൾപ്പെടെ ഏതെങ്കിലും പരിസരത്ത് നിന്ന് **[***]** നീക്കംചെയ്ത **[***]** സാധനങ്ങൾ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് കൈകാര്യം ചെയ്യാവുന്നതാണ്.

**[***]**

**[***]**

**[***]**

**[***]**

**[***]**

26. പ്രാദേശിക മേഖലയ്ക്ക് പുറത്ത് പ്രവൃത്തിയോ വീഴ്ചയോ മൂലമുണ്ടാകുന്ന ശല്യം.—ഏതെങ്കിലും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് തന്റെ പ്രാദേശിക മേഖലയെയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ ബാധിക്കുന്ന ഒരു ശല്യം അത്തരം പ്രാദേശിക മേഖലയ്ക്ക് പുറത്ത് ചെയ്യുതോ സംഭവിക്കുന്നതോ ആയ ഏതൊരു പ്രവൃത്തിയോ വീഴ്ചയോ കൊണ്ട് പൂർണ്ണമായോ ഭാഗികമായോ ഉണ്ടായതാണെന്നു കാണുന്നപക്ഷം അക്കാര്യം ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹം ആ ശല്യം ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. പ്രാദേശിക മേഖലകൾ രണ്ട് ജില്ലകളിൽ ഉൾപ്പെടുന്നതാണെങ്കിൽ ശല്യം ഉണ്ടായ പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറിലൂടെ അക്കാര്യം സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹം വേണ്ട നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

അദ്ധ്യായം 6

## പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ, കൗമാര ആരോഗ്യം

27. പബ്ലിക് ഹെൽത്ത് ഓഫീസർ പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ,കൗമാര ആരോഗ്യ അവസ്ഥ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ [***] നടപ്പിലാക്കണമെന്ന്.—(1) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശ പ്രകാരം, സംസ്ഥാന, ജില്ലാ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ, കൗമാര ആരോഗ്യം **[***]** സംബന്ധിച്ച പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിലേക്ക് സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കും ആവശ്യമായ പിന്തുണ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും തദ്ദേശ സർക്കാരുകളും നൽകേണ്ടതാണ്.

(3) കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രത്യുൽപ്പാദന, മാതൃ, നവജാതശിശു, ശൈശവ, കൗമാര ആരോഗ്യം **[***]** എന്നിവയുമായി ബന്ധപ്പെട്ട പ്രതിരോധം, പ്രോത്സാഹനം, കാര്യനിർവ്വഹണം എന്നിവ സംബന്ധിച്ച എല്ലാ നടപടികളും, ആവശ്യമെന്ന് കരുതുന്നപക്ഷം, മറ്റ് വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കേണ്ടത് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ ചുമതലയാണ്.

(4) മാതൃ-ശിശു ആരോഗ്യവും ക്ഷേമവും പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനോ തടയുന്നതിനോ മാറ്റം വരുത്തുന്നതിനോ ഏതെങ്കിലും വ്യക്തിയോടോ സ്ഥാപനത്തോടോ രേഖാമൂലമോ അല്ലാതെയോ നിർദ്ദേശിക്കാൻ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ആ വ്യക്തിയോ സ്ഥാപനമോ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ഇക്കാര്യം ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറെയും തുടർന്ന് ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർ സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറെയും സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ സർക്കാരിനെയും അറിയിക്കേണ്ടതും ആയതിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അദ്ധ്യായം 7

## പകർച്ചവ്യാധികളുടെയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെയും പ്രതിരോധവും, വിജ്ഞാപനവും ചികിത്സയും

28. പകർച്ചവ്യാധികളും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളും.—(1) ഈ ആക്ടിലെ 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം പകർച്ചവ്യാധി എന്നതിന്റെ നിർവചനത്തിൽപ്പെടുന്ന എല്ലാ രോഗങ്ങളെയും ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി പകർച്ചവ്യാധി എന്ന് കണക്കാക്കുന്നതാണ്.

(2) ഈ ആക്ടിന്റെ ആവശ്യത്തിനായി, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്,—

(i) ക്ഷയം;

(ii) ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ളതോ ഭാവിയിൽ കൂട്ടിച്ചേർക്കുന്നതോ ആയ രോഗങ്ങൾ (മലേറിയ, മന്ത്, ജപ്പാൻ ജ്വരം, ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, കാലാ അസർ മുതലായവ);

(iii) സിക്ക;

(iv) ടൈഫസ് വിഭാഗത്തിൽപ്പെടുന്ന എല്ലാ പനികളും (സ്ക്രബ് ടൈഫസ്, എപ്പിഡമിക് ടൈഫസ് തുടങ്ങിയവ);

(v) ആന്ത്രാക്സ്;

(vi) പക്ഷിപ്പനി ഉൾപ്പെടെ ഇൻഫ്ലുവൻസ-എ വിഭാഗത്തിലുള്ള പനികൾ;

(vii) മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന എല്ലാ പനികളും;

(viii) യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതോ, ഭാവിയിൽ കൂട്ടിച്ചേർക്കുന്നതോ ആയ രോഗങ്ങൾ (പോളിയോ, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, മീസിൽസ്, ഹെപ്പറ്റൈറ്റിസ്-ബി, ഹീമോഫിലസ് ഇൻഫ്ലുവൻസ-ബി മൂലമുള്ള ന്യൂമോണിയ അല്ലെങ്കിൽ മെനിഞ്ചൈറ്റിസ്, ന്യൂമോക്കോക്കസ് മൂലമുള്ള രോഗങ്ങൾ, റുബെല്ല മുതലായവ);

(ix) അക്യൂട്ട് ഫ്ലാസിഡ് പരാലിസിസ്;

(x) മങ്കിപോക്സ്;

(xi) പേ വിഷബാധ (റാബീസ്);

(xii) നിപ;

(xiii) സാർസ്, മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം, കോവിഡ്-19 തുടങ്ങിയ കൊറോണ വൈറസ് അണുബാധകൾ;

(xiv) എലിപ്പനി;

(xv) പ്ലേഗ്;

(xvi) കുഷ്ഠം;

(xvii) ആന്റിബയോട്ടിക് അതിജീവന ഭീഷണിയുടെ പശ്ചാത്തലത്തിൽ റിപ്പോർട്ടിംഗ് ആവശ്യമാണെന്ന് സർക്കാർ നിശ്ചയിക്കുന്ന അണുബാധകൾ;

(xviii) കാലാകാലങ്ങളിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ വിജ്ഞാപനത്തിലൂടെ സംസ്ഥാനത്തൊട്ടാകെയോ, സംസ്ഥാനത്തിന്റെ ഒരു പ്രദേശത്തോ വിജ്ഞാപനപ്പെടുത്തേണ്ടതായി പ്രഖ്യാപിക്കുന്ന രോഗങ്ങൾ.

(3) സർക്കാരിന്, വിവരങ്ങൾ ശേഖരിക്കേണ്ടതോ ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതോ ആയ എതെങ്കിലും പകരുന്നതോ അല്ലാത്തതോ ആയ രോഗത്തെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

(4) വിജ്ഞാപനപ്പെടുത്തേണ്ട ഏതെങ്കിലും പകർച്ചവ്യാധി ഏതെങ്കിലും വ്യക്തികളുടെയോ, സർക്കാർ ആശുപ്രതിയുടെയോ, സ്വകാര്യ ആശുപത്രിയുടെയോ, ക്ലിനിക്കിന്റെയോ അല്ലെങ്കിൽ ലബോറട്ടറിയുടെയോ, ഗവേഷണ സ്ഥാപനങ്ങളുടെയോ ശ്രദ്ധയിൽപ്പെടുകയോ, അറിയപ്പെടുകയോ ചെയ്താൽ, ആ വ്യക്തിയോ സ്ഥാപനമോ ഉടൻതന്നെ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരമുള്ള

വിവരം ലഭിക്കുമ്പോൾ, അത്തരം രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനും അത് ഉന്മൂലനം ചെയ്യുന്നതിനുമായി പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ ഉടൻതന്നെ ഇടപെടേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തിയോ സ്ഥാപനമോ, 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

29. അതിഥിത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും പകർച്ചവ്യാധി പ്രതിരോധവും.—പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ആരോഗ്യ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും തദ്ദേശ സർക്കാരുകളുടെയും സഹകരണത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്,—

(i) അതിഥിത്തൊഴിലാളികളുടെ ആരോഗ്യ പരിശോധനകൾ കൃത്യമായ ഇടവേളകളിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

(ii) അത്തരം പരിശോധനകളിൽ, സംസ്ഥാനത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതിന് ആരോഗ്യ പരിപാടികൾ നിലവിലുള്ള പകർച്ചവ്യാധികളോ രോഗങ്ങളോ കണ്ടെത്തിയാൽ, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറെ രേഖാമൂലം അറിയ്ക്കേണ്ടതാണ്.

(iii) അതിഥിത്തൊഴിലാളികളുടെ താമസയിടങ്ങളിൽ ആർക്കെങ്കിലും ഏതെങ്കിലും പകർച്ചവ്യാധി പിടിപെടുകയോ വ്യാപനം ഉണ്ടാവുകയോ ചെയ്താൽ അങ്ങനെയുള്ളവർക്ക് ചികിത്സ ലഭ്യമാകുന്നു എന്നുറപ്പാക്കുകയും അതത് സ്ഥലങ്ങളിൽ പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്.

30. ഐസൊലേഷൻ ആശുപത്രികളുടേയും വാർഡുകളുടേയും പരിപാലനം.— (1) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, രോഗത്തിന്റെ പ്രകൃതത്താൽ ആവശ്യമായി വന്നാൽ തദ്ദേശസർക്കാരുകളുടെ സഹായത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് അതായത്,—

(എ) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ള വ്യക്തികളെ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ആശുപത്രികളും വാർഡുകളും അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളും സജ്ജീകരിക്കേണ്ടതും ;

(ബി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ളവരെ കൊണ്ടുപോകുന്നതിനാവശ്യമായ **[***]** വാഹന സൗകര്യങ്ങൾ നൽകുകയും പരിപാലിക്കുകയും ചെയ്യേണ്ടതും ;

(സി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നതോ അനുഭവിക്കുന്നതായി സംശയിക്കപ്പെടുന്നതോ ആയ വ്യക്തികൾക്ക് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, കൂടാതെ

(ഡി) **[***]** അണുബാധയ്ക്ക് വിധേയമായ വാഹനങ്ങൾ, വസ്തുക്കൾ, കിടക്കകൾ അല്ലെങ്കിൽ മറ്റ് സാധനങ്ങൾ എന്നിവ ഉചിതമായ രീതിയിൽ അണുവിമുക്തമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(2) ഓരോ ആരോഗ്യസംരക്ഷണ സ്ഥാപനവും,—

(എ) പ്രദേശത്തെ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയെയോ സംബന്ധിച്ച വിവരങ്ങൾ;

(ബി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ളതോ ഉള്ളതായി സംശയിക്കപ്പെടുകയോ ചെയ്യുന്നവർക്കുള്ള രോഗനിർണ്ണയം, നൽകുന്ന സേവനങ്ങൾ, എന്നിവയുടെ വിശദാംശങ്ങൾ;

(സി) അത്തരത്തിലുള്ള വ്യക്തികൾക്ക് ആവശ്യമായ **[***]** ചികിത്സയും അതിന്റെ വിശദാംശങ്ങൾ,

എന്നിവ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

31. മെഡിക്കൽ പ്രാക്ടീഷണർമാർ പകർച്ചവ്യാധിയുടെയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വിവരം നൽകണമെന്നും നിർദ്ദിഷ്ട ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കണമെന്നും.—(1) ഏതു ചികിത്സാ സമ്പ്രദായത്തിലേയും ഓരോ മെഡിക്കൽ പ്രാക്ടീഷണറും, തന്റെ പ്രാക്ടീസ് വേളയിൽ ഏതെങ്കിലും സ്വകാര്യമോ, പൊതുവോ ആയ താമസസ്ഥലത്ത് പകർച്ചവ്യാധിയോ, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ നിലവിലുള്ളതായി അറിഞ്ഞാൽ, അല്ലെങ്കിൽ ആയത് മൂലം മരണപ്പെട്ടെന്ന് അറിയുകയോ, വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ചെയ്താൽ, ആ സംഗതി നേരത്തെ അറിയിച്ചിട്ടില്ലെങ്കിൽ പരമാവധി ഇരുപത്തിനാല് മണിക്കൂറിനകം പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും അല്ലെങ്കിൽ ഇതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റേതെങ്കിലും അധികാരിയ്ക്കും ആ വിവരം നൽകേണ്ടതാണ്.

(2) 28-ാം വകുപ്പ് പ്രകാരം സർക്കാർ ഒരു പകർച്ചവ്യാധി വിജ്ഞാപനപ്പെടുത്തുകയും സ്പെസിമൻ ശേഖരണം രോഗനിർണ്ണയ ചികിത്സാ നടപടിക്രമങ്ങൾ ഉൾപ്പെടെ ആ രോഗത്തെ കൈകാര്യം ചെയ്യുന്നതിന മാത്രമായി പിന്തുടരേണ്ട നിർവ്വഹണ രീതികൾ നിർദ്ദേശിച്ചിരിക്കുന്നിടത്ത്, അത്തരം രോഗത്തിന്റെ ലക്ഷണങ്ങളുള്ള രോഗികളെ

ചികിത്സിക്കുന്ന എല്ലാ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരും ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും അത്തരം നിർവ്വഹണരീതിയും നടപടിക്രമങ്ങളും പിന്തുടരേണ്ടതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറും ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്.

32. പകർച്ചവ്യാധിയുടേയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയും വ്യാപനം തടയുന്നതിന്റെ രീതി സംബന്ധിച്ച് നിർദ്ദേശം കൊടുത്തിരിക്കേണ്ടതാണെന്ന്.— [***] പകർച്ചവ്യാധിയോ അല്ലെങ്കിൽ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ള ഒരു വ്യക്തിയെ ചികിത്സിക്കുകയോ ചികിത്സിക്കണമെന്ന ഉദ്ദേശത്തോടെ പരിശോധിക്കുകയോ ചെയ്യുന്ന ഏത് മെഡിക്കൽ പ്രാക്ടീഷണറും, ആദ്യ സന്ദർശനത്തിൽ,—

(എ) രോഗശമനം കിട്ടുന്നതുവരെ ചികിത്സയുടെ ആവശ്യകതയെക്കുറിച്ച് അത്തരം വ്യക്തിയെ ധരിപ്പിക്കേണ്ടതും ;

(ബി) രോഗത്തിന്റെ വ്യാപനം തടയുന്നതിനാവശ്യമായ ശാസ്ത്രീയ നടപടികളെക്കുറിച്ച് അവർക്ക് നിർദ്ദേശം നൽകേണ്ടതും ;

(സി) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിച്ച വിധത്തിൽ, രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ആ വ്യക്തിക്ക് നൽകേണ്ടതുമാണ്.

33. വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ നിന്നും ഒരാൾ മുക്തയായതായി രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ സാക്ഷ്യപ്പെടുത്തണമെന്ന്.—(1) 28-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലും 31-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലും പരാമർശിച്ചിരിക്കുന്ന പകർച്ചവ്യാധികളോ ദേശീയ ആരോഗ്യപരിപാടികളിൽ ഉൾപ്പെട്ട അണുബാധകളോ ബാധിച്ച ഒരു വ്യക്തിക്ക് ആയതിൽ നിന്ന് മുക്തി നേടിയ ശേഷം, രോഗമുക്തയായി എന്ന് സാക്ഷ്യപത്രം നൽകേണ്ടി വരുന്ന സാഹചര്യത്തിൽ ആ വ്യക്തിയെ ചികിത്സിച്ച മെഡിക്കൽ പ്രാക്ടീഷണർ തന്നെ, ലാബ് പരിശോധനകളടക്കം ആവശ്യമായ എല്ലാ പരിശോധനകളും നടത്തി, രോഗമുക്തി സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ നല്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിന് ഒരു മെഡിക്കൽ പ്രാക്ടീഷണർ മതിയായ കാരണമില്ലാതെ വിസമ്മതിക്കുകയോ (1)-ാം ഉപവകുപ്പ് പ്രകാരം ചികിത്സിക്കാതെ സാക്ഷ്യപത്രം നൽകിയാലോ 65-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്.

34. സംശയാസ്പദമായ സ്രോതസ്സിൽ നിന്നുള്ള വെള്ളത്തിന്റെയോ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ ഉപയോഗത്തിന്റെ നിരോധനം.—(1) ശുചിത്വവും വൃത്തിയും പരിശോധിച്ചതിനു ശേഷം, ഏതെങ്കിലും ടാങ്കിലെയോ, കിണറിലെയോ ടാങ്കർ കണ്ടെയ്നറിലെയോ അല്ലെങ്കിൽ മറ്റ് സ്ഥലത്തെയോ, ജലം ഉപയോഗിച്ചാലോ, കുടിച്ചാലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഗാർഹികമോ വാണിജ്യപരമോ ആയ ആവശ്യത്തിന് ഉപയോഗിച്ചാലോ ഏതെങ്കിലും പകർച്ചവ്യാധിയുടെയോ അല്ലെങ്കിൽ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വ്യാപനത്തിന് കാരണമാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ, മേൽപ്പറഞ്ഞ സ്രോതസ്സുകളിലെ ജലം ഉപയോഗിക്കുന്നത് നിരോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ശുചിത്വവും വൃത്തിയും പരിശോധിച്ചതിനുശേഷം പൊതു ഉപഭോഗത്തിനോ മറ്റേതെങ്കിലും ഗാർഹികമോ വാണിജ്യപരമോ ആയ ഉദ്ദേശ്യത്തിനുള്ള ഭക്ഷണമോ പാനീയമോ ഏതെങ്കിലും പകർച്ചവ്യാധിയുടെ വ്യാപനത്തിന് കാരണമാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ മേൽപ്പറഞ്ഞ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ, പൊതുവായോ പ്രത്യേകമായോ പറഞ്ഞിട്ടുള്ള ആവശ്യത്തിന് ഉപയോഗിക്കുന്നത് നിരോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ജലത്തിന്റെ സാമ്പിൾ പരിശോധിക്കേണ്ട ആവശ്യകത ഉണ്ടെങ്കിൽ ആയത് ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാനോ, ഭക്ഷണത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് എടുക്കേണ്ടതുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫീസറോട് ആവശ്യപ്പെടാനോ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം ഉപയോഗം നിരോധിച്ചിട്ടുള്ള ഭക്ഷണമോ പാനീയമോ യാതൊരു വ്യക്തിയും ഉപയോഗിക്കുവാനോ ഉപയോഗിക്കാൻ ഇടവരുത്തുവാനോ പാടുള്ളതല്ല.

(5) ഈ വകുപ്പിൻ കീഴിൽ നിരോധനം പുറപ്പെടുവിക്കുന്ന പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ആയത് കഴിയുന്നത്ര വേഗത്തിൽ, പരമാവധി ഇരുപത്തിനാല് മണിക്കൂറിനകം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാദ്ധ്യസ്ഥമായിരിക്കും.

35. രോഗബാധിതയെ ആശുപത്രിയിലേക്ക് മാറ്റൽ.—(1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉള്ള എതൊരു വ്യക്തിക്കും താഴെപ്പറയുന്ന ഏതെങ്കിലും അവസ്ഥകൾ ഉണ്ടെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം, രോഗവ്യാപനം തടയുന്നതിനും, ചികിത്സയ്ക്കുമായി ആ വ്യക്തിയെ ആവശ്യമായ സ്ഥലത്തേയ്ക്ക് മാറ്റാൻ തദ്ദേശ സർക്കാറിന്റെ സഹായത്തോടെ അവർ നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്:—

(i)ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്താണ് താമസമെങ്കിൽ;

(ii) രോഗവ്യാപനം തടയുന്നതിനും, ചികിത്സാ മേൽനോട്ടത്തിനും ആവശ്യമായ സംവിധാനം ഇല്ലെങ്കിൽ;

(iii) പ്രസ്തുത സ്ഥലത്ത് ഈ രോഗിയുടെ സാന്നിദ്ധ്യം മറ്റുള്ളവരുടെ ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ;

(iv) രോഗിയുടെ സുരക്ഷയ്ക്കോ, ചികിത്സയ്ക്കോ മറ്റ് കാരണങ്ങളാലോ രോഗിയെ ആശുപത്രിയിലേക്കോ, അത്തരം രോഗങ്ങളുള്ളവരെ പരിപാലിക്കുന്ന സ്ഥലത്തേയ്ക്കോ മാറ്റേണ്ടതുണ്ടെന്ന് പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ഉത്തമ ബോധ്യമുണ്ടെങ്കിൽ.

(2) യാതൊരു വ്യക്തിയും അത്തരം ആശുപത്രിയുടേയോ സ്ഥലത്തിന്റേയോ ചുമതലയുള്ള മെഡിക്കൽ ആഫീസറുടെ സമ്മതം കൂടാതെ ഏതെങ്കിലും ആശുപത്രിയിൽ നിന്നോ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മറ്റു സ്ഥലത്തു നിന്നോ വിട്ടുപോകാനോ ആരെങ്കിലും ആ വ്യക്തിയെ കൊണ്ടുപോകാനോ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ, ആശുപത്രിയിലേക്കോ സ്ഥലത്തേക്കോ രോഗിയെ മാറ്റുന്നത് തടയുകയോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിന് വിരുദ്ധമായി അത്തരം ആശുപത്രിയിൽ നിന്നും വിട്ടുപോകുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.

36. വ്യക്തികൾക്ക് രോഗാണുബാധയേൽക്കുന്ന തരത്തിൽ സമ്പർക്കമുണ്ടാകുന്നത് നിരോധിക്കൽ.—(1) ഈ അദ്ധ്യായത്തിൽ വിനിർദ്ദേശിക്കുന്ന വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി അനുഭവിക്കുന്നതായി അറിയുന്ന യാതൊരാളും,—

(i) ഏതെങ്കിലും മാർക്കറ്റ്, അരങ്ങ് അല്ലെങ്കിൽ വിനോദത്തിനോ ഒത്തുചേരലിനോ ഉള്ള മറ്റ് സ്ഥലം; അല്ലെങ്കിൽ

(ii) ഏതെങ്കിലും സ്കൂൾ, കോളേജ്, ഗ്രന്ഥശാല, കളിസ്ഥലം തുടങ്ങിയ സ്ഥലങ്ങൾ; അല്ലെങ്കിൽ

(iii) ഏതെങ്കിലും ഹോസ്റ്റൽ, ഹോട്ടൽ, ലഘുഭക്ഷണശാല, സുഖവാസ കേന്ദ്രം, സ്റ്റേ ഹോം, വഴിയമ്പലം, വാടക വീട്, ഹൗസ് ബോട്ട്, ക്ലബ്ബ് അല്ലെങ്കിൽ വാട്ടർ തീം പാർക്ക് ;അല്ലെങ്കിൽ

(iv)ഏതെങ്കിലും ഫാക്ടറി, കട, വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം; അല്ലെങ്കിൽ

(v) ഏതെങ്കിലും പൊതുവാഹന സൗകര്യം; അല്ലെങ്കിൽ

(vi) ഏതെങ്കിലും പൊതു സ്നാനസ്ഥലം; അല്ലെങ്കിൽ

(vii) ഏതെങ്കിലും മറ്റ് പൊതുവിനോദസ്ഥലം, പൊതുസ്ഥലം,

എന്നിവിടങ്ങളിൽ തന്റെ സാന്നിദ്ധ്യത്തിലൂടെയോ പ്രവൃത്തിയിലൂടെയോ അണുബാധയെന്ന അപകടമുണ്ടാക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം:— ഒരു വ്യക്തിക്ക് വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉണ്ടെന്ന് ഏതെങ്കിലും ഒരു മെഡിക്കൽ പ്രാക്ടീഷണറോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറോ ആ വ്യക്തിയെ അറിയിച്ചിട്ടുണ്ടെങ്കിൽ ആ വ്യക്തിക്ക് അപ്രകാരം, അറിവുള്ളതായി ഈ ഉപവകുപ്പിന്റെ അർത്ഥത്തിലേയ്ക്ക് കരുതപ്പെടേണ്ടതാണ്.

(2) **[***]** വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുള്ള വ്യക്തിയുടെയോ വ്യക്തികളുടെയോ പരിചരണ ചുമതലയുള്ള യാതൊരാളും (1)-ാം ഉപവകുപ്പിൽ പറയുന്ന സ്ഥലങ്ങളിൽ അത്തരത്തിലുള്ള വ്യക്തിയുടെ സാന്നിദ്ധ്യം കൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ അപകട സാദ്ധ്യതയിലാക്കാൻ പാടില്ലാത്തതാകുന്നു.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്.

37. അണുബാധിതർ ചില വ്യാപാരത്തിലും തൊഴിലിലും ഏർപ്പെടരുതെന്ന്.—(1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി യാതൊരു വ്യക്തിയും അവർ അത്തരം രോഗം പടർത്തിയേക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ പാടുള്ളതല്ല, അതായത്:—

(എ) മറ്റുള്ളവർക്ക് ഉപഭോഗത്തിനുള്ള ഏതെങ്കിലും ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാനോ വിതരണം ചെയ്യുവാനോ വിൽപ്പനക്കായി കൊണ്ടുനടക്കാനോ വയ്ക്കാനോ വിൽപ്പനയ്ക്കായി ഉണ്ടാക്കുന്നതോ, വയ്ക്കുന്നതോ, കൊണ്ടുനടക്കുന്നതോ ആയ ജോലിയിൽ പങ്കെടുക്കുവാനോ പാടുള്ളതല്ല;

(ബി) മറ്റുള്ളവരിലേയ്ക്ക് രോഗാണു പകരുന്നതിന് ഇടയാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.

38. അണുബാധയുടെ വ്യാപനം തടയുന്നതിന് കെട്ടിടങ്ങളും സ്ഥലങ്ങളും ഏറ്റെടുക്കൽ.—(1) പകർച്ചവ്യാധി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തേണ്ട ആവശ്യത്തിലേയ്ക്കായി ജില്ലാ കളക്ടറുടെ അനുമതിയോടെ എതൊരു കെട്ടിടത്തിനുള്ളിലും പബ്ലിക് ഹെൽത്ത് ഓഫീസർക്ക് പ്രവേശിക്കാവുന്നതും, ആവശ്യമെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അവ താൽക്കാലികമായി ഏറ്റെടുക്കാവുന്നതുമാണ്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പബ്ലിക്ക് ഹെൽത്ത് ഓഫീസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്.

(2) മേൽപ്പറഞ്ഞ അത്തരം കെട്ടിടത്തിന്റെ അല്ലെങ്കിൽ സ്ഥലത്തിന്റെ ഏറ്റെടുക്കൽ തീരുമ്പോഴോ ഉപയോഗം തീരുമ്പോഴോ ഉടമസ്ഥയ്ക്ക് തിരികെ നൽകുന്നതിന് മുമ്പായി പ്രസ്തുത കെട്ടിടം അല്ലെങ്കിൽ സ്ഥലം പൂർണ്ണമായും അണുവിമുക്തമാക്കുകയും വൃത്തിയാക്കുകയും ചെയ്യുന്നതായി തദ്ദേശ സർക്കാരുകളുടെ സഹായത്തോടെ പബ്ലിക് ഹെൽത്ത് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

39. പ്രതിരോധ നടപടികൾ എടുക്കുന്നതിനായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് പ്രവേശനത്തിനുള്ള അധികാരം.—(1) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കോ അല്ലെങ്കിൽ ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥയ്ക്കോ,—

(എ) ന്യായമായ എത് സമയത്തും, സഹായികളോടൊപ്പമോ അല്ലാതെയോ, പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ റിപ്പോർട്ട് ചെയ്തതോ, സംശയിക്കപ്പെടുന്നതോ ആയ ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ, ജോലിസ്ഥലങ്ങൾ, തൊഴിലിടങ്ങൾ, വ്യാപാര സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിടങ്ങളുടെ പരിസരങ്ങൾ, തോട്ടങ്ങൾ മുതലായ സ്ഥലങ്ങളിൽ നോട്ടീസ് കൂടാതെയും, വീടുകൾ, അപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ള താമസ ഇടങ്ങളിൽ രണ്ട് മണിക്കൂർ മുമ്പ് നോട്ടീസ് നൽകിയ ശേഷവും പരിശോധിക്കാവുന്നതാണ്.

(ബി) അത്തരത്തിലുള്ള സ്ഥലത്തിനുപുറത്തേയ്ക്ക് [***] രോഗത്തിന്റെ വ്യാപനം തടയുന്നതിനായി [***] ആവശ്യമെന്നു കരുതിയേക്കാവുന്ന [***] നടപടി എടുക്കാവുന്നതുമാണ്.

(2) ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും സഹകരണവും ഉറപ്പുവരുത്തേണ്ടതാണ്.

40. ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളുടേയും ലോഡ്ജിംഗ് ഹൗസുകളുടേയും അടച്ചിടൽ.—(1) ഒരു ലോഡ്ജിംഗ് ഹൗസിലോ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതോ തയ്യാറാക്കുന്നതോ ആയ സ്ഥലത്തോ കച്ചവടത്തിനായോ വിതരണത്തിനായോ വെച്ചിരിക്കുന്ന സ്ഥലത്തോ, [***] വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉണ്ടെന്നതിനാലോ അടുത്ത സമയത്തായി ഉണ്ടായിരുന്നതിനാലോ അത്തരം ലോഡ്ജിംഗ് ഹൗസോ സ്ഥലമോ പൊതുജനാരോഗ്യ താൽപ്പര്യാർത്ഥം അടച്ചിടേണ്ടതാണെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ അത്തരം സ്ഥാപനം അല്ലെങ്കിൽ ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന കാലയളവ് തീരുന്നതുവരേയോ അല്ലെങ്കിൽ രോഗാവസ്ഥയിൽ നിന്നും മുക്തമായതായി ഒരു മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തുന്നതുവരേയോ അടച്ചിടുന്നതിന് ഉത്തരവ് മുഖാന്തരം നിർദ്ദേശിക്കാൻ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**[***]**

(2) (1)-ാം ഉപവകുപ്പിൽകീഴിലുള്ള ഉത്തരവ് അനുസരിക്കാത്ത ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

41. അണുബാധിതർ ഉപയോഗിച്ച വസ്തുങ്ങൾ അലക്കുശാലയിലേയ്ക്ക് അയയ്ക്കരുതെന്ന്.—(1) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ബാധിച്ച വ്യക്തിയോ വ്യക്തികളോ ഉപയോഗിച്ച വസ്ത്രമോ കിടക്കയോ മറ്റ് സാധനങ്ങളോ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യാതെ ഏതെങ്കിലും അലക്കുശാലയിലേയ്ക്കോ പൊതുജലാശയത്തിലേയ്ക്കോ ടാങ്കിലേയ്ക്കോ പൊതുകിണറിലേയ്ക്കോ അലക്കുന്ന ആവശ്യത്തിലേയ്ക്കായി അയയ്ക്കുകയോ എത്തിയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു, അതായത്,—

(എ) പബ്ലിക്ക് ഹെൽത്ത് ഓഫീസർ നിർദ്ദേശിച്ച രീതിയിൽ അണുവിമുക്തമാക്കുക;

(ബി) അണുബാധയേറ്റതാണെന്ന മുന്നറിയിപ്പ് നൽകുകയും മതിയായ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുക.

(2) (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.

42. സാമൂഹിക ഒത്തുകൂടൽ നിയന്ത്രിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ അധികാരം.— (1) ഏതെങ്കിലും പ്രാദേശിക മേഖലയിലോ ജില്ലയിലോ ഏതെങ്കിലും പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ നിലനിൽക്കുന്ന സാഹചര്യത്തിൽ, [***] അത്തരം പ്രദേശങ്ങളിലെ അത്തരം ആവശ്യത്തിലേയ്ക്കായുള്ള സാമൂഹിക ഒത്തുകൂടൽ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ വ്യാപിക്കുന്നതിന് ഹേതുവായിത്തീരുമെന്നോ രോഗം കൂടുതൽ തീവ്രമാകുമെന്നോ ജില്ലാ കളക്ടർക്ക് അഭിപ്രായമുള്ളപക്ഷം, പ്രാദേശിക അല്ലെങ്കിൽ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ അപേക്ഷയിന്മേലോ മറ്റുവിധത്തിലോ ആ ആവശ്യത്തിലേയ്ക്ക് പൊതുവായതോ സ്വകാര്യമായതോ ആയ ഏതൊരു സ്ഥലത്തും, തന്റെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന എണ്ണത്തിൽ അധികരിച്ചുള്ള സാമൂഹിക ഒത്തുകൂടൽ ഏതെങ്കിലും വ്യക്തിഗത സംഗതിയിൽ പ്രത്യേക ഉത്തരവ് മുഖാന്തരമോ, അല്ലെങ്കിൽ പൊതുവായ ഉത്തരവ് മുഖാന്തരമോ നിരോധിക്കുന്നതിന് ജില്ലാ കളക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവ് ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

43. പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരം നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—സാഹചര്യം അപ്രകാരം ആവശ്യപ്പെടുന്നപക്ഷം, പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ അല്ലെങ്കിൽ രണ്ടും കൂടിയോ നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

44. മൃഗങ്ങളിൽ നിന്നും പകരുന്ന പകർച്ചവ്യാധികളുടെ പ്രതിരോധം.—ഏതെങ്കിലും പ്രദേശത്ത് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന പകർച്ചവ്യാധിയുടെ പൊട്ടിപ്പുറപ്പെടലോ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെങ്കിലോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ രോഗപ്പകർച്ച പ്രതിരോധിക്കുന്നതിനായി പൊതുജനാരോഗ്യ സമിതി ഉടൻതന്നെ വിളിച്ചുചേർക്കേണ്ടതും അത്തരം വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്. രോഗപ്രതിരോധത്തിന് ആവശ്യമായ നടപടികൾ പ്രാദേശിക തലത്തിൽ സ്വീകരിക്കുന്നുവെന്നുള്ളത് പ്രാദേശിക പൊതുജനാരോഗ്യ സമിതി ഉറപ്പുവരുത്തേണ്ടതാണ്. ഇതിന്മേലുള്ള റിപ്പോർട്ട് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നൽകേണ്ടതാണ്.

45. മൂഷികവർഗ്ഗത്തിന്റേയും നായ്ക്കളുടെയും മറ്റ് മൃഗങ്ങളുടേയും നിയന്ത്രണം.—(1) ഏതൊരു പരിസരത്തിന്റെയും കൈവശക്കാരിയും, താമസമില്ലെങ്കിൽ അതിന്റെ ഉടമസ്ഥയും, മൂഷിക വർഗ്ഗത്തിനേയും, നായ്ക്കളേയും മറ്റ് മൃഗങ്ങളേയും ആകർഷിക്കുന്ന വിധത്തിൽ മാലിന്യങ്ങൾ

തള്ളുവാനോ, കാടും മറ്റും വളരുവാൻ അനുവദിക്കാനോ പാടില്ലാത്തതും, പ്ലേഗിനും എലിപ്പനിക്കും കാരണമാകുന്ന മൂഷികവർഗ്ഗത്തിനെ നശിപ്പിക്കേണ്ടതും കൂടാതെ പേവിഷബാധ ഉള്ളതോ ഉള്ളതായി സംശയിക്കപ്പെടുന്നതോ ആയ നായ്ക്കളെ സംബന്ധിച്ച വിവരം ഉടനടി തദ്ദേശ സർക്കാരുകളെ അറിയിക്കേണ്ടതുമാണ്.

**[***]**

(2) ഏതെങ്കിലും പരിസരത്തിന്റെ താമസക്കാരിയോ ഉടമയോ (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതല പാലിച്ചിട്ടില്ലെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ നിശ്ചിത സമയത്തിനുള്ളിൽ നടപടി എടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അത്തരം താമസക്കാരിക്കോ ഉടമസ്ഥയ്ക്കോ നോട്ടീസ് നൽകേണ്ടതാണ്.

**[***]**

**[***]**

**[***]**

**[***]**

(3) നായ്ക്കളെയും പൂച്ചകളെയും വളർത്തുന്ന ഏതൊരു വ്യക്തിയും കൃത്യമായ ഇടവേളകളിൽ അവയ്ക്ക് പേവിഷ ബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തേണ്ടതാണ്.

**[***]**

(4) (1)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിയും സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

46. രോഗബാധിതരുടെ ക്വാറന്റൈൻ.—കാലാകാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തുന്ന മാർഗ്ഗരേഖകൾക്കനുസൃതമായി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ബാധിച്ചിട്ടുള്ള വ്യക്തികളെ ക്വാറന്റൈനിലാക്കുവാനോ മാറ്റിപാർപ്പിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്.

47. മൃതദേഹങ്ങൾ കൈകാര്യം ചെയ്യുമ്പോഴുള്ള മുൻകരുതലുകൾ.—കാലാകാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തുന്ന മാർഗ്ഗരേഖകൾക്കനുസൃതമായി പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക്,**[***]**പകർച്ചവ്യാധിയാലോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയാലോ മരിച്ച ആളുകളുടെ മൃതദേഹങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

48. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന്.—(1) വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെ പ്രതിരോധത്തിനും ചികിത്സയ്ക്കും രോഗനിർണ്ണയത്തിനുമായി സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ നടപ്പിലാക്കുന്നതിന് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) **[***]** വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ ഉൾപ്പെട്ടിട്ടുള്ള ഏത് രോഗവും ചികിത്സിക്കുന്നതിനും (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള ചികിത്സാരീതികൾ പാലിക്കാൻ ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതു,സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(3) ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ ആവശ്യപ്രകാരം, പ്രദേശത്തെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള ഏതെങ്കിലും അസുഖത്തെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ പൊതുജനാരോഗ്യ അധികാരിക്കോ അല്ലെങ്കിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കോ നൽകുന്നതിന് ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതു, സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(4) (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു മെഡിക്കൽ പ്രാക്ടീഷണറും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

49. ഹോസ്റ്റൽ, മറ്റ് പൊതു താമസ ഇടങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ അധികാരം.— (1) മതിയായ ശുചിത്വം, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം, സുരക്ഷിത കുടിവെള്ളം കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാതെ യാതൊരാളും ഹോസ്റ്റൽ, പേയിംഗ് ഗസ്റ്റ് സൗകര്യങ്ങൾ, മറ്റ് പൊതു താമസ ഇടങ്ങൾ എന്നിവ നടത്താൻ പാടുള്ളതല്ല.

(2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, ഹോസ്റ്റലുകളും പൊതു താമസ ഇടങ്ങളും പരിശോധിക്കേണ്ടതും ആ കെട്ടിടങ്ങളിലോ സ്ഥലങ്ങളിലോ തിക്കും തിരക്കും ഇല്ലായെന്നതും കൂടാതെ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ അത്തരം കെട്ടിടങ്ങളിലും സ്ഥലങ്ങളിലും മതിയായ ശുചിത്വത്തിനും മാലിന്യനിർമ്മാർജനത്തിനും കുടിവെള്ള വിതരണത്തിനും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ് .

**[***]**

50. ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.— (1) സർക്കാരിനും , സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്കും ബയോമെഡിക്കൽ മാലിന്യ പരിപാലനത്തിനും അത്തരം മാലിന്യത്തിൽ നിന്നുള്ള ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിനും അത്തരം മാലിന്യത്തിന്റെ ശരിയായ കയ്യൊഴിക്കലിനുമായി, അവർ ആവശ്യമെന്ന കരുതുന്ന, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും കൂടാതെ അവ ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറും മുഖേന നിർവ്വഹിക്കുന്നതിനും നടപ്പാക്കുന്നതിനും നിറവേറ്റുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്.

(2) ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രയോഗ രീതികൾ പാലിക്കുന്നതിന് ഓരോ മെഡിക്കൽ പ്രാക്റ്റീഷണറും പൊതു, സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നുംതന്നെ 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്റ്റിലെ (1986-ലെ 29-ാം ആക്റ്റ്) 6-ഉം 25-ഉം വകുപ്പുകളിലെ വ്യവസ്ഥകളെ ലംഘിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത ഏത് മെഡിക്കൽ പ്രാക്റ്റീഷണറും പൊതുവോ, സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ വിനിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

51. രക്തബാങ്കുകളും പകർച്ചവ്യാധി നിയന്ത്രണവും.— (1) സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർക്ക് രക്തബാങ്കുകളുടെ പരിപാലനത്തിനായി ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും, കൂടാതെ രക്തപ്പകർച്ചയിലൂടെ ഉണ്ടാകുന്ന ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിന് നടപടി എടുക്കുന്നതിനും, അവ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറിലൂടേയോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറിലൂടേയോ നടപ്പാക്കുന്നതിനും, നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) രക്തബാങ്കുകൾ നടത്തുന്നതിലും, രക്തദാനത്തിനും, രക്തം നൽകുന്നതിനും, സ്വീകരിക്കുന്നതിനുംവേണ്ടി (1)-ാം ഉപവകുപ്പിൻ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രയോഗ രീതികൾ പാലിക്കുന്നതിന് ഓരോ മെഡിക്കൽ പ്രാക്റ്റീഷണറും പൊതു,സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമായിരിക്കും.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത ഓരോ മെഡിക്കൽ പ്രാക്റ്റീഷണറും പൊതുവോ, സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും 65-ാം വകുപ്പിൽ നിർദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

## അദ്ധ്യായം 8

## വെക്ടറിന്റെ നിയന്ത്രണം

52. പ്രാണികളെയും മറ്റ് വെക്ടറുകളെയും നിയന്ത്രിക്കുന്നതിന് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ ചുമതലകൾ.—(1) സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ**[***]** ഉടമസ്ഥയോ കൈവശക്കാരിയോ പ്രാണികളുടെ പ്രജനനം തടയുന്നതിനുള്ള നടപടികൾ സ്വയം കൈക്കൊള്ളേണ്ടതും, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറോ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ നിർദ്ദേശിക്കുന്ന പക്ഷം അതിൽ പറയുന്ന തരത്തിലുള്ള നടപടികൾ നിർവ്വഹിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'പ്രാണികൾ' എന്ന പദത്തിൽ കൊതുകുകൾ, ഈച്ചകൾ, പേൻ, [***] മണലീച്ച, ടിക്ക്, മൈറ്റ്, ഫ്ലീ വിഭാഗങ്ങളിലുള്ള ചെള്ളുകൾ തുടങ്ങിയവ ഉൾപ്പെടുന്നതാകുന്നു.

(2) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ പ്രാണികളുടെ പ്രജനനത്തിനുള്ള കാരണമോ കാരണങ്ങളോ കണ്ടെത്തി അവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപ്രകാരമുള്ള കാരണമോ കാരണങ്ങളോ തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സാധിക്കാതെ വരികയാണെങ്കിൽ ആയത് സംബന്ധിച്ച് പ്രാദേശിക പൊതുജനാരോഗ്യ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**[***]**

53. ചെറുതും വലുതുമായ വെള്ളക്കെട്ടുകളിലും ജലശേഖരങ്ങളിലും കൊതുകുകളുടെയും മറ്റു പ്രാണികളുടെയും പ്രജനനം തടയൽ.—(1) ഏതൊരാളോ സ്ഥാപനമോ താഴെപ്പറയുന്ന കാര്യങ്ങൾക്ക് കാരണമാകുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല, അതായത്:—

(i) **[***]** കൊതുകുകൾ പ്രജനനം നടത്തുന്നതോ പ്രജനനം നടത്താൻ സാധ്യതയുള്ളതോ ആയ വെള്ളക്കെട്ടുകളോ നിശ്ചല ജലശേഖരങ്ങളോ നിലനിർത്തുക;

(ii) മണലീച്ചകളുടെയും കൊതുകുകളുടെയും പ്രജനനത്തിന് കാരണമാകുന്ന വിധം മലീമസമായ രീതിയിൽ മൃഗങ്ങളെ സംരക്ഷിക്കുക;

(iii) പൊതുജനാരോഗ്യ ഭീഷണി ഉയർത്തുന്ന തരത്തിൽ വളർത്തു മൃഗങ്ങളിൽ ചെള്ളുകളുടെ സാന്നിദ്ധ്യം കാണപ്പെട്ടാൽ അതു നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ പ്രവൃത്തികളിൽ വിമുഖത കാണിക്കുക;

(iv) സ്വന്തം ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള പ്രദേശം പരിപാലിക്കാതെ ചെള്ളുപനി, പനി(സ്ക്രബ് ടൈഫസ്) രോഗം ഉണ്ടാക്കുന്ന മൈറ്റുകൾ ഉൾപ്പെടെയുള്ള പ്രാണികളുടെ വർദ്ധനവിന് കാരണമാകുക;

(v) സ്വന്തം ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള തോട്ടം,പ്ലാന്റേഷൻ മേഖലയിൽ ചിരട്ടകളിലും പാളകളിലും മറ്റും വെള്ളം കെട്ടിനിൽക്കുന്നത് തടയുകയോ ഒഴിവാക്കുകയോ ചെയ്യാതിരിക്കുക;

(vi) കൊതുക്, മണലീച്ച, മറ്റു ചെള്ളുകൾ എന്നിവയുടെ പ്രജനനം അല്ലെങ്കിൽ പ്രജനന സാധ്യതയിലൂടെയുള്ള പൊതുജനാരോഗ്യ അപകടങ്ങൾ കണക്കിലെടുത്ത് ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങൾ അവഗണിക്കുക.

(2) ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കും.

54. രോഗം പരത്തുന്ന വെക്ടറുകളുടെ പ്രജനനം തടയൽ.— (1) പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ, വെക്ടറുകൾ പ്രജനനം നടത്തുന്നതോ നടത്തുവാൻ സാധ്യതയുള്ളതോ ആയ ഏതൊരു സ്ഥലത്തിന്റെ ഉടമസ്ഥയോടോ കൈവശക്കാരിയോടോ, നോട്ടീസിൽ പറഞ്ഞിട്ടുള്ളതായ സമയത്തിനകം, സാഹചര്യത്തിനനുയോജ്യമാണെന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ കരുതുന്ന അംഗീകൃത മാർഗ്ഗങ്ങളിലൂടെ, വെക്ടറുകളുടെ പ്രജനനം തടയാൻ ആവശ്യപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന സ്ഥലം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അധീനതയിലുള്ളതാണെങ്കിൽ ബന്ധപ്പെട്ട ഓഫീസിന്റെ മേലുദ്യോഗസ്ഥയെ മുൻകൂറായി കാര്യങ്ങൾ ധരിപ്പിക്കേണ്ടതും നടപടികൾ സ്വീകരിക്കുവാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്.

(3) തന്റെ പരിധിയിൽ ഉള്ള ഏതെങ്കിലും പ്രദേശത്ത് കാസനൂർ ഫോറസ്റ്റ് രോഗം (കുരങ്ങുപനി) കണ്ടെത്തുന്ന സാഹചര്യമോ അകാരണമായ കുരങ്ങുമരണമോ ശ്രദ്ധയിൽപ്പെട്ടാൽ പ്രാണികളുടെ നിയന്ത്രണത്തിനാവശ്യമായ പ്രവർത്തനങ്ങൾ പബ്ലിക് ഹെൽത്ത് ഓഫീസർ ഉടനടി നിർവ്വഹിക്കേണ്ടതാണ്.

(4) തന്റെ പരിധിയിലുള്ള ഒരു പ്രദേശത്ത് കാല അസാർ കണ്ടെത്തുന്ന പക്ഷം പബ്ലിക് ഹെൽത്ത് ഓഫീസർ മണലീച്ചകളെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി നടത്തേണ്ടതാണ്.

55. വീഴ്ചവരുത്തുന്ന സംഗതിയിൽ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ അധികാരങ്ങൾ.— [***] 54-ാം വകുപ്പിൻ കീഴിൽ നോട്ടീസ് ലഭിച്ച വ്യക്തി അതിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനകം അത്തരം നോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിയെടുക്കാനോ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കാനോ പരാജയപ്പെടുകയോ നിരസിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് നേരിട്ട് അത്തരം നടപടികൾ സ്വീകരിക്കുകയോ അവലംബിക്കുകയോ ചെയ്യാവുന്നതാണ്.

[***]

56. വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് സംരക്ഷണം.—(1) ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ നിർദ്ദേശത്തിൽ ഒരു ഉദ്യോഗസ്ഥയോ, വെക്ടറുകളുടെ പ്രജനനം തടയുക എന്ന ലക്ഷ്യത്തോടെ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിയില്ലായെങ്കിൽ അത്തരം സ്ഥലത്തോ കെട്ടിടത്തിലോ വരുത്തുന്ന മാറ്റങ്ങളെയോ, നടപ്പാക്കിയ ജോലികളെയോ, സ്വീകരിച്ച ഉപാധികളെയോ പ്രസ്തുത ഇടത്തിന്റെ തൽസമയത്തെ ഉടമസ്ഥയോ, കൈവശക്കാരിയോ, തടസ്സപ്പെടുത്തുകയോ, നശിപ്പിക്കുകയോ ചെയ്യുവാനോ, ദുർബലപ്പെടുത്തുവാനുള്ള സാധ്യതയ്ക്ക് കാരണമാവുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥരായിരിക്കും.

57. ദുരന്തഫലമായുണ്ടാകുന്ന പ്രാണിജന്യ പകർച്ചവ്യാധികളുടെയോ വിജ്ഞാപനപ്പെടുത്താവുന്ന പകർച്ചവ്യാധികളുടെയോ തടയലും കൈകാര്യം ചെയ്യലും.—(1)പ്രകൃതി ക്ഷോഭങ്ങളുടെയോ മറ്റു ദുരന്തങ്ങളുടെയോ ഫലമായുണ്ടാകുന്ന [***] പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ അടക്കമുള്ള രോഗങ്ങളെ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായേക്കാവുന്ന എല്ലാ [***] നടപടികളും സംസ്ഥാന, ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ സ്വീകരിക്കേണ്ടതാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് (2005-ലെ നമ്പർ 53)-ലെ വ്യവസ്ഥകൾ ലംഘിക്കുന്നതാകരുത്.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരമുള്ള അവസ്ഥകളിൽ ജലജന്യ-പ്രാണിജന്യ-ജന്തുജന്യ രോഗങ്ങൾ തടയുന്നതിലേയ്ക്കായി പൊതുജനാരോഗ്യ സമിതികൾ അതത് തലങ്ങളിലുള്ള പബ്ലിക്ക് ഹെൽത്ത് ഓഫീസർമാർ വിളിച്ച് ചേർക്കേണ്ടതും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരം ജലജന്യ-പ്രാണിജന്യ-ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പബ്ലിക്ക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരായിരിക്കും.

**[***]**

അദ്ധ്യായം 9

## സാമൂഹിക ഒത്തുകൂടലുകളും പൊതുജനാരോഗ്യവും

58. സാമൂഹിക ഒത്തുകൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റു ക്രമീകരണങ്ങളും.—(1) സാമൂഹിക ഒത്തുകൂടലുകൾ വിളിച്ചുചേർക്കുകയോ നടത്തുകയോ ചെയ്യുന്ന വ്യക്തിയോ വ്യക്തികളോ സ്ഥാപനമോ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്, അതായത്:—

(i) അത്തരം സാഹചര്യങ്ങളിൽ തിക്കും തിരക്കുംമൂലം ഉണ്ടാകാൻ ഇടയുള്ള അപകടങ്ങളും മറ്റും ഒഴിവാക്കുന്നതിലേക്കായി എത്തിച്ചേരുന്ന അല്ലെങ്കിൽ എത്തിച്ചേരാൻ ഇടയുള്ള ആളുകളുടെ എണ്ണത്തിന് അനുസൃതമായ സ്ഥലസൗകര്യങ്ങളും ആവശ്യത്തിന് വായു സഞ്ചാരമുള്ള ഇടങ്ങളും;

(ii) അത്തരം ഒത്തുകൂടലുകളുടെ ഭാഗമായി ഭക്ഷണം നൽകുന്നുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷയും വൃത്തിയും ശുചിത്വവും ;

(iii) സുരക്ഷിത കുടിവെള്ളം;

(iv) അടിയന്തര ആരോഗ്യ സേവനങ്ങൾ ;

(v) സാമൂഹിക ഒത്തുകൂടലിന്റെ ഇടങ്ങളിൽ ആവശ്യാനുസരണം ശുചിമുറികൾ ഉണ്ടെന്നും അവിടെ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്നും .

(2) സാമൂഹിക ഒത്തുകൂടലുകൾക്കായി,

(i) നിർമ്മിക്കപ്പെട്ടിട്ടുള്ള ഹാളുകൾ, ഓഡിറ്റോറിയങ്ങൾ മുതലായ ഇടങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലെ വെള്ളത്തിന്റെ പരിശോധന ഉടമസ്ഥയോ കൈവശം ഉള്ള വ്യക്തിയോ വ്യക്തികളോ നടത്തേണ്ടതും കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്;

(ii) സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്ന ഇടങ്ങളിൽ ഉടമസ്ഥയോ കൈവശം ഉള്ള വ്യക്തിയോ വ്യക്തികളോ ആവശ്യമായ ശുചിമുറികൾ ക്രമീകരിക്കുന്നു എന്നുള്ളതും ശുചിമുറി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്നുള്ളതും ഉറപ്പാക്കേണ്ടതാണ്.

(3) പൊതുജനാരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്, അതായത്:-

(i) തത്സമയം നിലവിലുള്ളതോ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മുന്നറിയിപ്പ് ഉള്ളതോ ആയ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള ക്രമീകരണവും സംവിധാനവും;

(ii)നൽകുന്നത് ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ആണെന്നത് സംബന്ധിച്ച പരിശോധനകൾ;

(iii) അടിയന്തര ആരോഗ്യ സേവനങ്ങൾക്ക് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്നുള്ളത്;

(iv) അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ആശുപത്രികളെ സജ്ജമാക്കൽ.

(4) (1), (2) എന്നീ ഉപവകുപ്പുകളിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകളോ, വ്യവസ്ഥകൾക്ക് അനുസൃതമായി പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങളോ പാലിച്ചില്ലെങ്കിൽ 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കും.

59. ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം.— (1) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ അഭിപ്രായത്തിൽ, സാമൂഹ്യ ഒത്തുകൂടലുകൾക്ക് വിതരണം ചെയ്യുന്ന ജലം വ്യക്തികളെയോ സമൂഹത്തെയോ അപകടപ്പെടുത്താനോ രോഗം പടർത്താനോ സാധ്യതയുള്ളതാണെങ്കിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ അതിന്റെ നിയന്ത്രണമുള്ള ഉടമസ്ഥയോടോ മറ്റ് വ്യക്തിയോടൊ, അത്തരം ജലവിതരണം നിർത്തിവയ്ക്കുവാനോ അണുവിമുക്തമാക്കുവാനോ നിർദ്ദേശം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും, വ്യക്തിയും 65-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്.

60. സാമൂഹിക ഒത്തുകൂടൽ വിജ്ഞാപനം ചെയ്യൽ.— (1) സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെയോ സർക്കാർ പൊതുവായോ പ്രത്യേകിച്ചോ അധികാരപ്പെടുത്തിയ പ്രകാരം മറ്റ് അധികാരസ്ഥാനങ്ങൾക്ക് ഉത്തരവ് വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെയോ ഏതെങ്കിലും സാമൂഹിക ഒത്തുകൂടലുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ ഉത്സവമേഖലയായി അതിൽപ്പറയുന്ന കാലയളവിലേക്ക് പ്രഖ്യാപിക്കാവുന്നതും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്താവുന്നതുമാണ്.

(2) ഇപ്രകാരം ഏർപ്പെടുത്തപ്പെട്ട നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഏതൊരാളും 65 ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന പിഴയ്ക്ക് ബാധ്യസ്ഥയായിരിക്കുന്നതാണ്.

അദ്ധ്യായം 10

## വയോജനങ്ങൾ, കിടപ്പുരോഗികൾ, മാരകരോഗമുള്ളവർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് വേണ്ടിയുള്ള ആരോഗ്യപരിപാലന പരിപാടി

61. ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർക്ക് ലഭിക്കേണ്ട പരിഗണനയും മുൻഗണനയും.—(1) വയോജനങ്ങൾ, കിടപ്പുരോഗികൾ, മാരകരോഗമുള്ളവർ, ഭിന്നശേഷിക്കാർ തുടങ്ങി പ്രത്യേക പരിഗണനയും ശ്രദ്ധയും ആവശ്യമുള്ള ജനവിഭാഗങ്ങൾക്ക് പകർച്ചവ്യാധി പ്രതിരോധത്തിന്റെയും പൊതുജനാരോഗ്യ സംരക്ഷണത്തിന്റെയും ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങളും സേവനങ്ങളും ലഭ്യമാകുന്നു എന്ന് പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പരിപാടികളും ജില്ലാതലത്തിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും സംസ്ഥാനതലത്തിൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും അവലോകനം ചെയ്യേണ്ടതാണ്. സാന്ത്വന പരിചരണം ഉൾപ്പെടെയുള്ള സർക്കാരിന്റെ ആരോഗ്യപരിപാലന പരിപാടികൾ അതത് ജനവിഭാഗങ്ങൾക്കിടയിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്നതും ഉറപ്പാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാകുന്നുണ്ടോ എന്നുള്ളത് ജില്ലാ തലത്തിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസറും സംസ്ഥാന തലത്തിൽ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറും ഉറപ്പ് വരുത്തേണ്ടതാണ് .

അദ്ധ്യായം 11

## സാംക്രമികേതര രോഗങ്ങളുടെ നിയന്ത്രണം

62. സാംക്രമികേതര രോഗങ്ങളുടെ നിയന്ത്രണം.— (1) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി ' സാംക്രമികേതര രോഗം' എന്നാൽ 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെ (സി),(ഐ) എന്നീ ഖണ്ഡങ്ങളിലെ നിർവ്വചനങ്ങളിൽ ഉൾപ്പെടാത്ത പകരാത്ത രോഗങ്ങൾ അല്ലെങ്കിൽ അവസ്ഥകൾ എന്ന് അർത്ഥമാക്കുന്നു.

(2) വിട്ടുമാറാത്ത രോഗം എന്നാൽ താഴെപ്പറയുന്നവയിൽ ഒന്നോ അതിലധികമോ ഉൾപ്പെടുന്ന പകർച്ചവ്യാധിയല്ലാത്തതും സാധാരണയിൽ നിന്ന് വ്യതിയാനവുമുള്ള അവസ്ഥകൾ എന്ന് അർത്ഥമാക്കുന്നു.

(i) രോഗത്തെയോ അപകടത്തെയോ തുടർന്നുണ്ടാകുന്ന സ്ഥിരമായ വൈകല്യം;

(ii) രോഗത്തെയോ അപകടത്തെയോ തുടർന്ന് അവശേഷിക്കുന്ന ബലഹീനത;

(iii) തിരിച്ചറിയാനാകാത്ത രോഗാവസ്ഥ മൂലമുണ്ടാകുന്ന ബലഹീനത;

(iv) പുനരധിവാസത്തിനായി പ്രത്യക പരിശീലനം ആവശ്യമുള്ള അവസ്ഥ; കൂടാതെ

(v) ഭേദമാകുന്നതിന് ദീർഘകാല മേൽനോട്ടവും നിരീക്ഷണവും ആവശ്യമുള്ളവ.

(3) താഴെപ്പറയുന്നവ സാധാരണഗതിയിൽ സാംക്രമികേതര രോഗങ്ങളായി കരുതപ്പെടും, അതായത്:—

(i) പ്രമേഹം;

(ii) രക്താതിമർദ്ദം (ഹൈപ്പർ ടെൻഷൻ);

(iii) അർബുദം;

(iv) ദീർഘകാല ശ്വാസകോശ രോഗം;

(v) ദീർഘകാല വൃക്കരോഗം;

(vi) അന്ധത;

(vii) ഹൃദ്രോഗം;

(viii) അൽഷിമേഴ്സ് രോഗം ഉൾപ്പെടെയുള്ള മറവിരോഗങ്ങൾ;

(ix) അപകടങ്ങൾ മൂലമുണ്ടാകുന്ന പരിക്കുകൾ;

(x) മസ്കുലോ - സ്കെലിട്ടൽ രോഗങ്ങളും സന്ധിവാതവും;

(xi) നാഡീസംബന്ധമായ രോഗങ്ങൾ;

(xii) അമിതവണ്ണം;

(xiii) മാനസികരോഗം;

(xiv) റുമാറ്റിക് ഹൃദ്രോഗം;

(xv) പക്ഷാഘാതം;

(xvi) കരൾ രോഗങ്ങൾ;

(xvii) ജനിതക രോഗങ്ങൾ.

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കനുസരണമായ മറ്റേതൊരു രോഗത്തെയും സർക്കാരിന് സാംക്രമികേതര രോഗമായി വിജ്ഞാപനം ചെയ്യാവുന്നതും ഏതെങ്കിലും രോഗങ്ങൾ സാംക്രമികമല്ല എന്ന് കരുതുന്നപക്ഷം അവ വിജ്ഞാപനത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്.

(5) സർക്കാർ, സാംക്രമികേതര രോഗങ്ങളുടെ നിയന്ത്രണത്തിനായി ആരോഗ്യദായക, പ്രതിരോധ, രോഗ ചികിത്സാ, പുനരധിവാസ, സാന്ത്വന പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവരികയും ആ മാർഗ്ഗനിർദേശങ്ങൾ പബ്ലിക് ഹെൽത്ത് ഓഫീസർമാരും ആരോഗ്യപരിരക്ഷാദാതാക്കളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സർക്കാർ പകർച്ചവ്യാധിയല്ലാത്ത രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നയങ്ങൾ ആസൂത്രണം ചെയ്യുകയും രൂപീകരിക്കുകയും, അത്തരം നയങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്ക് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ മുഖേന ആരോഗ്യപരിരക്ഷാദാതാക്കൾക്ക് പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

(6) പ്രദേശത്തെ ജനങ്ങളുടെ നിലവിലുള്ള ആരോഗ്യാവസ്ഥകൾക്ക് വിധേയമായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ സാംക്രമികേതര രോഗങ്ങളുടെ തടയലിനും നിയന്ത്രണത്തിനുമായി സർക്കാർ രൂപീകരിച്ച നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കേണ്ടതാണ്. ആരോഗ്യകരമായ ശീലങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു എന്നും പ്രദേശത്തെ ജനങ്ങളുടെ അത്തരം ജീവിതശൈലി പിൻതുടരാനുള്ള ഭൗതിക സാഹചര്യം നിലനിർത്തുന്നുവെന്നും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

(7) **[***]** വിശദീകരിച്ചിരിക്കുന്ന പ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർമാർ പ്രാഥമിക പ്രതിരോധം, ദ്വിതീയ പ്രതിരോധം, തൃതീയ പ്രതിരോധം എന്നിവയിലൂടെ സാംക്രമികേതര രോഗങ്ങളുടെ തടയലും നിയന്ത്രണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതായത്,—

(i) പ്രാഥമിക പ്രതിരോധത്തിൽ,

(എ) വീടിനകത്തും പുറത്തുമുള്ള വായു മലിനീകരണം തടയൽ;

(ബി) വ്യായാമത്തിന് വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ;

(സി) ആരോഗ്യകരമായ ഭക്ഷണവും ഭക്ഷണശീലങ്ങളും പ്രോത്സാഹിപ്പിക്കൽ;

(ഡി) ആരോഗ്യകരമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ;

(ഇ) പൊതുജനങ്ങളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കൽ;

(എഫ്) ലഹരിമുക്ത പ്രവർത്തനങ്ങളും അതിനായുള്ള ബോധവത്കരണവും;

(ജി) മറ്റ് ആരോഗ്യദായക പ്രവർത്തനങ്ങൾ; എന്നിവയും

(ii) ദ്വിതീയ പ്രതിരോധത്തിൽ,

(എ) മുൻകൂട്ടിയുള്ള രോഗ നിർണ്ണയവും ശരിയായ ചികിത്സയും;

(ബി) കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധനകൾ നടത്തുക;

(സി) ആന്റിബയോട്ടികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം നിയന്ത്രിക്കുന്നതും ഒഴിവാക്കുന്നതും; എന്നിവയും

(iii) തൃതീയ പ്രതിരോധത്തിൽ,

(എ) ശാരീരികവും മാനസികവുമായ പുനരധിവാസ പദ്ധതികൾ;

(ബി) സാന്ത്വന പരിചരണം ;

(സി) തൊഴിൽപരമായ പുനരധിവാസം; എന്നിവയും ഉൾപ്പെടുന്നു.

**[***]**

(8) പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്, അതായത്:—

(i) ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ജനകീയ കൂട്ടായ്മകളിലൂടെ ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കി വ്യായാമത്തിനും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ജീവിതശൈലികൾ മാറ്റുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ;

(ii) ശാരീരികവും മാനസികവുമായ ഉന്മേഷത്തിനും ആരോഗ്യ സംരക്ഷണത്തിനും യോഗ പരിശീലനവും യോഗാഭ്യാസവും;

(iii) ആരോഗ്യ പരിശോധനകളിൽ ജീവിതശൈലീ രോഗങ്ങൾ വരാൻ സാധ്യതയുള്ളവരെ കണ്ടെത്തിയാൽ, രോഗപ്രതിരോധത്തിന് ആവശ്യമായ ആഹാരക്രമീകരണവും ജീവിതശൈലീ മാറ്റങ്ങളും;

(iv) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗംകൊണ്ട് വ്യക്തിയിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ ഗുരുതര രോഗാവസ്ഥകളുടെ ബോധ്യപ്പെടുത്തലും ബോധവത്ക്കരണവും;

(v) സാംക്രമികേതര രോഗങ്ങൾ ഉള്ളവരെയും രോഗസാധ്യതയുള്ളവരെയും കണ്ടെത്തുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം;

(vi) ആരോഗ്യസംബന്ധമായ ശാസ്ത്രീയമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ;

(vii) ഹൃദയാഘാതം, തീപ്പൊള്ളൽ തുടങ്ങിയ സാഹചര്യങ്ങളിൽ നല്കേണ്ട അനിവാര്യമായ പ്രഥമ ശുശ്രൂഷ സംബന്ധിച്ച് ആരോഗ്യപ്രവർത്തകർക്കും മറ്റുള്ളവർക്കും പരിശീലനം;

(viii) സ്കൂൾ ആരോഗ്യപദ്ധതിയിൽ സർക്കാർ നിർദ്ദേശിക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും .

**[***]**

അദ്ധ്യായം 12

**പലവക**

63. സമിതിയുടെ യോഗങ്ങൾ.—(1) സമിതി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ അദ്ധ്യക്ഷ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്. യോഗത്തിന്റെ ക്വാറവും നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) അടിയന്തിര സാഹചര്യങ്ങളിൽ അദ്ധ്യക്ഷയുടെ നിർദ്ദേശപ്രകാരം മെമ്പർ സെക്രട്ടറി സമിതിയുടെ യോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതാണ്.

(3) യോഗങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതും ഏതെങ്കിലും ഒഴിച്ചുകൂടാനാവാത്ത കാരണത്താൽ ഒരംഗത്തിന് സമിതിയുടെ ഏതെങ്കിലും യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അംഗം ആ വിവരം സമിതിയുടെ അദ്ധ്യക്ഷയെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതും അദ്ധ്യക്ഷയുടെ അനുമതിയോടെ ആ അംഗത്തിനെ പ്രതിനിധീകരിച്ച് ഉത്തരവാദിത്വപ്പെട്ട മറ്റൊരു ഉദ്യോഗസ്ഥയ്ക്ക് ആ യോഗത്തിൽ പങ്കെടുക്കാവുന്നതുമാണ്.

(4) യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന വിഷയവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകളുടെ ഉദ്യോഗസ്ഥരെയോ വിഷയവിദഗ്ധരെയോ അദ്ധ്യക്ഷയുടെ അനുമതിയോടെ ക്ഷണിതാക്കളാക്കാവുന്നതാണ്.

64. നോട്ടീസുകളും ഉത്തരവുകളും നൽകുന്ന രീതി.—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ ഉത്തരവുകളോ പ്രകാരമോ നോട്ടീസ് നൽകേണ്ടിവരുമ്പോൾ അത്തരം നോട്ടീസ് അല്ലെങ്കിൽ ഉത്തരവ് രേഖാമൂലമായിരിക്കേണ്ടതും, അത്,—

(എ) അത്തരം വ്യക്തിയ്ക്ക് നൽകുകയോ ഏൽപ്പിക്കുകയോ ചെയ്തുകൊണ്ടോ; അല്ലെങ്കിൽ

(ബി) അത്തരം വ്യക്തിയെ കണ്ടെത്തിയില്ലെങ്കിൽ അവരുടെ ഒടുവിലെത്തേതായി അറിയപ്പെടുന്ന വാസസ്ഥലത്തോ തൊഴിലിടത്തോ കൊടുത്തുകൊണ്ടോ അല്ലെങ്കിൽ അവരുടെ കുടുംബത്തിലെ പ്രായപൂർത്തിയായ അംഗത്തിന് നൽകിക്കൊണ്ടോ ഏൽപ്പിച്ചുകൊണ്ടോ; അല്ലെങ്കിൽ

(സി) അത്തരം വ്യക്തി ആ പ്രദേശത്ത് താമസിക്കുന്നില്ലായെങ്കിലും അവരുടെ മറ്റെവിടെയെങ്കിലുമുള്ള വിലാസം അറിയാമെങ്കിൽ ആയത് രജിസ്റ്റേർഡ് തപാൽ വഴി ആ വിലാസത്തിൽ അവർക്ക് അയച്ചുകൊണ്ടും; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഒന്നും ലഭ്യമല്ലെങ്കിൽ അത്തരം വാസസ്ഥലത്തിന്റെയോ തൊഴിലിടത്തിന്റെയോ പ്രകടമായി കാണാവുന്ന ഏതെങ്കിലും ഭാഗത്ത് പതിച്ചുകൊണ്ടോ, നൽകേണ്ടതാണ്.

(2) ഒരു വ്യക്തി ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥയോ കൈവശക്കാരിയോ ആയിരിക്കുമ്പോൾ ആ നോട്ടീസിൽ അല്ലെങ്കിൽ ഉത്തരവിൽ ആ ഉടമസ്ഥയുടെയോ കൈവശക്കാരിയുടെയോ പേര് പറഞ്ഞിരിക്കേണ്ട ആവശ്യമുള്ളതും കൂട്ടുടമസ്ഥരുടെയും കൂട്ടുകൈവശക്കാരുടെയും സംഗതിയിൽ അത്തരത്തിലുള്ള ഉടമസ്ഥരിലോ കൈവശക്കാരിലോ ഒരാൾക്ക് അത് നൽകിയാൽ മതിയാകുന്നതുമാണ്.

65. ശിക്ഷകൾ.—(1) 15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിലെയും 18-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പിലെയും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലെയും വ്യവസ്ഥകളൊഴികെ ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തി അല്ലെങ്കിൽ സ്ഥാപനം താഴെ പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന പിഴ ശിക്ഷയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതാണ്, അതായത്:—

<u>പട്ടിക</u>

| ക്രമ നമ്പർ | വകുപ്പ് | കുറ്റം | പിഴ തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 15 | (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനയ്യായിരം രൂപയിൽ കുറയാത്തതും മുപ്പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 2 | 19 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസറോ അദ്ദേഹം ചുമതല പ്പെടുത്തുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥയോ നൽകുന്ന നോട്ടീസിലെ നിർദ്ദേശങ്ങൾ പാലിച്ചില്ലായെങ്കിൽ | പതിനായിരം രൂപയിൽ കുറയാത്തതും ഇരുപതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 3 | 23 | (1)-ാം ഉപവകുപ്പ് പ്രകാരം പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ | മൂവ്വായിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 4 | 28 | (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുക | പരമാവധി ഇരുപത്തയ്യായിരം രൂപ |
| 5 | 31 | (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനായിരം രൂപയിൽ കവിയാത്തതായ തുക |
| 6 | 33 | (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ സാക്ഷ്യപത്രം നൽകുന്നതിന് മതിയായ കാരണമില്ലാതെ വിസമ്മതിക്കുകയോ, (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരത്തിൽ ചികിത്സിക്കാതെ സാക്ഷ്യപത്രം നൽകുകയോ | പതിനായിരം രൂപയിൽ കവിയാത്തതായ തുക |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | 34 | (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നിരോധനം ലംഘിക്കുക | അയ്യായിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 8 | 35 | (i) (1)-ാം ഉപവകുപ്പനുസരിച്ച് ആശുപത്രിയിലേയ്ക്കോ സ്ഥലത്തേയ്ക്കോ ഒരു രോഗിയെ മാറ്റുന്നത് തടയുക.<br>(ii) (2)-ാം ഉപവകുപ്പിന് വിരുദ്ധമായി ആശുപത്രിയിൽ നിന്നും/മറ്റ് സ്ഥലത്ത് നിന്ന് വിട്ടുപോകുക അല്ലെങ്കിൽ കൊണ്ടുപോകുക. | (i) ആയിരം രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ തുക<br>(ii)ആയിരം രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്ത തുമായ തുക |
| 9 | 36 | വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി ഉള്ള വ്യക്തി അല്ലെങ്കിൽ അപ്രകാരമുള്ള വ്യക്തിയുടെ പരിചരണ ചുമതലയുള്ള വ്യക്തി 36(1)-ാം വകുപ്പിൽ പറയുന്ന സ്ഥലങ്ങളിൽ തന്റെ/രോഗിയുടെ സാന്നിദ്ധ്യം ഉണ്ടാക്കുക അല്ലെങ്കിൽ അപ്രകാരമുള്ള പ്രവൃത്തി ചെയ്യുക | പരമാവധി രണ്ടായിരം രൂപ |
| 10 | 37 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 11 | 40 | (1)-ാം ഉപവകുപ്പ് പ്രകാരം പബ്ലിക് ഹെൽത്ത് ഓഫീസർ നൽകുന്ന ഉത്തരവ് ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 12 | 41 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 13 | 42 | (1)-ാം ഉപവകുപ്പിൻ കീഴിൽ ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിനെ ലംഘിച്ച് സാമൂഹിക ഒത്തുകൂടൽ നടത്തുക | പരമാവധി ഇരുപത്തയ്യായിരം രൂപ |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 45 | (i) (1)-ാം ഉപവകുപ്പിൽ മൂഷിക വർഗ്ഗത്തിനെയും നായ്ക്കളെയും മറ്റ മൃഗങ്ങളെയും ആകർഷിക്കുന്ന വിധത്തിൽ പരിസരത്ത് മാലിന്യങ്ങൾ തള്ളുക, കാടും മറ്റും വളരുവാൻ അനുവദിക്കുക<br>(ii )(3)-ാം ഉപവകുപ്പിൽ വളർത്തു നായ്ക്കൾക്കും/ വളർത്തു പൂച്ചകൾക്കും പേവിഷ ബാധയ്ക്കെതിരെ കൃത്യമായി വാക്സിനേഷൻ ചെയ്യാതിരിക്കുക. | (i) പരമാവധി അയ്യായിരം രൂപ<br>(ii)പരമാവധി രണ്ടായിരം രൂപ |
| 15 | 48 | (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |
| 16 | 49 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക | പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപയിൽ കവിയാത്തതുമായ തുക |
| 17 | 50 | (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക | പതിനായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപയിൽ കവിയാത്തതുമായ തുക |
| 18 | 51 | (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക | പരമാവധി ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന തുക |
| 19 | 53 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനായിരം രൂപവരെയാകാവുന്ന തുക |
| 20 | 56 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനായിരം രൂപ |
| 21 | 58 | (1), (2) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുക. | പതിനായിരം രൂപയിൽ കവിയാത്ത തായ തുക |
| 22 | 59 | (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുക. | പരമാവധി പതിനയ്യായിരം രൂപ |
| 23 | 60 | (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത ഉത്തരവിലെ നിയന്ത്രണങ്ങൾ ലംഘിക്കുക | പരമാവധി പതിനായിരം രൂപ |

(2) (1)-ാം ഉപവകുപ്പിലെ പട്ടികയിലെ 2-ഉം 3-ഉം കോളങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കുറ്റങ്ങൾക്ക് ഒരു വ്യക്തി അല്ലെങ്കിൽ സ്ഥാപനം ഒരു പ്രാവശ്യം ശിക്ഷിക്കപ്പെട്ടതിനു ശേഷമോ അല്ലെങ്കിൽ ആ കുറ്റം രാജിയാക്കപ്പെട്ടതിനു ശേഷമോ വീണ്ടും ആ കുറ്റം ആവർത്തിക്കുകയാണെങ്കിൽ (4)-ാം കോളത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന തുകയുടെ ഇരട്ടി തുകയ്ക്ക് ശിക്ഷാർഹനായിരിക്കുന്നതാണ്.

66. കുറ്റങ്ങൾക്ക് നടപടിയെടുക്കൽ.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്ത് മൂന്ന് മാസത്തിനകം, പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെയോ ഇതിലേയ്ക്കായി പ്രകടമായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥയുടെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും അപ്രകാരമുള്ള ഒരു കുറ്റം വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

(2) പതിനഞ്ചാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും പ്രകാരമുള്ള കുറ്റങ്ങൾ ഒഴികെ ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ കോഗ്നിസൈബിൾ അല്ലാത്തതും ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയാൽ വിചാരണ ചെയ്യപ്പെടേണ്ടതുമാണ്.

67. മജിസ്ട്രേറ്റിന്റെ പ്രത്യേക അധികാരിത.—1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ (1974-ാം 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ 15-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പും 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പും പ്രകാരമുള്ള കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയും, ഇരുപത്തയ്യായിരം രൂപ വരെയും പിഴ ശിക്ഷ നൽകാൻ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയ്ക്ക് അധികാരിതയുണ്ടായിരിക്കുന്നതാണ്.

68. കുറ്റങ്ങൾ രാജിയാക്കൽ.—(1) 1973-ലെ ക്രിമിനൽ നടപടി സംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിൽ തടവുശിക്ഷ മാത്രമായോ തടവുശിക്ഷയും പിഴയും കൂടിയോ വ്യവസ്ഥ ചെയ്തിരിക്കുന്ന കുറ്റങ്ങളൊഴികെയുള്ള ഏതു കുറ്റവും അപ്രകാരമുള്ള കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ, പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ, പ്രോസിക്യൂഷൻ ആരംഭിച്ചതിനു ശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടു കൂടിയോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്ക് ഈ ആക്റ്റിൻ കീഴിലെ ചട്ടങ്ങളിൽ നിർണ്ണയിച്ചിരിക്കുന്ന തുകയ്ക്ക് രാജിയാക്കാവുന്നതാണ്.

(2)(1)-ാം ഉപവകുപ്പ് പ്രകാരം രാജിയാക്കാവുന്ന കുറ്റങ്ങളെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ പ്രാദേശിക പൊതുജനാരോഗ്യ സമിതിയ്ക്ക് നൽകേണ്ടതാണ്.

(3) കുറ്റങ്ങൾ രാജിയാക്കുന്നതിനു വേണ്ടി നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(4) ഒരു കുറ്റം രാജിയാകുന്നത്, അത് സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനു മുമ്പാണെങ്കിൽ ആ കുറ്റവുമായി ബന്ധപ്പെട്ട് രാജിയിലേർപ്പെട്ട ആ വ്യക്തിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ രാജിയായതിനു ശേഷം ആ വ്യക്തി അതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ അപ്രകാരം ആവർത്തിക്കുന്ന കുറ്റത്തിന് പ്രോസിക്യൂഷൻ ആരംഭിക്കേണ്ടതും അത് രാജിയാക്കാൻ പാടില്ലാത്തതുമാകുന്നു.

69. അപ്പീലുകൾ.—ഈ ആക്ടിൽ വിനിർദ്ദേശിച്ചിരിക്കുന്ന സംഗതികളിൽ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ ജില്ലാ പൊതുജനാരോഗ്യ സമിതിക്കും, ജില്ലാ പബ്ലിക് ഹെൽത്ത് ഓഫീസറുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ സംസ്ഥാന പൊതുജനാരോഗ്യ സമിതിക്കും, സംസ്ഥാന പൊതുജനാരോഗ്യ സമിതിയുടെ തീരുമാനങ്ങളിന്മേലോ നടപടികളിന്മേലോ ഉള്ള അപ്പീൽ സർക്കാരിനും സമർപ്പിക്കാവുന്നതും ആയതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

70. റിവിഷൻ.—ജില്ലാ പൊതുജനാരോഗ്യ സമിതിയുടെ 69-ാം വകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന പൊതുജനാരോഗ്യ സമിതി മുമ്പാകെ റിവിഷൻ ഫയൽ ചെയ്യാവുന്നതും, ആയതിന്മേലുള്ള ആക്ഷേപം സർക്കാരിന് സമർപ്പിക്കാവുന്നതും, സർക്കാരിന്റെ ഇക്കാര്യത്തിലെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

71. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് പബ്ലിക് ഹെൽത്ത് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പൊതുജനാരോഗ്യ സമിതിയോ, ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ, എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതൊരു നടപടിക്കോ തീരുമാനത്തിനോ എതിരെ യാതൊരു വ്യവഹാരമോ അപേക്ഷയോ ഹർജിയോ പരിഗണനയ്ക്ക് എടുക്കുന്നതിന് യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

72. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് പബ്ലിക്

ഹെൽത്ത് ഓഫീസർക്കോ, അവർ അധികാരപ്പെടുത്തിയതനുസരിച്ച് പ്രവർത്തിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥക്കോ, പൊതുജനാരോഗ്യ സമിതിക്കോ, സമിതിയിലെ അംഗങ്ങൾക്കോ സെക്രട്ടറിക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

73. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

74. പബ്ലിക് ഹെൽത്ത് ഓഫീസർമാരും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—പൊതുജനാരോഗ്യ സമിതിയിലെ അംഗങ്ങളും പബ്ലിക് ഹെൽത്ത് ഓഫീസർമാരും അവർ ചുമതലപ്പെടുത്തിയതിനനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരു ഉദ്യോഗസ്ഥയും ജീവനക്കാരിയും ഈ ആക്റ്റിലെയും അതിൻകീഴിലുള്ള ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴോ, പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

75. സർക്കാരിനാൽ അധികാരം ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, വിജ്ഞാപനത്താലും അതിൽ വ്യക്തമാക്കുന്ന ഏതെങ്കിലും നിയന്ത്രണത്തിനും പരിമിതികൾക്കും വിധേയമായി, അതിന് ഈ ആക്റ്റ് പ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഒന്നോ അതിലധികമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഏതൊരാളെയും അധികാരപ്പെടുത്താവുന്നതും അതേരീതിയിൽ തന്നെ അത്തരം അധികാരം പിൻവലിക്കാവുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ 81-ാം വകുപ്പ് പ്രകാരം ഈ ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തിന് ബാധകമല്ല.

76. പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർക്കോ അവർ ചുമതലപ്പെടുത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥയ്ക്കോ, വ്യക്തികളുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭംഗം വരാത്ത രീതിയിൽ, ഏതൊരു സ്ഥാപനത്തിലും കെട്ടിടത്തിലും പരിസരത്തും പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ,—

(എ) അടിയന്തര ആവശ്യം ഇല്ലെങ്കിൽ സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുവാനോ;

(ബി) അത്തരം പ്രവേശനം നടത്താനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് രണ്ട് മണിക്കൂർ മുമ്പെങ്കിലും താമസക്കാർക്ക് അറിയിപ്പ് നൽകിയിട്ടില്ലായെങ്കിൽ, താമസക്കാരുടെ സമ്മതമില്ലാതെ താമസത്തിനുള്ള പാർപ്പിടത്തിൽ പ്രവേശിക്കുവാനോ,

പാടില്ലാത്തതാകുന്നു;

77. പരിശോധന നടത്തുമ്പോഴും പിഴ ചുമത്തുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.— ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച്, പരിശോധന നടത്തുമ്പോഴും പിഴ ചുമത്തുന്നതിന് മുമ്പായും പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും അധികാരി, അതേ വിഷയത്തിൽ നടപടി എടുക്കുന്നുണ്ടോ എന്നും എടുത്തിട്ടുണ്ടോ എന്നതും കണക്കിലെടുക്കേണ്ടതും വൈരുദ്ധ്യമുള്ള തീരുമാനമുണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

78. പൊതുജനാരോഗ്യ ഫണ്ടിന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നാലുടൻ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പൊതുജനാരോഗ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെട്ട പിഴയും മറ്റ് ഫീസുകളും ശേഖരിക്കപ്പെടുന്ന മറ്റ് തുകകളും നിർണ്ണയിക്കുന്ന പ്രകാരം ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഈ ഫണ്ടിലെ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്;

(2) ഫണ്ടിന്റെ ഭരണനിയന്ത്രണവും പ്രവർത്തനവും കണക്കുകളുടെ സൂക്ഷിപ്പും ഓഡിറ്റും മറ്റും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

79. വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം (1)-ാം ഉപവകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

80. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ അങ്ങനെയുണ്ടാക്കുന്ന ഓരോ റഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണ്.

81. ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, വിജ്ഞാപനത്താൽ ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാലപ്രാബല്യത്തോടു കൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും സർക്കാരിന്, ഈ ആക്റ്റിനാൽ പ്രകടമായി ആവശ്യമുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതുമാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിന് ശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടങ്ങൾ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരുത്തുന്നതല്ലാത്തതാകുന്നു.

82. സാധൂകരിക്കൽ.—(1) 2022-ലെ കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസിന് (2022-ലെ 15) 2023 ജനുവരി 15-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നെങ്കിലും, പ്രസ്തുത ഓർഡിനൻസിലെ ശിക്ഷാവ്യവസ്ഥകൾ പ്രകാരം ചെയ്തതോ ചെയ്തതായി

കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്.

(2) ഈ ആക്ടിലെ ശിക്ഷാവ്യവസ്ഥകൾ ഒഴികെയുള്ള വ്യവസ്ഥകൾ അനുസരിച്ച് ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി വരെയുള്ള കാലയളവിനുള്ളിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ അവ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്നുവെങ്കിൽ ആ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടാവുന്നിടത്തോളവും അവ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളവും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2023 മാർച്ച് 20.

**എ. എം. ബഷീർ,**
*സെക്രട്ടറി.*